24033

# ഉന്മത്തൻ

*

കെ. എൻ. ഗോപാലപ്പിള്ള

240338

240338

# ഉന്മാദന്

കെ. എൻ. ഗോപാലപിള്ള

240338

# ഉന്മത്തൻ.

ഗ്രന്ഥകർത്താ,

കെ. എൻ. ഗോപാലപിള്ള എം. എ.,
പരവൂർ.

ശ്രീരാമവിലാസം പ്രസ്സ്
കൊല്ലം.

K. N. Gopala Pillai, B. A.
American College, Madura.

ഒന്നാം പതിപ്പ് കാപ്പി 1000.

പകർപ്പവകാശം ഗ്രന്ഥകർത്താവിന്.

[വില ണ ൮

1113/1938.

894.83
GOP

# മുഖവുര.

ഈ കൃതി എഴുതാൻ ആരംഭിച്ചിട്ട് ഇപ്പോൾ രണ്ടിലധികം വർഷങ്ങൾ കഴിഞ്ഞു. സാമാന്യലോകം അല്പം പ്രാധാന്യം കല്പിച്ചുവരുന്ന എം. ഏ. പരീക്ഷ കടന്നുകൂടാനുള്ള ശ്രമത്തിൽ ഒരു കൊല്ലം 'ഉന്മത്ത'ന്റെ കഥ നിശ്ശേഷം വിസ്മരിക്കേണ്ടിവന്നു. കഴിഞ്ഞ കൊല്ലം കഥാനായകന്റെ അഭിഭാഷകവൃത്തിവരെ എഴുതിത്തീർത്തു. ഈയാണ്ടു ചിങ്ങത്തിൽ ഈ ഗ്രന്ഥം പൂർത്തിയാക്കണമെന്നൊരു പ്രസക്തി തോന്നി. ഇന്നേദ്ദിവസം, അതായതു് കന്നിമാസം ൧൮-ാംനു എഴുതിത്തീർക്കുകയും ചെയ്തു. ഇതിൽ പ്രതിപാദിച്ചിട്ടുള്ള കനകപുരിയും നാകപുരിയും എന്നു മാത്രമല്ല സകല കഥാപാത്രങ്ങളും കേവലം സങ്കല്പജന്യങ്ങളാണു്. രാജ്യത്തിന്റെ അവസ്ഥ നന്നാകണമെന്നുള്ള മനഃപൂർവ്വമായ ഉദ്ദേശ്യത്താലാണു് ചില സമുദായവൈകല്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. അല്ലാതെ വ്യക്തിപരമായ വിദ്വേഷം വെളിവാക്കുന്നതിനു് ഗ്രന്ഥത്തിന്റെ പരിശുദ്ധ ശരീരം അശുദ്ധമാക്കുന്ന ബാലിശനയം ഞാൻ ഒരിക്കലും സ്വീകരിച്ചിട്ടില്ല. ഈ മുഖവുരയോടുകൂടി ഈ ഗ്രന്ഥം മഹാജനസമക്ഷം വിനയപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

4 - 10 - 37 }
മധുര. }

ഗ്രന്ഥകർത്താ.

# വിഷയവിവരം.


അദ്ധ്യായം 1. ജനനവും ബാല്യവും.

" 2. ഇംഗ്ലീഷ്സ്കൂൾ ജീവിതം.

" 3. കാളെജ്ജും ലാക്കാളെജ്ജും.

" 4. ഉദ്യോഗശ്രമവും വക്കീൽവൃത്തിയും.

" 5. പത്രപ്രവർത്തനം.

" 6. ഗ്രന്ഥകർത്തൃത്വം.

" 7. നിയമസഭാസാമാജികത്വം.

" 8. പൊതുജനസേവനപ്രസക്തി.

" 9. പശ്ചാത്താപം.

" 10. ധർമ്മബോധം.

# ഉന്മത്തൻ.

## അദ്ധ്യായം ഒന്നു്.

### ജനനവും ബാല്യവും.

ഉന്മത്തൻ എന്ന പേർ കേൾക്കുമ്പോൾ നിങ്ങൾ മന്ദസ്മിതം തൂകുമെന്നുള്ളതു് മിക്കവാറും നിശ്ചയമാണു്. എന്നാൽ ഇപ്രകാരം ബഹുമാന്യനായ ഒരുവൻെറ ചരിത്രം പൊതുജനങ്ങൾക്കു സർവ്വദാ ഉപകാരപ്രദമായിത്തീരുമെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടി ഈ കഥ ഇതാ തുടങ്ങുന്നു. ഉന്മത്തൻെറ ജനനമുഹൂർത്തത്തെപ്പററി പലരും പറഞ്ഞുകേട്ടിട്ടുണ്ടു്. നല്ല അർദ്ധരാത്രി സമയം; പേമാരി ഭയങ്കരമായി ചൊരിയുന്നു; ജംബുകാദികൾ സ്വച്ഛന്ദം ബഹളം കൂട്ടുന്നു; ഒരു ചെറിയ ഭൂകമ്പത്തിൻെറ ലക്ഷണവും കണ്ടുതുടങ്ങുന്നു; ഈ മുഹൂർത്തത്തിലത്രേ ഉന്മത്തൻ ഭൂലോകജാതനായതു്. ചില വികൃതരായ നടന്മാർ കഥാസന്ദർഭത്തെപ്പററി ലേശവും ചിന്തിക്കാതെ ഹിന്ദുസ്ഥാനിഗീതങ്ങളും മുഴക്കിക്കൊണ്ടു് രംഗപ്രവേശം ചെയ്യുന്നതുപോലെ, ഉന്മത്തൻ ഒരു ഭീമമായ അട്ടഹാസത്തോടുകൂടി ലോകരംഗത്തിൽ പ്രവേശിച്ചു. ബന്ധുജനങ്ങൾ അന്ധാളിച്ചു. 'അമ്പേ! കാലൻെറ വിളി' എന്നു് അയൽക്കാരിയായ ഒരു വൃദ്ധ ഉച്ചരിച്ചുപോയതിൽ ആ സാധ്വിയോടു പരിഭവിച്ചിട്ടു കാര്യമില്ല.

ഉണ്മത്തൻ ദ്രുതഗതിയിൽ വളൎന്നുതുടങ്ങി. മാതൃസ്തന്യം കൊണ്ടു് അവൻ അശേഷം തൃപ്തനായില്ല. ദന്താങ്കുരത്തിനു മുൻപുതന്നെ അവൻ മററുള്ള ആഹാരസാധനങ്ങൾക്കും അവകാശിയായിത്തീൎന്നു. അവന്റെ സങ്കടവും നീങ്ങി. ആഹാരനിദ്രാദികൾക്കു് ക്ലിപ്തസമയം എന്നുള്ള നിയമം ഉണ്മത്തനു് അന്നേതന്നെ തീരെ ഇഷ്ടമല്ല. പ്രതിബന്ധ വിദ്വേഷശീലം കൂടെപ്പിറപ്പെന്നപോലെ അവനിൽ കുടി കൊണ്ടിരുന്നു. തന്റെ മനസ്സിനു വിപരീതമായി കൈക്കു പിടിക്കുകയോ ചുംബിക്കുകയോ ചെയ്യുന്നവരെ ദന്തങ്ങൾ പ്രയോഗിച്ചു് ശിക്ഷിക്കുന്നതിൽ അവൻ സദാ ഉൽസുകനാ യിരുന്നു. ക്രമേണ വിദ്വാൻ നടന്നുതുടങ്ങി. സമപ്രായ ക്കാരെ തലമുടിയിൽപിടിച്ചുവലിച്ചും, കണ്ണിൽ പൂഴി കോരി എറിഞ്ഞും ക്ലേശിപ്പിക്കുന്നതു് ഈ ബാലനു് അത്യന്തം സന്തോഷപ്രദമായിരുന്നു. അവന്റെ മാതാപിതാക്കന്മാർ സാധാരണമായി അവനെ ശിക്ഷിക്കുക പതിവില്ല. അഥവാ ശിക്ഷ നൽകിയാൽ, പൂഴിയിൽ കിടന്നുരുണ്ടും ധരിച്ചിരി ക്കുന്ന വസ്ത്രം കടിച്ചുകീറിയും ഉണ്മത്തൻ തന്റെ കോപം ശമിപ്പിച്ചുവന്നു. ഈ ഉപദ്രവത്താലായിരിക്കാം: 'കുട്ടികൾ സ്വേച്ഛാനുസരണം വളരുന്നതാണു നല്ലതു്' എന്നു് ഉണ്മ ത്തന്റെ പിതാവിനു പലരോടും പറയേണ്ടിവന്നതു്. സ്ഫടികസാമാനങ്ങൾ ഉടയ്ക്കുന്നതിലും പുസ്തകങ്ങൾ വലി ച്ചുകീറുന്നതിലും ഉണ്മത്തന്റെ സാമൎത്ഥ്യം അന്യാദൃശമായി രുന്നു.

ക്രമേണ പള്ളിക്കൂടം, വാധ്യാർ എന്നും മററുമുള്ള ചില 'നിരൎത്ഥപദങ്ങൾ' ഉണ്മത്തന്റെ കൎണ്ണങ്ങളിൽ പതി ച്ചുതുടങ്ങി. വിദ്യാരംഭത്തിനുള്ള വിശേഷമുഹൂൎത്തവും സമാ ഗതമായി. സ്വഭവനത്തിന്റെ കിഴക്കേത്തളത്തിൽ സര സ്വതിയുടെ ചിത്രവും മററും സജ്ജമാക്കി അലങ്കരിച്ചിരുന്ന സ്ഥലത്തേക്കു് പിതാവു പുത്രനെ നയിച്ചു. സമീപവാസി

യായ ഒരദ്ധ്യാപകനും അവിടെ ഹാജരുണ്ടായിരുന്നു. ഉന്മത്തൻ അവിടെ ചെന്ന ഉടൻതന്നെ വിളക്കു പൊലിച്ചു; എണ്ണയശേഷം തറയിൽ ഒഴിച്ച് അതു വിചിത്രാകൃതിയിൽ നിലത്തു പരക്കുന്നതുകണ്ടു രസിച്ചു. സരസ്വതിയുടെ ചിത്രമെടുത്ത് തറയിലടിച്ച് അതിൻെറ കണ്ണാടി പൊട്ടിച്ചു. ഈ അവസരത്തിൽ ഗുരുഭൃത്യരുടെ മുഖത്തുണ്ടായ ഭാവഭേദം കാണേണ്ടതുതന്നെയാണ്. അദ്ദേഹം ഗൃഹാധിപൻെറ മുഖത്തേക്കു നോക്കി. പുത്രനെ പ്രഹരിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തു നല്ലപോലെ മനസ്സിലാക്കിയിരുന്ന പിതാവ്:- "സാരമില്ല, കുഞ്ഞുങ്ങളല്ലേ? ഇവൻ വലിയ കുസൃതിക്കാരനായിട്ടാണു പുറപ്പെട്ടു" എന്നു പറഞ്ഞ് വിളക്കും മററും വീണ്ടും ഒരുക്കി. ഗുരുഭൃത്യർ മൌനം അവലംബിച്ചതേ ഉള്ളൂ. എന്നാൽ അദ്ദേഹത്തിൻെറ ഉള്ളിൽ ഉണ്ടായ വിചാരം എന്താണെന്നു നോക്കാം:—

"കഷ്ടം! ഇങ്ങനെയും കുട്ടികളെ വളർത്താറുണ്ടോ? കുട്ടികളെ ലാളിച്ചുവളർത്തണമെന്നു ചിലർ സിദ്ധാന്തിക്കുന്നു; താഡിക്കണമെന്നു മററു ചിലരും. ഇതിൽ ഏതു മതമാണു സ്വീകാര്യമെന്നു തീർത്തുപറവാൻ വിഷമമാണ്. ഔചിത്യബോധമാണ് ഈ വിഷയത്തിൽ ആവശ്യം വേണ്ടത്. ഈ ബാലൻെറ പ്രവൃത്തികൾ കണ്ടിട്ട് എൻെറ മനസ്സിൽ വലുതായ കുണ്ഠിതം തോന്നുന്നു. ഇവനെ മാത്രം കുററപ്പെടുത്താനും എൻെറ മനസ്സനുവദിക്കുന്നില്ല. മനുഷ്യർക്ക് ജനനാൽത്തന്നെ ഓരോ വാസനകളുണ്ടായിരിക്കുക സാധാരണമാണ്. എന്നാൽ അവയെ സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ച് സദ്വാസനകളെ മാത്രം വേണ്ടവണ്ണം പോഷിപ്പിക്കേണ്ടതു മാതാപിതാക്കന്മാരുടെ കടമയത്രേ. ഒരു ബാലൻെറ മനസ്സ് വെള്ളവസ്ത്രംപോലെയാണ്. അതിൽ പിടിക്കുന്ന നിറം ചുവപ്പായാലും കറുപ്പായാലും, പിൽക്കാലത്ത് അതിനെ മാററി പ്രതിഷ്ഠിക്കുക എന്നുള്ളതു മിക്കവാറും അസാദ്ധ്യ

മാണ്. ഒരു ബാലന് ഏഴു വയസ്സാകുമ്പോൾ അവൻെറ സ്വഭാവം ശാശ്വതമായി പ്രതിഷ്ഠിതമാകുമെന്ന് ഒരു മഹാൻ പറഞ്ഞിട്ടുള്ളതിലും വാസ്തവമില്ലെന്നില്ല. ഈ മാതാപിതാക്കന്മാരാകട്ടെ ഇവൻെറ ഇഷ്ടത്തിനൊത്തു ക്രൂ ത്താടുന്നു! കഷ്ടം! ഇങ്ങനെയാണോ പുത്രവാത്സല്യം പ്രകടിപ്പിക്കേണ്ടതു്? ഛെയ്! ഇവനെ വിദ്യാരംഭം ചെയ്യിക്കുക എന്നുള്ള ഭാഗ്യദോഷം എനിക്കും സിദ്ധിച്ചു! എന്തെങ്കിലും കൃത്യം നിറവേററിട്ടു പോവുകതന്നെ. വാസ്തവത്തിൽ ബാലികാബാലന്മാർക്കല്ല, പ്രായം ചെന്ന സ്ത്രീപുരുഷന്മാർക്കാണു് നിർബന്ധവിദ്യാഭ്യാസം നടപ്പിലാക്കേണ്ടതു്. ഈ സംഗതി കണ്ടുപിടിച്ച മുസ്സലിനി തുടങ്ങിയുള്ളവർ ബുദ്ധിമാന്മാരാണു്............"

ഉന്മത്തൻ എഴുതാനിരുന്നു; അവനെക്കൊണ്ടു് 'ഹരി' എന്നു പറയിക്കാൻ ഗുരു വളരെ പണിപ്പെട്ടു. എഴുതാൻ തയ്യാർ ചെയ്തിരുന്ന 'അരി' കുറെ വാരിയെടുത്തു് അദ്ദേഹത്തിൻെറ മുഖത്തിൽ എറിഞ്ഞാൽ കൊള്ളാമെന്നു ബാലനു തോന്നി. എന്നാൽ ഭാഗ്യത്താൽ അവൻ അപ്രകാരം ചെയ്തില്ല. അദ്ദേഹത്തിൻെറ ഗൌരവഭാവം അവനിൽ വലുതായ കോപവും അല്പമായ ഭയവും ജനിപ്പിച്ചു. എന്തെങ്കിലും അവൻ രണ്ടുമൂന്നക്ഷരങ്ങളെഴുതി; ഇങ്ങനെ വിദ്യാരംഭവും കഴിഞ്ഞു.

അടുത്ത ശുഭമുഹൂത്തത്തിൽ ഉന്മത്തൻ സമീപത്തുള്ള പ്രാഥമികവിദ്യാലയത്തിലെ ഒരംഗമായിത്തീൻ്നു. ചില അധ്യാപകന്മാരുടെ സ്വഭാവം അവനു തീരെ രസിച്ചില്ല. രോഗിയും ശുചിത്വമില്ലാത്തവനുമായ ഒരധ്യാപകനാണു് ഉന്മത്തൻെറ ക്ലാസ് ഭരിച്ചുവന്നതു്. ആ മനുഷ്യൻ മൂന്നു കാൽ മാത്രമുള്ളതും ഒടിഞ്ഞുപോയ കാലിൻെറ സ്ഥാനത്തു് ചെങ്കല്ലുകൾ അടുക്കി താങ്ങിനിറുത്തിയിരുന്നതുമായ സ്ററൂളിൽ വന്നിരുന്നു് ഒരു വാനരത്താനെപ്പോലെ 'ഉറക്കം

ത്തുണ്ടുക' പതിവായിരുന്നു. ഒന്നാംവാദ്ധ്യാർ ആ വഴി വരുമ്പോൾ വിദ്വാൻെറ ഭാവം മാറും; ചൂരൽ കൈയിലെടുക്കും; ഉച്ചത്തിൽ ചില വാക്കുകൾ പറയും; മിക്കവാറും വെള്ള നിറമായിത്തീർന്നിട്ടുള്ള 'ബോർഡിൽ' ചില അക്ഷരങ്ങൾ എഴുതും; അത്രേ ഉള്ളൂ. ഉന്മത്തനു് ഒരു 'ബുദ്ധി തോന്നി.' ഒരു ദിവസം സ്റൂളിനു താങ്ങായി വച്ചിരുന്ന ചെങ്കല്ലുകൾ അവൻ ഗൂഢമായി മാററംചെയ്തു. അദ്ധ്യാപകൻ വിവരം മനസ്സിലാക്കാതെ പതിവുപോലെ വന്നു് സ്റൂളിൽ ഇരിക്കുകയും ഉടൻതന്നെ നിലംപതിക്കുകയും ചെയ്തു. കുട്ടികൾ കൂകിവിളിച്ചു! ഒന്നാം വാദ്ധ്യാർ സ്ഥലത്തുവന്നു് വിചാരണ നടത്തി; തൽഫലമായി ഉന്മത്തനു് 'അര ഡസൻ' അടി കിട്ടി. എന്നാൽ ഈ ശിക്ഷ അയാൾ അത്ര കാര്യമായി കരുതിയില്ല; സഹപാഠികളുമായി മിക്ക ദിവസങ്ങളിലും നടത്തിവന്നിരുന്ന ലഹള കുറച്ചുമില്ല. എന്നാൽ പാഠങ്ങൾ പഠിക്കുന്ന വിഷയത്തിൽ ഉന്മത്തൻ ഒട്ടും ഉദാസീനത കാണിച്ചിരുന്നില്ലെന്നുള്ളതും ആശ്വാസജനകമാണു്. ചില അവസരങ്ങളിൽ ഇവൻെറ കുസൃതിച്ചോദ്യങ്ങൾക്കു് ഉത്തരം പറവാൻ പഴുതില്ലാതെ അദ്ധ്യാപകന്മാർപോലും വിഷമിച്ചിട്ടുണ്ടു്.

ഒരിക്കൽ അസിസ്റ്റൻറു് ഇൻസ്പെക്ടർ പള്ളിക്കൂടം പരിശോധനയ്ക്കായി വന്നുചേർന്നു. അന്നേദ്ദിവസം അദ്ധ്യാപകന്മാരെല്ലാവരും രാവിലെ കുളികഴിഞ്ഞു വെള്ളവസ്ത്രം ധരിച്ചു് കൃത്യസമയത്തിനു മുൻപുതന്നെ സ്കൂളിൽ ഹാജരുണ്ടായിരുന്നു. ക്ലാസുകളിൽ അദ്ധ്യാപനം അഭൂതപൂർവ്വമായി നടന്നു. ഉന്മത്തനും ഒരു നവോന്മേഷത്തോടുകൂടി ക്ലാസിൻെറ മുന്നണിയിൽ സ്ഥലംപിടിച്ചു. അസിസ്റ്റൻറു് ഇൻസ്പെക്ടർ പ്രാഥമികവിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വലിയ ഉദ്യോഗസ്ഥനാണല്ലോ. അദ്ദേഹം സഗൌരവം ഉന്മത്തൻെറ ക്ലാസിൽ പ്രവേശിച്ചു. അവൻ

പെട്ടെന്നെഴുന്നേററു് 'ഗുഡ്മാണിങ് സലാം' എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഇൻസ്പെക്ടർ പെട്ടെന്നു തിരിഞ്ഞു് ബാലൻെറ മുഖത്തു നോക്കുകയും ഉണ്ടായ ചിരി അമൎത്തുന്നതിനു് ഒട്ടു പണിപ്പെടുകയും ചെയ്തു. അദ്ദേഹം കസേരയിൽ ഇരുന്നു. അന്നത്തേയ്ക്കു് അയൽപക്കത്തുള്ള ഒരു ഭവനത്തിൽനിന്നും ഇരവൽവാങ്ങിയിരുന്ന നാലു കസേരകളിൽ ഒന്നായിരുന്നു അതു്. അദ്ധ്യാപകൻെറ നിത്യസഹവാസിയായ ഒടിഞ്ഞ സ്ററൂൾ സമീപത്തുള്ള മൈതാനത്തുകിടന്നു് ആതപസ്നാനം നടത്തുകയായിരുന്നു. ഇൻസ്പെക്ടർ ഹാജർപുസ്തകം പരിശോധിച്ചിട്ടു് അദ്ധ്യാപകനോടു്, 'എടോ! നോട്ടുകൊണ്ടുവരൂ' എന്നാജ്ഞാപിച്ചു. അദ്ധ്യാപകൻ പേടിച്ചു വിറച്ചു; "ഇന്നത്തെ നോട്ടു് ഇതാ ഈ കടലാസിൽ എഴുതീട്ടുണ്ടു്. പഴയ നോട്ടുബുക്കു് എഴുതിത്തീരുകയാൽ കൊണ്ടുവന്നില്ല." എന്നു പറഞ്ഞു് കടലാസു് മേശപ്പുറത്തു വച്ചു. ഇൻസ്പെക്ടർ അതെടുത്തു ശകലങ്ങളായി കീറി ദൂരത്തെറിഞ്ഞിട്ടു് പരുഷസ്വരത്തിൽ ഇങ്ങനെപറഞ്ഞു:—'തന്നോടു നോട്ടു കൊണ്ടുവരാതെ പഠിപ്പിക്കരുതെന്നു് മുൻപും പറഞ്ഞിട്ടില്ലേ? ഇറങ്ങൂ പുറത്തു്. ഇന്നു നാലുമണിവരെ താൻ ഈ വരാന്തയിൽ നില്ക്കൂ." വാധ്യാർ വിഷണ്ണനായി പടിവാതുക്കൽപോയി നിലകൊണ്ടു.

അപ്പോഴത്തെ വിഷയം വാക്യരചനയായിരുന്നു. ഇൻസ്പെക്ടർ കുട്ടികളോടു്: 'നിങ്ങളുടെ ക്ലാസിനെപ്പററി അഞ്ചു വാചകം പറയുക' എന്നു പറഞ്ഞു. ഉന്മത്തൻ ഉത്സാഹഭരിതനായി എഴുന്നേററു് ഇപ്രകാരം പറഞ്ഞു:- "ഈ ക്ലാസുമുറി ഇന്നു ഭംഗിയായി തൂത്തു. ഒടിഞ്ഞ സ്ററൂളിനു പകരം കസേര കൊണ്ടുവന്നു. സാർ നല്ല മുണ്ടുടുത്തിരിക്കുന്നു. സാർ ഉറക്കംതൂങ്ങിയില്ല. ടൈംടേബിളും പുത്തനായി എഴുതിഒട്ടിച്ചിരിക്കുന്നു. മണിഅടിച്ചപ്പോൾ സാറന്മാർ എല്ലാരുംവന്നു. എന്നുംഇങ്ങനെയായാൽകൊള്ളാം."ഒന്നാം

വാദ്ധ്യാർ പൊളിഞ്ഞ മരത്തട്ടിയുടെ ഇടയിൽക്കൂടി നോക്കിനിന്നു പല്ലുഞെരിച്ചതുകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. ക്ലാസുവാദ്ധ്യാരുടെ അപ്പോഴത്തെ മുഖഭാവം കാണേണ്ടതുതന്നെയായിരുന്നു! ഇൻസ്പെക്ടരുടെ കോപം അനന്നിമിഷം വദ്ധിച്ചുവന്നതേഉള്ളു. എന്നാൽ ഈമാതിരി വിദ്യാലയങ്ങളിൽ കാണുന്ന ന്യൂനതകൾ അവധാനപൂർവ്വം കണ്ടുപിടിച്ചു, തദധിപന്മാർക്കു വേണ്ട ഉപദേശം നൽകുന്നതിന്ന ദ്രുതകോപിയായ അദ്ദേഹത്തിന്നു സാധിച്ചമില്ല.

എൻെറ മാന്യവായനക്കാരേ! നിങ്ങൾ ഉണ്ണിത്തനെ കുററപ്പെടുത്തിയേയ്ക്കാം. എന്നാൽ പരമാത്ഥത്തിൽ അവൻ നിരപരാധിയാണു; അവൻെറ ബാലബുദ്ധിയിൽ തോന്നിയതു പുറത്തു പറഞ്ഞുവെന്നേ ഉള്ളു. ഇന്നത്തെ പല പ്രാഥമികവിദ്യാലയങ്ങളുടേയും കഥ ഇങ്ങനെതന്നെയാണു. ഇവയുടെ ശോച്യാവസ്ഥയെപ്പററി നാം വേണ്ടിടത്തോളം ചിന്തിക്കുന്നുണ്ടോ? ഈ ജീണ്ണിച്ച കെട്ടിടങ്ങളിലല്ലേ നമ്മുടെ രാജ്യത്തിൻെറ ജീവനാഡി അടിച്ചുകൊണ്ടിരിക്കുന്നതു? ധനവാൻെറയും ദരിദ്രൻെറയും ബാലികാബാലന്മാർ തങ്ങളുടെ സ്വഭാവരൂപവൽക്കരണം സാധിക്കുന്നതു ഈ മാതിരി സ്ഥാപനങ്ങളിലല്ലേ? ജമ്മനി, ഇംഗ്ലണ്ടു, ഇററലി, അമേരിക്കാ മുതലായ രാജ്യങ്ങളിൽ പ്രാഥമികവിദ്യാലയങ്ങൾ എത്ര പരിഷ്കൃതരീതിയിൽ നടത്തപ്പെടുന്നു എന്നുള്ള സംഗതി നാം ഓക്കുന്നില്ല. ഓരോ ഗ്രാമത്തിലും ഉത്തമരീതിയിൽ നടത്തുന്ന ഒന്നോ രണ്ടോ പ്രാഥമികവിദ്യാലയങ്ങൾ ഉണ്ടായിരിക്കണം. അവയുടെ മേൽനോട്ടം വഹിക്കേണ്ടതു വിദ്യാസമ്പന്നരും ആദശശുദ്ധിയുള്ളവരും പൊതുജനസമ്മതന്മാരുമായ മാതൃകാപുരുഷന്മാരാണു. ഗ്രാമത്തിലുള്ളവരെല്ലാം, വിശേഷിച്ചും ധനികന്മാർ, ഈമാതിരി സ്ഥാപനങ്ങൾക്കു യഥാശക്തി സംഭാവനകൾ നൽകണം. ഗവണ്മെൻറിൻെറ മേൽനോട്ടം കൊണ്ടുമാത്രം വിദ്യാലയങ്ങൾ വഴി

യാംവണ്ണം നടന്നുപോകുമെന്നു സമാധാനപ്പെടുന്നതു ശരിയല്ല. വർഷത്തിൽ ഒരു പ്രാവശ്യം ബദ്ധപ്പെട്ടുവന്നു്, പലപ്പോഴും വേണ്ടാത്തതു പലതും ചെയ്കയും, വേണ്ടുന്നതു വിസ്മരിക്കയും ചെയ്യുന്ന അധികൃതന്മാരെക്കൊണ്ടു തക്കതായ പ്രയോജനം ഒന്നുമില്ല. അതിനാൽ പൊതുജനങ്ങളുടെ ഗുരുതരമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടിയിരിക്കുന്നു. ഓരോ പ്രാഥമികവിദ്യാലയത്തോടും ചേന്നു് ഒരു വായനശാലകൂടി ഉണ്ടാകുന്നപക്ഷം ആ വിദ്യാലയത്തിനും ദേശത്തിനും അതു് ഒരു പരമാനുഗ്രഹമായിരിക്കും.

നമുക്കു് ഉന്മത്തന്റെ കഥ തുടരാം. ഇൻസ്പെക്ടരെ ഇപ്രകാരം പല രഹസ്യങ്ങളും ധരിപ്പിച്ചതിനു് അദ്ധ്യാപകന്മാർ ഓരോരുത്തരും, പ്രത്യേകിച്ചു് ഹെഡ്മാസ്റ്ററും അവനെ ശകാരിച്ചു. എന്നാൽ അവൻ അതൊന്നും ഗണ്യകോടിയിൽ കരുതിയില്ല. ഇങ്ങനെ കൊല്ലം നാലുകഴിഞ്ഞു. ഉന്മത്തൻ നാലാംക്ലാസ്സ് ജയിച്ച സർട്ടിഫിക്കെറേറാടുകൂടി ആ പ്രാഥമികവിദ്യാലയത്തോടു യാത്രപറഞ്ഞു.

---

## അധ്യായം രണ്ടു്.

---

### ഇംഗ്ലീഷ്സ്കൂൾ ജീവിതം.

താമസിയാതെ ഉന്മത്തൻ സ്വഭവനത്തിനടുത്തുള്ള ഇംഗ്ലീഷ് മിഡിൽസ്കൂളിലെ വിദ്യാൎത്ഥിപദം അലങ്കരിച്ചു. തന്റെ സഹപാഠികളിൽ മിക്കവരും നിയമപ്രകാരമുള്ള ഫീസിന്റെ പകുതിഫീസും കാൽഫീസുമാണു നൽകിവന്നിരുന്നതെന്നു് ഉന്മത്തൻ മനസ്സിലാക്കി. അവൻ പിതാവി

ന്നെ വിവരം ഗ്രഹിപ്പിച്ചു. തൽഫലമായി അവന്റെ ഫീ
സും ‘അരഫീസാ’യി പരിണമിച്ചു. ഉന്മത്തന്റെ നടപടി
കൾ ആകപ്പാടെ ഒന്നുമാറി. അവൻ ഇംഗ്ലീഷ്‌വാക്കുകൾ
നിഷ്പ്രയാസം പറയുന്നതുകേട്ട് മാതാപിതാക്കന്മാർ വ
ളരെ സന്തോഷിച്ചു. അവന്റെ മാതാമഹിക്കുണ്ടായ സ
ന്തോഷം എങ്ങനെ വർണ്ണിക്കേണ്ടു? തന്റെ തങ്കക്കുട്ടൻ ‘പൂ
ട്ടീസും ശരായിയുമിട്ട്” ഉദ്യോഗസ്ഥനായി വന്നു കയറുന്നതു
കാണാൻ ആ വൃദ്ധയുടെ കണ്ണുകൾ കൊതിച്ചു. ചില
പ്പോൾ ഉന്മത്തൻ അവരുടെ മുൻപാകെ ചെന്നുനിന്ന്,
“What are these”? ‘These are benches’- എന്നും മററും
പറകയും, വൃദ്ധ ഇതുകേട്ട്:—‘നോക്കു്, നിന്റെ ഒററയ്ക്കു
ഞൊന്നല്ല; എന്റെ നേരെ മല്ലിടാൻ വന്നിരിക്കുന്നോ?’ എന്നു
പറഞ്ഞു് പരിഭവിക്കയും ചെയ്ക പതിവായിരുന്നു. ക്ര
മേണ ഉന്മത്തന്നു് സ്വഭവനത്തിലെന്നപോലെ വിദ്യാലയ
ത്തിലും ഒരു ചെറിയ പ്രാമാണിത്വം സിദ്ധിച്ചുതുടങ്ങി. അ
ക്കൊല്ലം അവൻ ക്ലാസിൽ രണ്ടാമനായി ജയിച്ചു.

ഉന്മത്തൻ അധ്യയനം തുടൎന്നുവന്നു; ഒരു ദിവസം ഹെ
ഡ്മാസ്റ്റർ അമ്പരന്നു് സ്ക്കൂളിൽ ചുററി നടക്കുന്നതു് അ
വൻ കാണുകയുണ്ടായി. മുററമൊക്കെ വെടിപ്പാക്കുന്നതി
ലെന്നു മാത്രമല്ല, ക്ലാസുകളിലെ ബോൎഡുകളിൽ ചായംതേ
യ്ക്കുക, പടങ്ങൾ ഒട്ടിക്കുക, ബെഞ്ചുകൾ നന്നാക്കുക എന്നി
ങ്ങനെ പല ജോലികളിലും ഹെഡ്മാസ്റ്റർ ദത്തശ്രദ്ധനാ
യിരുന്നു. ഉന്മത്തൻ ജിജ്ഞാസാപൂൎവ്വം അന്വേഷണം നട
ത്തിയതിൽ സ്ക്കൂൾ ഇൻസ്പെക്ടർ പിറേറദ്ദിവസം പരി
ശോധനയ്ക്കു വരുന്നുണ്ടെന്നു് അവന്നു് അറിവുകിട്ടി. കുട്ടി
കളെല്ലാവരും അടുത്ത ദിവസം നല്ലമുണ്ടും ഉടുപ്പും ധരിച്ചുവ
രണമെന്നും, നോട്ടുബുക്കുകളൊന്നുംതന്നെ കൊണ്ടുവരാൻ
മറന്നുപോകരുതെന്നും മററും ഹെഡ്മാസ്റ്ററുടെ ഒരു സ്വ
കാൎയ്യനോട്ടീസും ക്ലാസുകളിൽ വായിക്കുകയുണ്ടായി. ഉന്മ

ത്തൻ ഉത്സാഹഭരിതനായി സ്വഭവനത്തിൽ വന്നുചേൎന്നു. അവൻ ബദ്ധപ്പെട്ടാണു് അന്നത്തെ രാത്രി കഴിച്ചതു്. പിറേറദ്ദിവസം രാവിലെ അവൻ പുതിയ ഉടുപ്പും തൊപ്പിയും ചെരുപ്പും ധരിച്ചു് സ്കൂളിലേയ്ക്കു യാത്രയായി. ഈ യാത്രകണ്ടു് വൃദ്ധ എത്രമാത്രം സന്തോഷിച്ചിരിക്കുമെന്നു് വായനക്കാർ ഊഹിച്ചുകൊള്ളുകയത്രേ നന്നു്.

ഉന്മത്തൻ ക്ലാസിൽ വന്നുകയറി. അവന്റെ വേഷധാടികണ്ടു് വിദ്യാൎത്ഥികൾ പലരും കൂകിവിളിച്ചു. അവരിലൊരുവൻ അവന്റെ പിൻഭാഗത്തുകൂടിവന്നു് തൊപ്പി വലിച്ചെടുത്തു. ഉന്മത്തനു് അതികഠിനമായ കോപം ഉണ്ടായി, ഉടൻതന്നെ അവൻ പിറകോട്ടു തിരിഞ്ഞു് അപരാധിയുടെ ചെകിട്ടത്തു രണ്ടടി അടിച്ചു. അടികൊണ്ട വിദ്യാൎത്ഥി തന്റെ കൈയിലിരുന്ന പുസ്തകംകൊണ്ടു് ഉന്മത്തന്റെ തലയിലടിച്ചു. ഇങ്ങനെ യുദ്ധം നടക്കവേ ഡ്രിൽ മാസ്റ്റർ സ്കൂളിൽ വന്നുചേൎന്നു. ഈ മനുഷ്യൻ സാധാരണ ശമ്പളം വാങ്ങുന്ന ദിവസമല്ലാതെ സ്കൂളിൽ വരിക പതിവില്ല; താമസസ്ഥലവും സ്കൂളിൽനിന്നും അഞ്ചാറുനാഴിക അകലെയാണു്. ഗൃഹഭരണം, കൃഷി, കേസ്സു് മുതലായവയാണു് പ്രധാന ജോലികൾ; സ്കൂളിലെ അധ്യാപനം ഒരു വിനോദമായിട്ടു മാത്രമേ കരുതിയിട്ടുള്ളു. എന്നാൽ അന്നു് ഇൻസ്പെക്ടർ വരുന്ന ദിവസമാകയാൽ കാലേകൂട്ടി വന്നിരിക്കയാണു്. ദ്രുതകോപിയായ ഈ വിദ്വാൻ പെട്ടെന്നു് ക്ലാസിൽ കടന്നുചെന്നു് വാദിപ്രതികളെ പ്രഹരിച്ചു് സ്ഥലത്തിരിക്കുവാൻ ആജ്ഞാപിച്ചു. ഉന്മത്തൻ ഇതുകൊണ്ടൊന്നും അടങ്ങിയില്ല. അനന്തരകരണീയം എന്തെന്നു് അവൻ തീരുമാനിക്കയും ചെയ്തു.

ഇൻസ്പെക്ടർ നിശ്ചിതസമയത്തുതന്നെ വന്നുചേൎന്നു. കൂടി ക്ലാൎക്കായ വൃദ്ധബ്രാഹ്മണനുമുണ്ടു്. സ്വജീവിതത്തിൽ

വാങ്ങിട്ടുള്ള 'കൈക്കൂലി'കളുടെ ഒരാകെത്തുക മനസ്സിലാകാത്തക്കവണ്ണം കഴുത്തിൽ ദിനംപ്രതിവളൎന്നുവന്നിരുന്ന ഒരു മുഴയും, കുണ്ടിൽ വീണിട്ടുള്ള നേത്രങ്ങളും, ചിരിക്കുമ്പോൾ കണ്ണുകൾവരെ എത്തുന്ന അധരങ്ങളും, നാലഞ്ചുദിവസത്തിനുമുൻപു് അണിഞ്ഞിട്ടുള്ള ചന്ദനക്കുറിയും, വളരെനാളായി ബന്ധനക്ലേശം അനുഭവിക്കുന്ന പിൻകുടുമയും, മഹാപുരാതനവും മക്കുണാദിക്ഷുദ്രജീവികളുടെ അധിവാസസ്ഥലവുമായ കാക്കിഉടുപ്പും പാളത്താറുംകൂടി ആകപ്പാടെ ഈ വിദ്വാൻ കാണികൾക്കു് ഒരു ബീഭത്സാകാരനായി കാണപ്പെട്ടു. ഇൻസ്പെക്റ്റർ ഹാജർപുസ്തകങ്ങൾ പരിശോധിച്ചു. കഴിഞ്ഞ നാലുദിവസത്തെ ഹാജർവിവരം അടയാളപ്പെടുത്തിയിരുന്നില്ല! അധ്യാപകന്മാരുടെ ഹാജർപുസ്തകവും ഏവംവിധംതന്നെ ആയിരുന്നു!! ഈ ജോലി കൈയേററിരുന്ന ഡ്രിൽമാസ്റ്റർ രാവിലെ നടന്ന അടിലഹളയിൽ ഇടപെടുകമൂലമാണു് ഈ പ്രമാദമുണ്ടായതു്. ഇൻസ്പെക്റ്റർ ക്ലാസുകളിലേയ്ക്കു യാത്രയായി. കണക്കുകളനുസരിച്ചു് മിക്ക കുട്ടികളും ഫീസിനു നിശ്ചയിച്ചിട്ടുള്ള തുക മുഴുവനും കൊടുത്തുവരുന്നുണ്ടെന്നു വിശ്വസിച്ചിരുന്ന ഇൻസ്പെക്റ്റർ ക്ലാസുകളിൽചെന്നു് അന്വേഷണം നടത്തിയപ്പോൾ സംഗതികൾ വ്യത്യസ്തമായി കണ്ടു. പരിശോധനകഴിഞ്ഞു് അദ്ദേഹം ഇപ്രകാരം ചിന്തിച്ചു: "ഞാൻ ഈ യാത്രയിൽ ഏകദേശം ഇരുപതു വിദ്യാലയങ്ങൾ പരിശോധിച്ചു. ഇവയിൽ ഒന്നിലെങ്കിലും കണക്കുകൾ ശുദ്ധമായിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. ഇങ്ങനെ ഗവൺമെൻറിനെ വഞ്ചിക്കുന്നതിനു് സ്കൂൾമാനേജരന്മാർ തുനിയുന്നതു കഷ്ടമല്ലേ? അധ്യാപകന്മാൎക്കു വലുതായ ശമ്പളങ്ങൾ നൽകുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു! അവൎക്കു് കിട്ടുന്നതു പത്തും പന്ത്രണ്ടും!! ചില അധ്യാപകന്മാർ ശ്രദ്ധാപൂൎവം ജോലിചെയ്യുന്നില്ല. അധ്യാപകന്മാൎക്കും വിദ്യാൎത്ഥികൾക്കും ഒരുപോലെ ഉപകാരപ്രദങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ ഈ വിദ്യാലയങ്ങളിൽ

ശേഖരിച്ചുകാണുന്നില്ല! ഇതിനൊക്കെ പരിഹാരമാൎഗ്ഗമെന്തു്? പരമാത്ഥാവസ്ഥകൾ പുറത്തുവിട്ടു തുടങ്ങിയാൽ പലരും അബദ്ധത്തിലാകും. അതിനാൽ എൻെറ മുൻഗാമികളെ തുടൎന്നു് നയകുശലതയോടുകൂടി കാൎയ്യങ്ങൾ നിൎവ്വഹിക്കുക തന്നെ." —

ഇൻസ്പെക്ടർ സ്കൂളിൻെറ മേൽഗതിയെപ്പററി ഹെഡ്മാസ്റ്ററെ പലതും ഉപദേശിച്ചു. മാനേജരുടെ ഭവനൈശ്വൎയ്യം പുലത്തിയിരുന്ന രണ്ടു പൂവൻകോഴികൾക്കു കണ്ടകശ്ശനിയുടെ മൂദ്ധന്യം അന്നായിരുന്നു. അവ നിർദ്ദയം വധിക്കപ്പെട്ടു. തൽഫലമായി നടന്ന വിരുന്നുസൽക്കാരം ഇൻസ്പെക്ടർ അവർകളുടെ മനസ്സിൽ ശേഷിച്ചിരുന്ന പരിഭവത്തെയും നാമാവശേഷമാക്കിത്തീൎത്തു. റിക്കാർട്ടുകൾ നോക്കി പുരികം ചുളിച്ചുകൊണ്ടും, കൈവിരൽ ഞൊടിച്ചു് 'രാമരാമ'ജപത്തോടുകൂടി കോട്ടാവി വിട്ടും, സ്കൂൾനടത്തിപ്പിൽ ഗുരുതരമായ പല വൈകല്യങ്ങളുമുണ്ടെന്നു സഹോദരബുദ്ധിയോടുകൂടി ചൂണ്ടിക്കാണിച്ച ക്ലാക്ക് വൃദ്ധബ്രാഹ്മണന് ഡ്രിൽമാസ്റ്റർ രഹസ്യമായി രണ്ടുറുപ്പിക സമ്മാനിച്ചതും പ്രസ്താവ്യമാണ്. ഇങ്ങനെ 'ഇൻസ്പെക്ഷൻ' എന്നു പറയുന്ന നാടകം അവസാനിക്കവേ, സ്കൂളിൻെറ അന്തർഭാഗത്തുനിന്നും ഒരു വലിയ ബഹളം കേട്ടുതുടങ്ങി. ഉന്മത്തൻ പകവീട്ടുന്ന കോലാഹലമായിരുന്നു അതു്. പ്രതിയോഗി നിലംപതിച്ചു് നിലവിളികൂട്ടി. ഹെഡ്മാസ്റ്റർ ലഹളസ്ഥലത്തേയ്ക്കു പാഞ്ഞെത്തി. ഉന്മത്തൻ കുലുങ്ങിയില്ല. അവൻ കൈയിലുണ്ടായിരുന്ന ഒരു വടികൊണ്ടു നിലംപതിച്ച വിദ്യാത്ഥിയെയും അവൻെറ സഹായികളായി ചുററിക്കൂടിയവരേയും ഇടവിടാതെ പ്രഹരിച്ചുകൊണ്ടിരുന്നു. അവർ അവനെയും ചില പതുക്കകൾ ഏല്പിക്കാതിരുന്നില്ല. ഇൻസ്പെക്ടർ 'സ്കൂളിലെ ഡിസിപ്ലിൻ കൊള്ളാമല്ലൊ' എന്നു താനറിയാതെ പറഞ്ഞുപോയി. ഉത്തരക്ഷണത്തിൽ ഹെഡ്

മാസ്റ്ററുടെ ആജ്ഞ അനുസരിച്ചു രംഗത്തു വന്നുചേൻ ഡ്രിൽമാസ്റ്റർ ലഹള നിശ്ശേഷം ശമിപ്പിക്കയും ചെയ്തു.

ഉന്മത്തൻ സന്ധ്യാസമയത്തു സ്വഭവനത്തിൽ വന്നു ചേൻ. അവൻെറ തൊപ്പി ലഹളയ്ക്കിടയിൽ ആരോ അപഹരിച്ചുകൊണ്ടുപോയിരുന്നു; ഉടുപ്പിൻെറ പല ഭാഗങ്ങളും കീറിയിരുന്നു; മുഖത്തു ചില 'പാടു'കളും കാണ്മാനുണ്ടു്. ഇതുകണ്ടു ഭയവിഹ്വലയായിത്തീൎന്ന വൃദ്ധ ഒരു മുറവിളിക്കുതന്നെ വട്ടംകൂട്ടി. ഉന്മത്തൻെറ മാതാപിതാക്കന്മാരും അന്ധാളിച്ചു. എന്നാൽ അവൻ ഇതൊന്നും സാരമാക്കാതെ ശാന്തചിത്തനായി നടന്ന വിവരങ്ങളൊക്കെ കഴിയുന്നത്ര തനിക്കനുകൂലമായ വിധത്തിൽ അവരെ ധരിപ്പിച്ചു. ഇംഗ്ലീഷ്‌വിദ്യാലയങ്ങളിൽ ഇതൊക്കെ സൎവ്വസാധാരണമെന്നായിരുന്നു നാളതുവരെയുള്ള അനുഭവജ്ഞാനം അവനെ പഠിപ്പിച്ചതു്. എങ്കിലും അവൻെറ പിതാവു പിറേറദ്ദിവസം വിദ്യാലയത്തിൽചെന്നു് ഈമാതിരി തകരാറുകളുടെ അനാശാസ്യതയെപ്പററി ഹെഡ്‌മാസ്റ്ററോടു പരാതിപ്പെടുകയുണ്ടായി.

ഇങ്ങനെ വൎഷം നാലു കഴിഞ്ഞു. ഉന്മത്തൻ സമീപത്തുള്ള ഹൈസ്ക്കൂളിൽ സ്കൂൾഫൈനൽക്ലാസ്സിൽ ചേൻ. ഇക്കാലത്തിനിടയിൽ അവൻെറ സ്വഭാവത്തിൽ സാരമായ പല വ്യത്യാസങ്ങളും വന്നിരുന്നു. ദുൎമ്മാൎഗ്ഗികളായ സ്നേഹിതന്മാരുമായുള്ള സംസൎഗ്ഗംമൂലം അവൻ പല ദുൎവിഷയങ്ങളും ഗ്രഹിച്ചു. തൽഫലമായി അവനിൽ പ്രകൃത്യാ ഉണ്ടായിരുന്നസ്വാതന്ത്ര്യശീലം ക്രമാതീതമായ ദുസ്സ്വാതന്ത്ര്യമായി പരിണമിച്ചു. അധ്യാപകന്മാരെ യേനകേനപ്രകാരേണ 'ചിംകകളിപ്പി'ക്കുന്നതിൽ ഉന്മത്തൻ ബഹുവിരുതനായിരുന്നു. തന്നോടു് അവിനയം പ്രകടിപ്പിക്കുന്ന അദ്ധ്യാപകന്മാരെ ദൂഷിച്ചു ക്ലാസ്‌മുറിയുടെ ജന്നൽപ്പടികളിലും മററും

പലതും രേഖപ്പെടുത്തുന്നതിൽ അവൻ അത്യുത്സാഹം പ്രകടിപ്പിച്ചു. ചില അദ്ധ്യാപകന്മാർ പ്രകൃത്യാ ദ്രുതകോപികളാണല്ലൊ. ഇക്കൂട്ടരുടെ കോപം പൂർവാധികം ഉജ്ജ്വലിപ്പിക്കുന്നതു ചില വിദ്യാർത്ഥികൾക്ക് അത്യന്തം രസപ്രദമാണ്. ഒരുദിവസം ഉന്മത്തൻ ക്ലാസ്സിൽവച്ച് ഒന്നു തുമ്മി. ആ തുമ്മൽ ഒരുതരം കൂക്കുവിളിപോലുള്ളതായിരുന്നു. വിദ്യാർത്ഥികൾ പൊട്ടിച്ചിരിച്ചു. അദ്ധ്യാപകനു കലശലായ കോപമുണ്ടായി. അദ്ദേഹം ഉന്മത്തനോട് എഴുനേററുനില്ക്കാനാജ്ഞാപിക്കുകയും ചെയ്തു. പിറേറദിവസം ഉന്മത്തനും കൂട്ടരുംകൂടി ഒന്നുരണ്ടു ചെറിയ തകരക്കഷണങ്ങൾ കൊണ്ടുവന്നു ക്ലാസ്സിൽ ഉണ്ടാക്കിയ ബഹളം ചില്ലറയല്ല!! ഹെഡ്മാസ്റ്ററുടെ വീരഭദ്രപ്രഭാവം ഉന്മത്തൻ അത്ര കാര്യമായി കരുതിയില്ല. ആ വിദ്യാലയത്തിൽ മാധവൻനായർ എന്നൊരദ്ധ്യാപകനുണ്ട്. വിനയസൌശില്യാദിഗുണങ്ങൾക്കു വിളനിലമായ ഇദ്ദേഹം വിദ്യാർത്ഥികളുടെയെന്നുമാത്രമല്ല നാട്ടുകാരുടെയും ഉള്ളഴിഞ്ഞ സ്നേഹത്തിനു പാത്രമായിത്തീർന്നു. സംഗീതസാഹിത്യാദിസുകുമാരകലകളിൽ ഇദ്ദേഹത്തിനുള്ള വാസനയും ജനമാനസമാകർഷിക്കുന്നതിനു പര്യാപ്തമായിരുന്നു. അനീതി കാണുമ്പോൾ മാധവൻനായരുടെ കോപം ജ്വലിച്ചു വശാവും. അതിനാൽ അസ്ഥാനത്തും ചില സംഗതികളിൽ ഇടപെട്ട് ഇദ്ദേഹം ചിലരുടെ വിരോധവും സമ്പാദിച്ചു. മനോഹരങ്ങളായ പുഷ്പലതാദികളാൽ മറഞ്ഞുകിടക്കുന്നതും ഉള്ളിൽ ക്രൂരസർപ്പാദിജീവികളെ വഹിക്കുന്നതുമായ പാഴ്കിണറുകൾപോലെ കുടിലഹൃദയവും വഹിച്ചു നടക്കുന്ന ഒന്നുരണ്ടദ്ധ്യാപകന്മാരും ആ വിദ്യാലയത്തിൽ ഉണ്ടായിരുന്നു. സ്നേഹിതന്മാരുടെ ന്യൂനതകൾ ചൂണ്ടിക്കാണിച്ച് അവരുടെ ഭാവിജീവിതത്തെ ശോഭനമാക്കിത്തീർക്കേണ്ടതു തൻെറ കർത്തവ്യമാണെന്നു ധരിച്ചിരുന്ന മാധവൻനായരുടെ പ്രസംഗം, പ്രവൃത്തി എന്നിവ ഇക്കൂട്ടർ സ്വേച്ഛാനുസരണം വ്യാഖ്യാനിച്ചു പല കുഴപ്പങ്ങ

ളും ഉണ്ടാക്കി. ഇന്നത്തെ ലോകം അത്യന്താപേക്ഷിതമായി കരുതിവരുന്ന 'തന്ത്രം' അഥവാ കുനയം മാധവൻനായർക്ക് അല്പംപോലും ഇല്ലായിരുന്നു. 'സമാനഭാവത്തെയൊരാൾകടന്നാ---ലവങ്കലുണ്ടായിതസൂയ ഞായം' എന്നുള്ള നിയമമനുസരിച്ച് മാധവൻനായരെ തരംതാഴ്ത്തുന്നതിൽ കുബുദ്ധികളായ ചില അദ്ധ്യാപകന്മാരും അവരുടെ സഹചരന്മാരായ ചില 'തൊഴിലില്ലാപ്രമാണി'കളുംഉത്സാഹിക്കാതിരുന്നില്ല. എന്നാൽ 'കർമ്മണ്യേവാധികാരസ്തേ' എന്ന തത്ത്വത്തെ മുറുകെപ്പിടിച്ചുകൊണ്ടിരുന്ന നായർ തൻെറ കർത്തവ്യം കഴിയുന്നത്ര ഭംഗിയായി നിറവേററിവന്നു.

ഉന്മത്തൻ മാധവൻനായരെ നിഷ്കളങ്കമായി സ്നേഹിച്ചിരുന്നു. അദ്ദേഹം അവസരം നോക്കി അവനു് പല സദുപദേശങ്ങളും നൽകി. തൽഫലമായി അവൻ 'പുകവലി' അല്പമൊന്നു ക്രമപ്പെടുത്തി; അദ്ധ്യയനവിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിക്കയും ചെയ്തു. അധ്യാപകന്മാരുടെ കുടകരിക്കുക, അവരുടെ നടപടികളെ വിനോദരൂപത്തിൽ അനുകരിക്കുക, മുതലായ കുസൃതികൾ മേലാൽ നന്നല്ലെന്നും അവൻ തീരുമാനിച്ചു. അക്കൊല്ലത്തെ തിരഞ്ഞെടുപ്പുപരീക്ഷയിലെന്നു മാത്രമല്ല മുഖ്യപരീക്ഷയിലും ഉന്മത്തൻ സ്തുത്യർഹമാംവണ്ണം വിജയം സമ്പാദിച്ചു. ഇങ്ങനെ നമ്മുടെ കഥാനായകൻ സ്കൂൾഫൈനൽസർട്ടിഫിക്കേററും വാങ്ങി ഹൈസ്കൂൾ വിട്ടു.

# അദ്ധ്യായം മൂന്നു്.

കാളെജും ലാക്കാളെജും.

ഉന്മത്തൻ സന്തോഷഭരിതനായി കനകപുരിയിലെ കാളെജിൽ ചേൎന്നു. അധ്യാപനരീതിയിലും മററും കണ്ടുതുടങ്ങിയ വ്യത്യാസം, പരിപൂൎണ്ണമായ സ്വാതന്ത്ര്യം മുതലായവ അവനെ അത്ഭുതപരതന്ത്രനാക്കിത്തീൎത്തു. അനേകം വിശിഷ്ടഗ്രന്ഥങ്ങളടങ്ങിയ വായനശാലയിൽചെന്നു് പുസ്തകങ്ങളും പത്രങ്ങളും പാരായണംനടത്തുന്നതിൽ അവൻ വലുതായ ഉത്സാഹം പ്രകടിപ്പിച്ചു. ഇൻറർമീഡിയററ്ക്ലാസ്സിൽ വിദ്യാൎത്ഥികളുടെ രചനാസാമൎത്ഥ്യം പരിശോധിക്കുന്നതിനു് 'കാംപൊസിഷൻ' എഴുതിക്കുക പതിവുണ്ടു്. ഒരു ദിവസം ഉന്മത്തൻ 'എൻെറ കാളെജ്ജീവിതം' എന്ന വിഷയത്തെ അധികരിച്ചു് ഒരുപന്യാസമെഴുതി. ഈവക ഉപന്യാസങ്ങൾ തിരുത്തുന്നതിനും ഭാഷാസംബന്ധമായി വേണ്ട ഉപദേശങ്ങൾ നൽകുന്നതിനും ചില 'ട്യൂട്ടർ' നാമധാരികൾ കാളേജ്ഹാളിൽ 'മദഗജമന്ദഗമനം' ചെയ്യുന്നുണ്ടായിരിക്കും. ഇവരിൽ ചിലർ സാധാരണ ചില 'റിമാൎക്ക്'കൾ മാത്രം പഠിച്ചുവച്ചു് ചുവന്ന മഷിയാൽ ഉപന്യാസത്തിൻെറ പല ഭാഗങ്ങളിലും രേഖപ്പെടുത്തുക പതിവാണു്! ഭാഷ മോശം, വാചകത്തിനു് ശ്രവണസുഖമില്ല, എന്നും മററുമാണു് ഇവരുടെ പല്ലവികൾ!! വിദ്യാൎത്ഥികളുടെ ഭാഷാരീതിയിൽ കണ്ടിരുന്ന ന്യൂനതകൾ ബുദ്ധിപൂൎവ്വം കണ്ടുപിടിച്ചു്, അവൎക്കു സാരമായ പല ഉപദേശങ്ങളും നൽകിവന്നിരുന്ന അപൂൎവ്വം ചില സമൎത്ഥന്മാരും ഇവരുടെ ഇടയിലുണ്ടായിരുന്നു. ഉന്മത്തൻെറ ഉപന്യാസം പരിശോധിച്ചതു് പൂൎവ്വപക്ഷത്തിൽപെട്ട ഒരാളായിരുന്നു. അയാൾ

ഉന്മത്തന്റെ മുഖത്തു് ഔദ്ധത്യപൂർവ്വം നോക്കി: * "Boy, your English is so bad that it makes my English also bad" എന്നു പറഞ്ഞു. ഉന്മത്തനു് കലശലായ കോപംവന്നു. അവൻ ഒരു യുദ്ധത്തിനുതന്നെ തയ്യാറായി പെട്ടെന്നെഴുനേററു: § "Well, do you know English ? You are under a hope-less mis-conception" എന്നു് ഉച്ചത്തിൽ പറഞ്ഞു. വിദ്യാർത്ഥികളിൽ പലരും 'ബലേ ബലേ' എന്നു് ആമ്രേഡനംചെയ്തു. തൽഫലമായി താമസിയാതെ നടന്ന 'കാളെജ് ഓണംഡേ'യിൽ ഉന്മത്തനു കമ്മിററിമെംബർസ്ഥാനവും സിദ്ധിച്ചു.

ഉന്മത്തനു് തീവ്രമായ മാതൃഭാഷാഭിമാനം ഉണ്ടായിരുന്നു മാധവൻനായരുടെ പ്രേരണയാൽ അവൻ ഹൈസ്കൂൾക്ലാസ്സുകളിൽവച്ചുതന്നെ ശാകുന്തളം, മയൂരസന്ദേശം, നൈഷധംചമ്പു തുടങ്ങിയുള്ള പദ്യഗ്രന്ഥങ്ങളും പല ആഖ്യായികകളും വായിച്ചിരുന്നു. കാളെജിൽ നാമമാത്രമായി നടത്തിവന്നിരുന്ന മലയാളസമാജത്തിൽ അവൻ പരമോൽസാഹിയായ ഒരംഗമായിരുന്നു. മലയാളപത്രങ്ങളും മാസികകളും അവൻ മുടങ്ങാതെ വായിച്ചിരുന്നു. 'ഓണംഡേ' ആഘോഷിക്കുന്നതിനെപ്പററിയുള്ള ആലോചനയ്ക്കു് പ്രവർത്തകസംഘം കൂടിയപ്പോൾ, പ്രസംഗങ്ങൾ ഇംഗ്ലീഷിലോ മലയാളത്തിലോ വേണ്ടതെന്നുള്ള സംഗതി വാദവിഷയമായിത്തീർന്നു. മലയാളത്തിൽതന്നെ വേണമെന്നാത്രേ ഉന്മത്തൻ കമ്മിററിയിൽ ബലമായി വാദിച്ചതു്: "ഛെയ്! മലയാളത്തിനു് Seriousness ഇല്ല" എന്നും മററും ഭൂരിപ

---

* നിങ്ങളുടെ ഇംഗ്ലീഷു് എന്റെ ഇംഗ്ലീഷുകൂടി വഷളാക്കത്തക്കവണ്ണം മോശമായിരിക്കുന്നു.

§ ഓഃ നിങ്ങൾക്കിംഗ്ലീഷറിയാമോ? നിങ്ങൾ ഒരു ഭീമമായ തെററിദ്ധാരണയിലകപ്പെട്ടിരിക്കയാണു്.

ക്ഷം അംഗങ്ങൾ അഭിപ്രായപ്പെട്ടുകയാൽ ഉന്മത്തൻ ഭഗ്നോത്സാഹനായിത്തീൎന്നു. 'കഷ്ടം! മാതൃഭാഷാപരിജ്ഞാനം സമ്പാദിക്കാത്ത ഇക്കൂട്ടർ കാളെജിനു പുറത്തിറങ്ങുമ്പോൾ വാലുപോയ കുറുനരിയെപ്പോലെ ദുഃഖിക്കേണ്ടിവരും' എന്നു് അവൻ സമാധാനപ്പെട്ടു. ഓണംഡേ ആഘോഷപൂൎവ്വം കൊണ്ടാടപ്പെട്ടു. മലയാളം 'മരുന്നിനുപോലും' അതിൽ സ്പൎശിച്ചിരുന്നുമില്ല.

ഉന്മത്തന്റെ ഹാസ്റ്റൽജീവിതത്തെപ്പററി അല്പമൊന്നു പറയേണ്ടതു് ആവശ്യമാണെന്നുതോന്നുന്നു. മാതാപിതാക്കന്മാരുടെ സംരക്ഷണയിൽ ഇരുന്നിരുന്ന ബാലന്മാർ, തങ്ങളുടെ യൌവനദശയിൽ—കൊട്ടുങ്കാററിലകപ്പെട്ട കപ്പലിനെപോലെയുള്ള ഈ അത്യാപൽഘട്ടത്തിൽ—ആണല്ലോ പ്രായേണ ഹാസ്റ്റലുകളിൽ വന്നുചേരുന്നതു്. ഹാസ്റ്റൽജീവിതം അവൎക്കു പലവിധ നന്മകളും വരുത്തുമെന്നുള്ളതിനു സംശയമില്ല. എന്നാൽ മേലധികാരികൾ സൂക്ഷ്മബുദ്ധിയോടുകൂടി ഭരണംനടത്താത്തപക്ഷം നിരപരാധികളായ അനേകം വിദ്യാൎത്ഥികളെയെന്നുമാത്രമല്ല അവരുടെ രക്ഷാകൎത്താക്കന്മാരേയും നാശോന്മുഖരാക്കിത്തീൎക്കാൻ ഇതുപോലെ ഉതകുന്ന ഒരു സ്ഥാപനം മറെറാന്നില്ല. മാതൃകാപരമായി ജീവിതം നയിക്കുന്നവരായ ചില മാതാപിതാക്കന്മാരുടെ ബാലന്മാർ, നിതാന്തദുർമ്മുഖന്മാരുടെ പുത്രന്മാർ, കൊലപാതകികളുടെ സന്താനങ്ങൾ എന്നിങ്ങനെ വിവിധരീതിയിലുള്ള വിദ്യാൎത്ഥികൾ ഹാസ്റ്റലിൽ ഉണ്ടായിരിക്കും. പരന്റെ ഉള്ളു കാട്ടുവാനുള്ള ഉപായം ഈശ്വരൻ നമുക്കു നൽകീട്ടില്ലല്ലോ. അതിനാൽ ഒന്നുകിൽ എല്ലാവരും സജ്ജനങ്ങളെന്നു നിനയ്ക്കണം; അല്ലെങ്കിൽ നേരെ മറിച്ചു്. ഈ രണ്ടനുമാനങ്ങളും ആപൽക്കരങ്ങളുമാണു്. എന്നാൽ മുഖം കണ്ടു് ഉള്ളറിയുന്നതിനു തക്ക മനഃശാസ്ത്രനിഷ്ണാതരായ ചുരുക്കം ചില വിദ്യാൎത്ഥികൾ ഉണ്ടായിരിക്കാം. അ

വർ സൂക്ഷിച്ചുകൊള്ളും. ശേഷംപേരുടെ കഥയത്രേ ശോചനീയം!!

നാളതുവരെ മാതാപിതാക്കന്മാരുടെ ശുശ്രൂഷകളേററു സുഖജീവിതം നയിച്ചിരുന്ന ഉന്മത്തന് ആരംഭദശയിൽ ഹാസ്റ്റൽജീവിതം ക്ലേശകരമായിത്തോന്നി. ജീവിതത്തിനു വേണ്ട ഉപകരണങ്ങളെല്ലാം അയാൾക്ക് സ്വയം സംഭരിക്കേണ്ടിവന്നു. 'അമ്മേ! ഇത്ര ചുക്കുവെള്ളം' എന്നു പറയുന്നതിനിടയിൽ കുടിക്കത്തക്ക ചൂടിൽ അമ്മ വെള്ളവുമായി വന്നെത്തും; സ്ക്കൂളിൽനിന്നു ഏതുസമയത്തു തിരിയെ വന്നാലും ഉടൻ ചായ തയാറായിരിക്കും; കാൽക്കലും തലയ്ക്കലും തലയണയോടുകൂടിയ മെത്ത എട്ടരമണിക്കു മുൻപു വിരിച്ചിരിക്കും; ഒരു ജലദോഷപ്പനി വന്നാൽ ഉടൻ ഡാക്ടർ വരും; ശുശ്രൂഷകൾക്ക് സ്വജനങ്ങൾ ചുററും കൂടി ഇരിക്കും. ഇങ്ങനെയുള്ള സുഖങ്ങളൊക്കെ ഇങ്ങിനിവരാതവണ്ണം പോയല്ലോ എന്നോർത്ത് അയാൾ ഇടയ്ക്കിടെ മനസ്താപിച്ചു. എന്നാൽ ഏതവസരത്തിലും ധൈര്യമായി വേണ്ടതു പ്രവർത്തിക്കുന്നതിനുള്ള മനസ്സാന്നിധ്യം അയാൾക്കുണ്ടെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അയാൾ തനിക്കു വേണ്ട സാമാനങ്ങൾ സംഭരിച്ചുതുടങ്ങി; ക്രമേണ സ്വാശ്രയശക്തി എന്നുള്ള വിശിഷ്ടഗുണം അയാളിൽ ദൃഢമൂലമായിത്തീർന്നു. ഒരുദിവസം ഉന്മത്തൻ സ്വന്തം മുറിയിലിരുന്നു ഉച്ചത്തിൽ വായിച്ചുതുടങ്ങി. ഉടനെ അയാളുടെ അടുത്തമുറിയിലിരുന്ന വിദ്യാർത്ഥി അടുത്തുവന്ന്:—"സോദരാ, ദയവു ചെയ്തു സാവധാനത്തിൽ വായിക്കുക" എന്നു പറഞ്ഞു. "എൻെറ ഇഷ്ടം ഇങ്ങനെയാണ്; താൻ പൊയ്ക്കൊള്ളു" എന്നായിരുന്നു ഉന്മത്തൻെറ മറുപടി. 'എന്നാൽ എൻെറ വാക്കു പിൻവലിച്ചിരിക്കുന്നു, ക്ഷമിക്കണം' എന്നു പറഞ്ഞ് ആ വിദ്യാർത്ഥി തിരിയെ പോയി. ഉന്മത്തൻ ചിന്താമഗ്നനായി: 'കഷ്ടം! ഞാനെത്ര കർക്കശൻ! ആ വിദ്യാർത്ഥിയുടെ

മൎയ്യാദയും സഹനശക്തിയും അത്ഭുതമായിരിക്കുന്നു! ഞാനിനി എങ്ങനെ അയാളുടെ മുഖത്തു നോക്കും?" അന്നുമുതൽ അയാൾ ഉച്ചത്തിൽ വായിക്കുന്ന ശീലം നിറുത്തൽ ചെയ്തു. ഒരുദിവസം രാത്രി വായിച്ചുകൊണ്ടിരിക്കവേ ഉന്മത്തന് ദാഹം ഉണ്ടായി. "അമ്മേ! ചുക്കുവെള്ളം" എന്നു തുടങ്ങി അദ്ധ്യോക്തിയിൽ വിരമിച്ചിട്ട് അയാൾ കുണ്ഠിതത്തോടുകൂടി എഴുന്നേററു രണ്ടു വിളിപ്പാടകലെയുള്ള ഭക്ഷണശാലയിലേയ്ക്കു യാത്രയായി. അവിടെ പാചകന്മാർ പലരുംചേൎന്ന് ചീട്ടുകളിയിൽ മുഴുകി ഇരിക്കയായിരുന്നു. അവരുടെ സ്വാതന്ത്ര്യപ്രകടനങ്ങളും കൃതാൎത്ഥതയും ഉന്മത്തന് തീരെ രസിച്ചില്ല! എടോ എന്നു് അയാൾ വിളിച്ചു. ആരും തിരിഞ്ഞുനോക്കിയില്ല. 'എടോ ഇത്ര ചുക്കുവെള്ളം തരു' എന്നു് അയാൾ വീണ്ടും പറഞ്ഞു. "ഇവിടെ എടന്മാരാരും ഇല്ല. വയറുപിഴക്കാൻ വന്നിരിക്കുന്നു എന്നുവച്ചു് ആത്മാഭിമാനം ഞങ്ങൾക്കും ഉണ്ടു്." എന്നു് പാചകന്മാരിലൊരാൾ പറഞ്ഞു. ഉന്മത്തൻ വന്ന കോപം അടക്കി. ഈ സംഘത്തിന് അല്പം അകലെയായി ഒരാൾ രാമായണം വായിച്ചുകൊണ്ടിരുന്നു. അയാൾ പെട്ടെന്നെഴുന്നേററു വന്നു് 'എന്താ വേണ്ടതു്' എന്നു് വിനയപൂൎവ്വം ചോദിക്കയും ചുക്കുവെള്ളം പച്ചവെള്ളംചേൎക്കാതെതന്നെ ചൂടു മാററിക്കൊടുത്തു് ഉന്മത്തനെ തൃപ്തനാക്കി യാത്രയാക്കുകയും ചെയ്തു. ഈ മനുഷ്യനെപ്പററി രണ്ടുവാക്കു പറയുന്നതു് അനുചിതമാകയില്ലെന്നു വിചാരിക്കുന്നു. ഹാസ്റ്റലുകളോടു സംഘടിപ്പിച്ചിട്ടുള്ള ഭക്ഷണശാലകളിൽ പ്രവൃത്തിചെയ്യുന്ന പാചകന്മാൎക്കു സത്യം പാലിക്കുക എന്നുള്ളതു് കൃച്ഛ്റമാണു്; എന്തെന്നാൽ അവിടെ കളവുചെയ്തു് പണമുണ്ടാക്കുന്നതിനു വഴികൾ പലതുണ്ടു്. പാചകന്മാർ മിക്കവരും ഇതൊരു സുവൎണ്ണാവസരമായി കരുതി വിദ്യാൎത്ഥികളെ വഞ്ചിച്ചു ധനം സമ്പാദിക്കുകപതിവാണു്. കൃഷ്ണപിള്ള ഈവൎഗ്ഗത്തിൽപെട്ട

ആളല്ല; അയാൾ ബാല്യംമുതല്ക്കേ, ഈശ്വരവിശ്വാസം, സത്യബോധം, വിനയം തുടങ്ങിയുള്ളഗുണങ്ങളാൽ പലരുടെയും വിശ്വാസത്തിനും ബഹുമാനത്തിനും പാത്രമായിരുന്നു. അയാളെ ഹാസ്റ്റലിലുള്ള പാചകന്മാർക്കു പൊതുവേ ഭയമായിരുന്നു. അവരുടെ വ്യാജപ്രവൃത്തികൾ പലതും കൃഷ്ണപിള്ള ബുദ്ധിപൂർവം കണ്ടുപിടിച്ചു് ചില നിവാരണമാർഗ്ഗങ്ങളും അധികൃതന്മാരെ അറിയിച്ചു. കൃഷ്ണപിള്ളയ്ക്കു് സംഗിത സാഹിത്യാദികളിലും അല്പം വാസനയുണ്ടു്. എന്നാൽ ഇവ വഴിയാംവണ്ണം പോഷിപ്പിക്കുന്നതിനു് കൃത്യാന്തരങ്ങളാൽ സാധിച്ചില്ല; ഇടയ്ക്കിടെ ചില കവിതകളും എഴുതാറുണ്ടു്. ആൾ സ്വതന്ത്രശീലനാണു്; ആരെയും ക്രമംകെട്ടു വകവയ്ക്കുകയില്ല. പരോപകാരതല്പരതമൂലം ഈ മനുഷ്യനു് കിട്ടിവന്നിരുന്ന വേതനമശേഷം മററുള്ളവർക്കുവേണ്ടി ചെലവായതേ ഉള്ളൂ. ഇപ്രകാരം സത്യവാനും പരോപകാരതല്പരനുമായി ജിവിച്ചിട്ടും അധികൃതന്മാർ തനിക്കു യാതൊരു പ്രോത്സാഹനവും നൽകുന്നില്ലല്ലോ എന്നൊരു കുണ്ഠിതവും കൃഷ്ണപിള്ളയ്ക്കു് കൂടെക്കൂടെ ഉണ്ടാകാതിരുന്നില്ല. ചില വിദ്യാത്ഥികൾക്കു് ആഹാരവിഷയത്തിൽ പ്രത്യേകാനുകൂല്യങ്ങൾ ചെയ്തിട്ടു് അവരിൽനിന്നും വല്ലതും കൈക്കലാക്കുന്ന സമ്പ്രദായവും അയാൾ അഭ്യസിച്ചിട്ടില്ല. സത്യവാന്മാരെ വീണ്ടും വീണ്ടും കർശനമായി പരീക്ഷിക്കുക എന്നുള്ളതു് ഈശ്വരന്റെ നിയമമാണെന്നും, ഇതുകൊണ്ടൊന്നും നിരാശപ്പെടരുതെന്നും കൃഷ്ണപിള്ളയെ അയാളുടെ അഭ്യുദയകാംക്ഷിയായ ഒരാൾ ഉപദേശിച്ചതു കേട്ടു് അയാൾക്കു് അല്പം സമാധാനമുണ്ടായി. കൃഷ്ണപിള്ളയോടു് ഉന്മത്തനും വലിയ സ്നേഹമായിരുന്നു.

ഇങ്ങനെ കാലം ദ്രുതഗതിയിൽ പാഞ്ഞുകൊണ്ടിരുന്നു. ഒരു ദിവസം ഉന്മത്തൻ സിനിമാ കാണുന്നതിനു പോയിരുന്നു. അയാളും കൂട്ടുകാരോടൊപ്പം വില കൂടിയ രണ്ടുമൂന്നു

ജോടി 'സൂട്ടു' സംഭരിച്ചിരുന്നു. ഇവയിലൊന്നു ധരിച്ചും ചില കൂട്ടുകാരോടുകൂടിയുമാണു് അയാൾ യാത്രയായതു്. ഏററവും നവീനമായ 'സിഗററു'കളത്രേ ഇവർ അടിക്കടി ഉപയോഗിച്ചുകൊണ്ടിരുന്നതു്. സാധാരണ കുറഞ്ഞ വകുപ്പുകളിൽ ടിക്കററുകളെടുക്കുന്നതു് വിദ്യാത്ഥികൾക്കു് ഇഷ്ടമില്ല. സിനിമാ കഴിഞ്ഞു് ഉന്മത്തനും കൂട്ടരും സ്പെൻസറുടെ കമ്പനിയിൽ പോയി. അല്പാല്പമായി മദ്യം സേവിച്ചു് ക്രമേണ അതു് ഇവക്കു് ഒരു നിത്യോപയോഗസാധനമായി പരിണമിച്ചിരിക്കുന്നു. യാദൃച്ഛികമായി ഇവരുടെ കൂട്ടത്തിൽ അകപ്പെട്ട ഒരു മാന്യനായ വിദ്യാത്ഥി ഇവരുടെ ഒരുക്കങ്ങൾ കണ്ടു് സംഭ്രമസമന്വിതം കമ്പനിവിട്ടു പുറത്തിറങ്ങി ശീഘ്രഗതിയിൽ ഹാസ്റ്റലിലെത്തി. ഉന്മത്തനും കൂട്ടരും മദ്യസേവ കഴിഞ്ഞു് അദ്ധരാത്രിയായപ്പോൾ തിരിയെ ഹാസ്റ്റലിൽ വന്നുചേന്നു. തന്മദ്ധ്യേ, വിദ്യാത്ഥികളുടെ മുറികൾ പരിശോധിക്കുന്നതിനു് വൈദ്യുതവിളക്കുമായി ചുററിനടന്നിരുന്ന 'ഹാസ്റ്റൽവാർഡൻ' ഉന്മത്തന്റേയും കൂട്ടരുടേയും മുറികളിൽ പുതച്ചുകിടന്നിരുന്ന ഉപധാനങ്ങളെ മനുഷ്യജീവികളായി സങ്കല്പിച്ചു് തിരിച്ചുപോയതും പ്രസ്താവ്യമാണു്!! പലവിധത്തിലുള്ള അനാവശ്യച്ചെലവുകൾക്കായി ധനം വിനിയോഗിക്കയാൽ ഉന്മത്തനു് പലപ്പോഴും പണത്തിനു ബുദ്ധിമുട്ടുണ്ടായി. അയാൾ പലവിധ വ്യാജകാരണങ്ങൾ പറഞ്ഞു സപിതാവിനെ കബളിപ്പിച്ചു് വലുതായ തുകകൾ മാസംതോറും വരുത്തിക്കൊണ്ടിരുന്നു. ഇങ്ങനെ ചില ഗുണശകലങ്ങളും വലുതായ പല ദോഷങ്ങളുമാണു് ഉന്മത്തൻ ഹാസ്റ്റൽജീവിതത്തിൽനിന്നും സമ്പാദിച്ചതു്.

കാളെജിലെ അദ്ധ്യാപകസംഘത്തിൽ റെവറൻഡു് ജോസഫ് ഒരു മാന്യസ്ഥാനത്തെ അലങ്കരിച്ചിരുന്നു ആംഗലഭാഷാവിദഗ്ദ്ധനായ ഇദ്ദേഹം മതഗ്രന്ഥങ്ങൾ—വിശേഷിച്ചും കൃസ്തുമതഗ്രന്ഥങ്ങൾ—പലതും ശ്രദ്ധാപൂൎവം പഠി

ച്ചിരുന്നു. ലോകത്തിലുള്ള നാനാമതങ്ങളിൽ പ്രധാനപ്പെട്ടതും, ജനമാനസത്തെ ദൈനംദിനം കൂടുതൽ ആകർഷിച്ചുവരുന്നതും, മനുഷ്യരെ സന്ദേഹസമുദ്രത്തിൽതള്ളാതെ ക്ഷണത്തിൽ തൃപ്തിപ്പെടുത്തുന്നതും ക്രിസ്തുമതമാണെന്നു് അദ്ദേഹം മനഃപൂർവ്വം വിശ്വസിച്ചിരുന്നു. ഭാരതീയരിൽ പൊതുവേ കാണുന്ന ദോഷഭാഗങ്ങളും ബ്രിട്ടീഷ്ഭരണംമൂലമുണ്ടായിട്ടുള്ള ഗുണഭാഗങ്ങളും അതിശയോക്തി കലർത്തി വർണ്ണിക്കുന്നതിൽ ഇദ്ദേഹം പരമോത്സാഹിയാണു്. വയസ്സു് നാല്പത്തഞ്ചു കാണും. വാർദ്ധക്യലക്ഷണം മുഖത്തു ലേശംപോലുമില്ല. വിനയാദിഗുണങ്ങളും ദയാശീലവും സദാ കളിയാടുന്ന നേത്രങ്ങൾ ആരെയും പൊടുന്നനവേ ആകർഷിക്കും; ആപത്തിൽ പെട്ടുഴലുന്നവർക്കു കഴിയുന്ന സഹായം ചെയ്യുന്നതിൽ ഇദ്ദേഹം സദാ ശ്രദ്ധാലുവാണു്. ജനസമുദായത്തെ സംബന്ധിക്കുന്ന വിവിധവിഷയങ്ങളെപ്പററി വിശേഷിച്ചും മതവിഷയങ്ങളെപ്പററി എത്രനേരം വേണമെങ്കിലും ദീർഘമായി പ്രഭാഷണം ചെയ്യുന്നതിൽ ഇദ്ദേഹം പ്രദർശിപ്പിച്ചുവന്ന പ്രതിഭ ത്തി അന്യാദൃശമായിരുന്നു! വിദ്യാർത്ഥികളോടു ചേർന്നുള്ള കായികവിനോദങ്ങളിലും കൃത്യനിഷ്ഠയോടുകൂടി പങ്കുകൊണ്ടിരുന്ന ഇദ്ദേഹത്തെ, മററുചില അദ്ധ്യാപകന്മാരെപ്പോലെ അകാലവാർദ്ധക്യം ബാധിക്കാഞ്ഞതും അത്ഭുതമല്ലല്ലൊ. ഉന്മത്തന്റെ ബുദ്ധികൂർമ്മയും സാമർത്ഥ്യവും ഇദ്ദേഹത്തെ ആകർഷിച്ചിരുന്നു. ക്രമേണ അയാളുടെ ചില ദുർനടപടികളെപ്പററിയും അറിവു കിട്ടുകയാൽ അദ്ദേഹത്തിനു് അനല്പമായ കുണ്ഠിതമുണ്ടായി. അദ്ദേഹം അവസരം കാത്തിരുന്നു; ഒരു ദിവസം രാത്രിസമയത്തു ചലനചിത്രശാലയ്ക്കു സമീപം വന്നുചേർന്ന ഉന്മത്തനെ കൂട്ടിക്കൊണ്ടുപോയി രണ്ടു മണിക്കൂർ സമയം ഉപദേശിക്കുകയും ചെയ്തു. അന്നുമുതൽ അയാളുടെ ബുദ്ധിക്കു് ഒരു നവോന്മേഷം ഉണ്ടായി. ദുസ്സംസർഗ്ഗം ത്യജിക്കണമെന്നു് അയാൾ മിക്കവാറും തീരുമാനിച്ചു; എന്നാൽ ഈ ഉദ്യമം എത്ര

ത്തോളം സഫലമായെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

ഒരു ദിവസം ഉന്മത്തൻ നിദ്രചെയ്യാനാരംഭിക്കവേ സമീപത്തിലുള്ള മുറിയിൽ ഒരു ദീനസ്വരം കേട്ടു. അയാൾ എഴുന്നേററു വരാന്തയിൽ ചെന്നു് അകത്തേയ്ക്കുനോക്കി. അവിടെ ഒരു വിദ്യാർത്ഥി രോഗബാധിതനായി കിടന്നിരുന്നു. അയാൾ 'വെള്ളം, വെള്ളം' എന്നു വിളിക്കുന്നുണ്ടായിരുന്നു. ഉന്മത്തനു ആർദ്രതതോന്നി. "അല്ലെങ്കിൽ അവനവന്റെ കാര്യം അവനവനു്. ഇനി കാൽനാഴികദൂരം നടന്നു വെള്ളംകൊണ്ടുവരുന്നു!" എന്നു സമാധാനപ്പെട്ടു അവൻ തന്റെ മുറിയിൽ പ്രവേശിച്ചു. ഉടൻതന്നെ അടുത്ത മുറിയിലുള്ള ഒരു വിദ്യാർത്ഥി ബദ്ധപ്പെട്ടു രോഗിയുടെ സമീപത്തിൽ ചെല്ലുന്നതും, ഏതാനും നിമിഷങ്ങൾക്കുള്ളിൽ ചൂടുവെള്ളം തയാർചെയ്തുകൊടുക്കുന്നതും, കൃഷ്ണപിള്ള സമീപത്തിരുന്നു വേണ്ട ശുശ്രൂഷകൾ ചെയ്യുന്നതും ഉന്മത്തൻ കണ്ടു. ഉന്മത്തന്റെ മനസ്സാക്ഷി അവനെ വല്ലാതെ ക്ലേശിപ്പിച്ചു. "കഷ്ടം! ഈ ലോകത്തിൽ ഞാനൊഴികെ എല്ലാവരും സ്വാർത്ഥത്യാഗികളാണെന്നു തോന്നുന്നു. ഞാനെന്തൊരു ഭ്രഷ്ടൻ! ഒരു മനുഷ്യജീവി രോഗത്തിൽപെട്ടു് ദാഹിച്ചുഴലുന്നതു കണ്ടിട്ടും എന്റെ മനസ്സിൽ ആർദ്രതയുടെ കണികപോലും ഉണ്ടായില്ലല്ലോ..........അല്ലെങ്കിൽ അവരവർതന്നെ അതിനു മുൻകൂട്ടി കരുതിക്കൊള്ളണം. മററുള്ളവൎക്കുവേണ്ടി കഷ്ടപ്പെടാൻ എനിക്കു സമയമില്ല."—എന്നായിരുന്നു അയാളുടെ തീരുമാനം.

ആ വിദ്യാർത്ഥിയുടെ രോഗം ക്രമേണ വർദ്ധിച്ചുവന്നതേയുള്ളു. രമേശൻ എന്നായിരുന്നു അയാളുടെ പേർ. സ്വാർത്ഥത്യാഗം, വിനയം, ഫലിതരസം, കായികവിനോദങ്ങളിലുള്ള അനിതരസാധാരണമായ സാമർത്ഥ്യം മുതലായവയാൽ രമേശൻ വിദ്യാർത്ഥിസഹോദരന്മാരുടെ എന്നു മാത്രമല്ല,

പല അദ്ധ്യാപകന്മാരുടേയും വാത്സല്യത്തിനും ബഹുമാനത്തിനും പാത്രമായിരുന്നു. ഹാസ്റ്റലിലെ ചുരുക്കം ചില വിദ്യാൎത്ഥികളെ ബാധിച്ചിരുന്ന "ജാതിപ്പിശാച്" രമേശനെ തീണ്ടിയിട്ടില്ല. പല സന്ദർഭങ്ങളിലും അയാൾ തന്റെ മഹാമനസ്കത വെളിവാക്കീട്ടുണ്ട്. കളിസ്ഥലങ്ങളിൽ രമേശനല്ലപക്ഷം എല്ലാവൎക്കും ഒരു നവോന്മേഷം ഉണ്ടായിരിക്കും. 'കുഴൽവെള്ള'ത്തിൽ സംഘം ചേൎന്നു കുളിക്കുന്ന അവസരത്തിൽ രമേശന്റെ വഞ്ചിപ്പാട്ടും ഉത്സാഹവും ഒരിക്കൽ കണ്ടറിഞ്ഞവൎക്ക് ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. ഇങ്ങനെ ഹാസ്റ്റലിൽ താമസിച്ചുവന്നിരുന്ന പല ദേശക്കാരായ വിദ്യാൎത്ഥികൾക്കും രമേശൻ കണ്ണിലുണ്ണിയായി വൎത്തിച്ചിരുന്നു. ഇയ്യാളുടെ ഭാഗ്യവിപൎയ്യയത്തിൽ പലരും ഹൃദയപൂൎവ്വം മനസ്താപിച്ചു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ രമേശൻ സമീപത്തുള്ള ആസ്പത്രിയിലേക്കു മാററപ്പെട്ടു. പല വിദ്യാൎത്ഥികളും ചുരുക്കം ചില അദ്ധ്യാപകന്മാരും ദിവസവും ആസ്പത്രിയിൽ ചെന്നു രമേശന്റെ ദേഹസ്ഥിതി അന്വേഷിക്കുക പതിവായിരുന്നു. ജ്വരം ക്രമേണ "സന്നിപാത"മായി തിരിഞ്ഞു, ദുർലക്ഷണങ്ങളും കണ്ടുതുടങ്ങി. എങ്കിലും രമേശൻ സദാ ഉത്സാഹഭരിതനായിത്തന്നെ കാണപ്പെട്ടു. ഒരു ദിവസം അയാളുടെ ആത്മമിത്രമായ ഒരദ്ധ്യാപകൻ സ്നേഹപൂൎവ്വം സമീപത്തു ചെന്നിരുന്ന് "രമേശാ! സുഖമുണ്ടോ — സാരമില്ല — പനി നാളെ വിട്ടുപോകും" എന്നു പറഞ്ഞു. ഉടൻതന്നെ രമേശൻ:—"സാർ, ഞാൻ മരിച്ചുപോകുമോ?"— എന്നു ചോദിക്കുകയും അയാളുടെ നേത്രങ്ങളിൽ ചില ജലകണങ്ങൾ ഉത്ഭവിക്കയും ചെയ്തു. അദ്ധ്യാപകൻ രഹസ്യമായി നെഞ്ചു തടവിക്കൊണ്ടു വന്ന വ്യഥ അടക്കി; ക്ലേശിച്ചുണ്ടാക്കിയ മന്ദഹാസത്തോടുകൂടി "ഹെയ് — എന്താണിങ്ങനെ പറയുന്നതു്? ദീനം ഭേദമായി വരികയല്ലേ? സന്തോഷമായിരിക്കുക" എന്നു മറുപടി പറഞ്ഞു. എന്നാൽ രോഗം ക്രമേണ വർദ്ധിച്ചു.

ഹാസ്റ്റൽ അധികൃതന്മാർ വിദ്യാൎത്ഥിയുടെ പിതാവിനു വിവരത്തിനു 'കമ്പി'കൊടുത്തു. ഉടൻതന്നെ മാതാപിതാക്കൾ കാർവഴിതിരിച്ചു. രമേശൻെറ ദൈന്യാവസ്ഥകണ്ടു സമീപസ്ഥരെല്ലാം വിഷാദത്തിലാണ്ടുപോയി. മാതാപിതാക്കന്മാർ വന്നുചേരുന്നതുവരെയെങ്കിലും അയാൾ ജീവിച്ചിരിക്കണമെന്നു പലരും പ്രാൎത്ഥിച്ചു. ഭിഷഗ്വരന്മാർ അതിനുവേണ്ടശ്രമവും ചെയ്തു. എന്നാൽ 'ദൈവമന്യത്ര ചിന്തയേൽ' എന്ന മട്ടിൽ രാത്രി രണ്ടേമുക്കാൽ മണി സമയത്തു രമേശൻ ഇഹലോകത്തോടു യാത്രപറഞ്ഞു. മൂന്നേകാൽ മണിയായപ്പോൾ മാതാപിതാക്കളും വന്നുചേൎന്നു!! നോക്കുക! വിധിവിലാസം!!!

പിറേറദിവസം രാവിലെ ഹാസ്റ്റലിലുള്ളവരും ഇതരന്മാരുമായ വിദ്യാൎത്ഥികൾ മിക്കവരും ആസ്പത്രിയിൽ എത്തി. ഉന്മത്തൻ വിവരമറിഞ്ഞെങ്കിലും കേവലം സ്വാൎത്ഥതല്പരനായി യഥേഷ്ടം പുകവലിച്ചുംകൊണ്ടു തൻെറ മുറിയിൽത്തന്നെ കഴിച്ചുകൂട്ടി. ഈയിടെ താംബൂലചവ്വണത്തിലും അയാൾക്കു് അസാമാന്യമായ പ്രതിപത്തി ജനിച്ചിട്ടുണ്ടു്. നിരന്തരമായ പുകവലിയാൽ അയാളുടെ അധരങ്ങൾ കരിക്കട്ടയ്ക്കു തുല്യം ബീഭത്സാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. പണത്തിനു ഞെരുക്കമുണ്ടാകുന്ന അവസരത്തിൽ 'സിഗററ്റിൽ' നിന്നും 'ബീഡി'യിലേയ്ക്കു് ഇറങ്ങി സ്വദേശസ്നേഹം നടിക്കുന്ന ചില വിദ്യാൎത്ഥികളുടെ നയം ഉന്മത്തനും അംഗീകരിക്കേണ്ടിവന്നു. രമേശൻെറ മരണവാൎത്ത കേട്ടപ്പോൾ:—"ആരെങ്കിലും മരിക്കട്ടെ, എനിക്കെന്തുചേതം?" എന്നായിരുന്നു അയാളുടെ സമാധാനം.!

ശ്മശാനഭൂമിയിലേയ്ക്കുള്ള ആ യാത്ര കാണികൾക്കു് എത്രയും മൎമ്മഭേദകമായ ഒന്നായിരുന്നു. ഇരുനൂറിൽപരം വിദ്യാൎത്ഥികളും ചില അദ്ധ്യാപകന്മാരും കൂടിയത്രേ യാത്ര ചെയ്തതു്. രാജവീഥിയുടെ ഇരുവശങ്ങളിലും നിന്നിരുന്ന

സ്ത്രീപുരുഷന്മാർ വിവരമറിഞ്ഞു സന്താപാഗ്നിയിൽ മുഴുകി. കനകപുരി ലക്ഷക്കണക്കിൽ ജനങ്ങൾ ഇടതിങ്ങിവസിക്കുന്ന ഒരു വലിയ പട്ടണമാണ്. അവിടെയുള്ള മൂന്നു ശ്മശാനഭൂമികളിലും എപ്പോഴും നാലു ജഡങ്ങളെങ്കിലും നിറികൊണ്ടിരിക്കും. രമേശനും ആ 'അദ്ധ്യാത്മവിദ്യാലയ'ത്തിലെത്തി. അയാളുടെ ശരീരം ഭൂതപഞ്ചകം വിതിച്ചെടുത്തു. ആഗതന്മാർ നെടുവീർപ്പിട്ടുകൊണ്ടു പലവഴിക്കും പിരിഞ്ഞു. വിദ്യാർത്ഥികൾ ഹാസ്റ്റലിൽ വന്നപ്പോൾ ഉന്മത്തൻ തന്റെ മുറിയിലിരുന്നു സഗൗരവം പുസ്തകവായന നടത്തുകയായിരുന്നു. അവരെ ഒരു സംഘമായി കണ്ടപ്പോൾ അവൻ തന്റെ സ്വാതന്ത്ര്യതയോർത്തു ലജ്ജിച്ചു; മുഖത്തിലുണ്ടായ ഭാവഭേദം എത്ര ശ്രമിച്ചിട്ടും അയാൾക്കു് അടക്കാൻ സാധിച്ചില്ല. ഇതുകണ്ടു് അയാളെ ഒന്നു പരിഹസിക്കാമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു വിദ്യാർത്ഥി അടുത്തുചെന്നു്:—'ഉന്മത്തൻ സമർത്ഥൻ, തന്റെ കാര്യം നോക്കും. നമ്മെപ്പോലെ വെറുതേ ചുററിനടന്നതുകൊണ്ടെന്തുഫലം' എന്നു ഹാസ്യരസമായി പറഞ്ഞു. "ഛരി! നീയോടാ തെണ്ടി! എന്നെ ആക്ഷേപിക്കാൻ?" എന്നു പറഞ്ഞുകൊണ്ടു് ഉന്മത്തൻ ചാടി എഴുന്നേററു് അയാളുടെ ചെകിട്ടത്തു കണക്കിനൊന്നു പ്രഹരിച്ചു. ഉടൻതന്നെ രണ്ടുമൂന്നു വിദ്യാർത്ഥികൾ ഇടയ്ക്കുചാടി ലഹള ശമിപ്പിക്കയും ചെയ്തു. അടിയേററയാൾ വിഷണ്ണനായി ചുററിനടന്നു് ഉന്മത്തന്റെ അക്രമത്തെപ്പററി കഴിയുന്നത്ര വ്യാജോക്തികൾ കലർത്തി അധികൃതന്മാരെ അറിയിച്ചു. ഈ വിദ്യാർത്ഥി പ്രകൃത്യാ സാധുവാണെങ്കിലും തീരെ ആത്മസംസ്കരണം സിദ്ധിച്ചിട്ടില്ലാത്തവനും പരദൂഷണത്തിൽ അല്പം കൂടുതൽ താല്പര്യമുള്ളവനുമാണു്. ഈയാളുടെ സ്വഭാവസ്ഥിതി സൂക്ഷ്മമായി മനസ്സിലാക്കിയ ഒരദ്ധ്യാപകൻ ഉപദേശംമൂലം ഈയാളെ സന്മാർഗ്ഗത്തിലേക്കു നയിക്കാൻ ശ്രമിച്ചു. ഫലം വിപരീതമായിരുന്നു. ആ വന്ദ്യപുരുഷനെ തന്റെ പരമശത്രുവായിഗണിച്ചു് അയാൾ

വീണ്ടും പല തകരാറുകളും ഉണ്ടാക്കി. നല്ല ലോകപരിചയം സിദ്ധിച്ചിട്ടില്ലാത്തവരും സന്മാൎഗ്ഗനിഷ്ഠയിൽ പ്രതിപത്തിയില്ലാത്തവരും ദുൎന്നയംകൊണ്ടു് അഭിമാനികളെന്നു നടിച്ചു നടക്കുന്നവരുമായ ചില അദ്ധ്യാപകന്മാരും ഹാസ്റ്റലിനു സമീപംതന്നെ താമസിച്ചിരുന്നു. ഇവരുടെ ഗാൎഹികജീവിതം എത്രയും ഗൎഹണീയമായ ഒന്നത്രേ! മദ്യപാനം, പുകവലി മുതലായവയിൽ ഇവർ വിരുതന്മാരാണു്. ആഭാസന്മാരുമായുള്ള നിരന്തരസഹവാസം, അസഭ്യപദങ്ങൾ കലൎന്നുള്ള സംഭാഷണം, മുതലായ ദോഷങ്ങൾ ഇവർ സമീപവൎത്തികളായ വിദ്യാൎത്ഥികളിലും കലൎത്തുകയുണ്ടായി. ഒരദ്ധ്യാപകനു്, വിശേഷിച്ചും കാളേജദ്ധ്യാപകനു് നല്ലസ്വഭാവസംസ്കരണമില്ലാതിരുന്നാൽ ഉണ്ടാകുന്ന ആപത്തുകൾക്കതിരില്ല!! ചിലർ ക്ലാസുകളിൽ ചെന്നു തങ്ങളുടെ മാടമ്പുവീഴ്ച്ചകളും മററും പ്രസംഗിച്ചു വിദ്യാൎത്ഥികളിൽ ജുഗുപ്സ ജനിപ്പിച്ചും വന്നിരുന്നു. ഇവരെ എന്തിനു കുററപ്പെടുത്തുന്നു? സ്വഭാവഗുണത്തെപ്പററി അല്പവും പരിഗണിക്കാതെ പരിക്ഷായോഗ്യതമാത്രം നോക്കി ഇവരെ ഉദ്യോഗത്തിൽ പ്രവേശിപ്പിച്ച അധികൃതന്മാരാണല്ലൊ അപരാധികൾ!! എന്തെങ്കിലും ഇവരിൽചിലരുടെ ദുരുപദേശങ്ങൾക്കു വഴിപ്പെട്ടു് മേല്പറഞ്ഞ വിദ്യാൎത്ഥി അനുദിനം വഷളായിവരികയായിരുന്നു. ഏഷണിമൂലം ചില അദ്ധ്യാപകന്മാരെ തമ്മിൽ പിണക്കുന്നതിനും അയാൾക്കു സാധിച്ചു. അഹോ! മനുഷ്യബുദ്ധിയുടെ കൌടില്യത്തിനു സീമയുണ്ടോ? വിഷം, കണ്ടകം, വൃശ്ചികപുച്ഛം മുതലായവയുടെ സാരത്താലാണു ബ്രഹ്മാവു ദുൎജ്ജനങ്ങളുടെ രസനകൾ നിൎമ്മിച്ചിട്ടുള്ളതെന്നു പറയുന്നതു വാസ്തവമാണു്. ദുഷിച്ച വ്രണത്തിൽ നിന്നും ദുൎരക്തം മാത്രം പാനംചെയ്തു തടിക്കുന്ന ജലജളൂകമെന്നപോലെ ഇവർ ഒരു മനുഷ്യനിലുള്ള ദോഷഭാഗത്തെ തിരഞ്ഞുപിടിക്കുന്നു; എന്നുമാത്രമല്ല, അതിനെ പൎവ്വതാകൃതിയാക്കി മററു പലരിലും വമിക്കുന്നു. അന്തഃസാരമുള്ള യോഗ്യ

ന്മാർ അതിനെ ഗണ്യകോടിയിൽ കരുതുന്നില്ല. ചില സൂക്ഷ്മധികൾ "ആകട്ടെ അന്വേഷിച്ചു വിവരം മനസ്സിലാക്കാം" എന്നു സമാധാനപ്പെടുന്നു. എന്നാൽ മൂഢന്മാരാകട്ടെ ആ വിഷപാനത്തെ അമൃതമായി കരുതി അല്പംകൂടി പ്രവൃദ്ധമാനമാക്കി തങ്ങളുടെകൂട്ടരിൽ 'കത്തിവയ്ക്കാ'ൻ ദത്തശ്രദ്ധരായി നടക്കുന്നു:—

പ്രകടം വിഷമേന്തുന്നാ
ഫണിയാൽ ദോഷമില്ലതാൻ
ഗൂഢമീഷ്യാവിഷം പോററും
പുമാൻതന്നെ ഭയങ്കരൻ. എന്നു് ഒരു മഹാകവി പറഞ്ഞിട്ടുള്ളതെത്രയോ പരമാർത്ഥം! ഇക്കൂട്ടർ സ്വകാര്യസാദ്ധ്യത്തിനായി ഓരോ കെട്ടുകഥകൾ നിർമ്മിക്കുമ്പോൾ സ്വന്തം മനസ്സാക്ഷിതന്നെ ഇവരെ ശാസിക്കാറുണ്ടെങ്കിലും, പലപ്പോഴും കഠിനമായ പ്രഹാരങ്ങളേററിട്ടുള്ള ആ ദുർബലദേവതയ്ക്കു പിന്മാറാതെ തരമുണ്ടോ? വളരെ നാൾ പണിപ്പെട്ടു എഴുതിത്തീർത്തിട്ടുള്ളതും മനോഹരവുമായ ഒരു ചിത്രം ഇക്കൂട്ടർ എത്രവേഗം കരിതേച്ചു മലിനപ്പെടുത്തുന്നു! എന്നാൽ കാലാന്തരത്തിൽ ഈ കരി വന്നടിയുന്നതു് അതു നിർമ്മിച്ചവരുടെ ഹൃദയത്തിൽതന്നെ ആയിരിക്കും! എങ്കിലും ചിത്രകാരനു താല്ക്കാലികമായിട്ടെങ്കിലും മനോവേദന നൽകുന്നതിനു് ഇവക്കു സാധിക്കും. ഷേക്സ്പീയരുടെ ഒഥെല്ലോ നാടകത്തിൽ ഇയാഗോ എന്ന പരമദുഷ്ടൻനിമിത്തം നിരപരാധികളായ എത്രപേർ മരിക്കുന്നു!! സാകേതപുരിയിലെ രജകൻമൂലം പാവനിയായ സീതാദേവിയും രാമാദികളും വൃദ്ധമാതാക്കളും മററും അനുഭവിച്ച സങ്കടത്തിനതിരുണ്ടോ? ഇങ്ങനെ നോക്കുമ്പോൾ ദുഷ്ടന്മാർ സമുദായത്തിനു് എത്രമാത്രം ഉപദ്രവകാരികളാണെന്നു കാണാവുന്നതാണു്. ഇവരിൽ മിക്കവരും ഒരുതരം 'പച്ചച്ചിരി'ക്കാരാണു്. മററുള്ളവരുടെ യാതൊരു തരത്തിലുമുള്ള ഐശ്വര്യ

വും ഇവക്ക് ഹിതമല്ല. എന്നാൽ തങ്ങൾ യോഗ്യന്മാരാണെന്നു മററുള്ളവരെ ധരിപ്പിക്കണമെന്നു് ഇവക്ക് വല്യതായ ആഗ്രഹമുണ്ടായിരിക്കും. ഫലം പലപ്പോഴും വിപരീതമത്രേ! ഇക്കൂട്ടരിൽ ഭൂരിപക്ഷംപേരും ഭീരുക്കളുമാണു്. വ്യാജംതന്നെ സദാ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നവനു മനോധൈര്യം എങ്ങനെ ഉണ്ടാകും? സത്യമല്ലേ ധൈര്യത്തിന്റെ അടിസ്ഥാനം? ഇവർ പലപ്പോഴും മനോഭൂമിയിൽ പല ഹർമ്മ്യങ്ങളും ചമയ്ക്കും. എന്നാൽ ഇവയുടെ അടിസ്ഥാനം വെറും പൂഴിയാകയാൽ അവ പാടേ തകൎന്നു വിഴുന്നതും സാധാരണമാണു്. സത്യവാന്മാക്ക് മാളിക കെട്ടിപ്പൊക്കുന്നതിനു കുറേ താമസം വേണ്ടിവരും. എന്നാൽ അവർ നല്ല ദൃഢമായ അടിസ്ഥാനത്തിന്മേലാണു് പ്രവൃത്തി ചെയ്യുന്നതു്. ചിലപ്പോൾ ആ അടിസ്ഥാനം മണ്ണിന്നടിയിലായേക്കാം. എന്നാൽ അനേകശതവർഷങ്ങൾ കഴിഞ്ഞിട്ടും അവ പുറത്തുവന്നു് പൂൎവ്വാധികം ശോഭയോടുകൂടി പരിലസിക്കുമെന്നുള്ളതും നിസ്തക്കമാണു്. ഇങ്ങനെ നോക്കുമ്പോൾ ഋജുബുദ്ധിയോടുകൂടി പ്രവൃത്തി ചെയ്യുന്നവക്കു് ഒന്നുകൊണ്ടും മനസ്താപത്തിനു വഴികാണുന്നില്ല. അവക്കുതാല്ക്കാലികങ്ങളായ സ്ഥാനമാനങ്ങൾ ഉണ്ടായിരിക്കയില്ല. സ്വൎണ്ണപ്പണിക്കാർ സ്വൎണ്ണം തീയിലിട്ടു വരുത്തു് അതിന്റെ മാററു കൂട്ടുന്നതുപോലെ ഈശ്വരൻ സജ്ജനങ്ങളെ പലവിധ കഷ്ടതകളിലും ഉൾപ്പെടുത്തി അവരുടെ മനസ്സിനെ വീണ്ടും വീണ്ടും പരിശുദ്ധമാക്കുന്നതിൽ ഉദ്യുക്തനായിരിക്കും. തൽഫലമായി അവക്ക് നല്ല സഹനശക്തി ഉണ്ടാകയുംചെയ്യും. ഇങ്ങനെയുള്ള കഠിനങ്ങളായ പരീക്ഷകളിൽ ജയിക്കുന്നവരെ മാത്രമാണു ഭാവിലോകം കൊണ്ടാടുന്നതു്. ശ്രീബുദ്ധനും ക്രിസ്തുദേവനും ഹരിശ്ചന്ദ്രനും ഭീഷ്മരും നമ്മുടെ ഹൃദയത്തെ രണ്ടായിരം കൊല്ലങ്ങൾക്കുശേഷവും വല്ലാതെ ആകൎഷിക്കുന്നതിന്റെ രഹസ്യം ഇതല്ലെങ്കിൽ മറെറന്താണു?് പാവപ്പെട്ട ദുഷ്ടന്റെ കഥയത്രേ ശോചനീയം. അവനെ

മനസ്സാക്ഷി സദാ ക്ലേശിപ്പിക്കുന്നു! അവന്നു മിക്ക ദിവസങ്ങളിലും നിദ്ര ഉണ്ടാകയില്ല! ലോകത്തിൽ ഒരുവരെയും അവൻ യഥാൎത്ഥബന്ധുവായി കരുതുകയില്ല! അവന്നു സ്വപത്നിയെപ്പോലും വിശ്വാസമില്ല! സ്വന്തം കുടിലത കുറേനാളത്തേക്കു മറച്ചു നടക്കുന്നതിന്ന് അവന്നു സാധിക്കുന്നു. എന്നാൽ താമസിയാതെ ഇരുട്ടുകൊണ്ടടഞ്ഞിരിക്കുന്ന ദ്വാരങ്ങളെല്ലാം തുറക്കപ്പെട്ടും. ഇത്രയും അപ്രസ്തുതമായി പ്രസ്താവിക്കേണ്ടിവന്നതിൽ വായനക്കാർ ക്ഷമിക്കണമെന്നപേക്ഷ............ക്രമേണ ആ വിദ്യാൎത്ഥിയുടെ യഥാൎത്ഥനിറം പുറത്തു പ്രകാശിച്ചു തുടങ്ങിയിരുന്നു. അതിനാൽ ഉന്മത്തൻ വലുതായ ശിക്ഷയ്ക്കൊന്നും പാത്രമായില്ല. മേലാൽ ഇങ്ങനെയൊന്നും ഉണ്ടാകരുതെന്നു വാർഡൻ ഇരുകക്ഷികളെയും കർശനമായി താക്കീതുചെയ്തു.

കാളേജിലെ രണ്ടദ്ധ്യാപകന്മാർ തമ്മിൽ ഉണ്ടായിരുന്ന ബാലിശമായ മത്സരമാണു് ഉന്മത്തനെ ആകർഷിച്ച മറെറാരു സംഗതി. ഇവരിരുവരും മഹാബുദ്ധിമാന്മാരും അദ്ധ്യാപനവിഷയത്തിൽ ബഹുസമർത്ഥന്മാരുമായിരുന്നു. ഒരാൾ തികഞ്ഞ യാഥാസ്ഥിതികനെങ്കിൽ ഇതരൻ ഉൽപതിഷ്ണു; ഒരാൾ സന്മാർഗ്ഗതല്പരൻ, മറെറയാൾ കാമചപലൻ; ഇരുവരും പ്രഭുസേവയിൽ ബഹുവിരുതന്മാർ. ഇവരുടെ ഹൃദയങ്ങൾ തമ്മിലുള്ള ദ്വന്ദ്വയുദ്ധം ആ വിദ്യാലയത്തിലെന്നു മാത്രമല്ല, നഗരത്തിലും വലുതായ അസുഖം ജനിപ്പിച്ചിരുന്നു. ഈ കലഹത്തിന്റെ മൂർച്ഛകൂട്ടുന്നതിന്നു മനഃപൂർവ്വം യത്നിച്ചിട്ടുള്ള 'പുരോചന'ന്മാരും വിരളമല്ല! ആയിടയ്ക്കു് ഉന്മത്തൻ സ്വസ്നേഹിതനായ ഒരു പ്രഭുകുമാരന്റെ പക്കൽനിന്നും പരീക്ഷയുടെ ചില ചോദ്യക്കടലാസുകൾ മുൻകൂട്ടി സമ്പാദിച്ചു. ഇങ്ങനെയുള്ള ഹീനകൃത്യങ്ങൾ ചെയ്യുന്ന അദ്ധ്യാപകന്മാരോട്ടു് ഉന്മത്തന്നുപോലും വലുതായ അവജ്ഞതോന്നി! മാന്യവായനക്കാരേ! ഇങ്ങനെയുള്ള

അനീതി ചെയ്യിട്ടുള്ളവർ പലരും ഇന്നു് ഉന്നതപദവികളെ അലങ്കരിക്കുന്നുണ്ടു്!! അവരുടെ കൃത്യത്തിന്റെ ഗഹ്ണീയതയോർത്തു് അവർതന്നെ പശ്ചാത്തപിച്ചുകൊള്ളട്ടെ ... ................കാളേജിന്റെ കമനീയതയെ പൂർവാധികം വദ്ധിപ്പിക്കുന്നതിനെന്നവണ്ണം വന്നുചേന്നിരുന്ന ചില കമനീമണികളെ സ്വന്തം ആഫീസ്മുറിയിൽ വ്യാജകാരണങ്ങളാൽ വരുത്തി കുരങ്ങാട്ടം നടത്തുന്നതിലും ചില അദ്ധ്യാപകന്മാർ വിരുതന്മാരായിരുന്നു. ക്ലാസുകളിലെ മുൻബെഞ്ചുകളെ അലങ്കരിച്ചിരുന്ന ഈ നിരുപദ്രവജീവികളുടെ പിമ്പിലിരുന്നു് വമ്പു പറയുന്നതിനും കമ്മിററികളിൽ മെംബർസ്ഥാനം സമ്പാദിച്ചു് ഇവരുടെ വസതികളിൽ ചെന്നു് 'സലജ്ജോഹം' അഭിനയിക്കുന്നതിനു ചില വിദ്യാത്ഥികൾ പ്രദശിപ്പിച്ചുവന്ന ഉത്സാഹം അന്യാദൃശമായിരുന്നു. എന്നാൽ പുരുഷന്മാക്കുള്ള കാളേജുകളിൽ ചേന്നു പഠിക്കുന്ന സഹോദരിമാരോടു് എനിക്കു രണ്ടു വാക്കു പറയാനുണ്ടു്. യുവസഹജമായ ചാപല്യം നിമിത്തം ചില സഹോദരന്മാർ നിങ്ങളെ ഒന്നു നോക്കുന്നതിൽ നിങ്ങൾ പരിഭവിക്കണ്ട; അവരെ ദുമ്മാഗ്ഗികളായി കരുതുകയും വേണ്ട. എന്നാൽ നിങ്ങൾ ഒരു കായ്യമോക്കണം; സഹോദരബുദ്ധിയോടുകൂടി എല്ലാവരോടും പെരുമാറുക; നിറപ്പകിട്ടുകൊണ്ടും മററും മററുള്ളവരെ ആകർഷിക്കുന്ന വസ്ത്രങ്ങൾ, പുഷ്പങ്ങൾ, ശരീരശോഭയെ വദ്ധിപ്പിക്കുന്നതിനുതകുമെന്നു വിശ്വസിക്കപ്പെടുന്ന ചൂണ്ണങ്ങൾ ലേപനങ്ങൾ മുതലായവ അണിഞ്ഞുകൊണ്ടു കാളേജിൽ പോകരുതു്. അതൊക്കെ വീട്ടിൽവച്ചാകാമല്ലൊ. വിദ്യാത്ഥികളോടും അദ്ധ്യാപകന്മാരോടുപോലും അധികമായി ഇടപെട്ടാൽ പലക്കും നിങ്ങളോടു് അവജ്ഞ ജനിക്കുകയും, അതു നിങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുകയും ചെയ്യും. അടക്കം ഭാരതീയസ്ത്രീകളുടെ ഒരു അമൂല്യസമ്പാദ്യമാണു്. അതു നിത്യവും ശീലിക്കുക: പരിഷ്കാരം എത്ര വർദ്ധിച്ചാലും നഗ്നത ശരിയായിമറയ്ക്കത്തക്ക

വസ്ത്രധാരണം ആവശ്യമാണു്. പാശ്ചാത്യാദശ്ശങ്ങളിൽ ഭ്രമിച്ചു ഭാരതീയാദർശങ്ങളും സുകുമാരകലകളും നിങ്ങൾ വിസ്മരിക്കരുതു്. പാചകവിദ്യയിലും ഗൃഹഭരണത്തിൽ പൊതുവേയും നല്ല പ്രാവിണ്യം സമ്പാദിക്കുകയും വേണം.

കനകപുരിയിലെ കാളേജിൽ വിദ്യാർത്ഥികളുമായി നിർവ്വിശങ്കം ഇടപെട്ടിരുന്ന ചില വിദ്യാത്ഥിനികളെ പലരും ബാഹ്യമായി അനുമോദിച്ചിരുന്നുവെങ്കിലും 'അടക്കം' എന്ന ഗുണവിശേഷത്തിനു വിളനിലമായിരുന്നവരെയാണു് സകലരും മനസാബഹുമാനിച്ചു വന്നിരുന്നതെന്നു് അക്കൊല്ലത്തെ * "നല്ലനടത്തയ്ക്കുള്ള കീർത്തിമുദ്ര"യുടെ സമ്മാനം സ്പഷ്ടമാക്കി.

ഉന്മത്തൻ ബി. ഏ ക്ലാസിൽ എത്തിയതോടുകൂടി അയാളുടെ ഭരണസാമത്ഥ്യം വശീകരണശക്തി മുതലായവ പലരേയും ആകർഷിച്ചു. ഗദ്യരചനയിലും അയാൾക്കു് അല്പം സാമത്ഥ്യമുണ്ടായിരുന്നു. ക്രമേണ ഉന്മത്തന്റെ ലേഖനങ്ങൾ പത്രങ്ങളിലും മററും സ്ഥലംപിടിച്ചുതുടങ്ങി. എന്നാൽ കായികവിനോദങ്ങളിൽ പ്രകൃത്യാ വിമുഖനായിരുന്ന അയാളുടെശരീരം ദുർമ്മേദസ്സുവദ്ധിച്ചു സ്ഥൂലമായിത്തീൎന്നു. മദ്യവും ഒരു നിത്യോപയോഗസാധനമായി പരിണമിച്ചിട്ടുണ്ടു്. ഈ ഘട്ടത്തിൽ പല സ്നേഹിതന്മാരെ സമ്പാദിക്കാൻ ഇടയാക്കിത്തീത്തതു് അയാളുടെ സംഭാഷണപാടവമായിരുന്നു. ഇങ്ങനെ ബി. ഏ. ക്ലാസിലെ ജീവിതം അല്പം വ്യത്യസ്തരീതിയിലായിരുന്നു.

കാലം വളരെ വേഗത്തിൽ കടന്നുപോയി. ഉന്മത്തൻ ബി. ഏ. ബിരുദം സമ്പാദിച്ചു "നാലുകൈയുള്ള ഉടുപ്പും" തൊപ്പിയും ധരിച്ചു് സ്വഭവനത്തിൽ വന്നുചേൎന്നു. വൃദ്ധ

---

* Conduct medal.

ദിനശയ്യയിൽ കിടക്കുകയായിരുന്നു എങ്കിലും, ആ ഭാഗ്യവതി സാവധാനത്തിൽ എഴുന്നേററു പൌത്രനെ സ്നേഹപൂർവ്വം ആലിംഗനംചെയ്തു് അയാളുടെ മൂദ്ധാവിൽ ചുംബിച്ചു. അപ്പോഠം ഉന്മത്തൻ അനുഭവിച്ച നിർവ്വതിയെപ്പററി എന്തു പറയട്ടെ? ഇത്ര വലിയ ഉടുപ്പും വിശേഷപ്പെട്ട തൊപ്പിയും സമ്പാദിച്ചിട്ടു് ഇനിയും രണ്ടു വർഷംകൂടി പഠിക്കണമെന്നു കേട്ടപ്പോഠം വൃദ്ധ അത്ഭുതപൂർവ്വം പുരികക്കൊടികഠം ഉയത്തിക്കൊണ്ടു്:—“ഈ വെള്ളക്കാരൻെറ പാഷ ഇത്രയൊക്കെ ഒണ്ടോ?” എന്നു ചോദിച്ചുപോയി. ഏതാനും ദിവസങ്ങഠം കഴിഞ്ഞുണ്ടായ ഒരതിസാരരോഗത്തിൽ പെട്ടു് ആ പുണ്യവതി ഇഹലോകത്തോടു യാത്രപറകയും ചെയ്തു. ‘പടുവൃദ്ധ’യാണെങ്കിലും ആ സാധ്വിയുടെ മരണം ഉന്മത്തനെ കുറേ നാളത്തേയ്ക്കു് ഉത്സാഹശൂന്യനാക്കിത്തീർത്തു.

താമസിയാതെ ഉന്മത്തൻ നാഗപുരിയിലെ നിയമപാഠശാലയിൽ ചേന്നു. അവിടത്തെ രാവിലെയും സന്ധ്യാസമയത്തുമുള്ള അധ്യാപനം അയാളെ വളരെ രസിപ്പിച്ചു. ഇരുന്നൂറിൽപരം വിദ്യാത്ഥികളടങ്ങിയ ഒരു ക്ലാസിൽ വന്നു കയറുന്ന അധ്യാപകൻ അന്യാദൃശമായ നയസാമത്ഥ്യവും, മനസ്സാന്നിധ്യവും, നല്ല സഹനശീലവും ഉറച്ച പാണ്ഡിത്യവുമില്ലാത്ത ഒരുവനായിരുന്നാൽ ഉണ്ടാകാവുന്ന കുഴപ്പങ്ങഠം ഈമാതിരി സ്ഥാപനങ്ങളിൽ നാം ഇന്നും കണ്ടുവരുന്നുണ്ടല്ലോ. വിശേഷിച്ചും അർശസ്സ്, തലവേദന മുതലായ തീരാവ്യാധികഠംക്കധീനരായ ചില ദ്രുതകോപികളെ ഇങ്ങനെയുള്ള മഹൽസ്ഥാപനങ്ങളിൽ നിയമിക്കാതിരിക്കാൻ അധികൃതന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അധ്യാപകന്മാരുടെ മനഃശ്ശുദ്ധി, കൃത്യനിഷ്ഠ മുതലായവയെപ്പററി വിദ്യാത്ഥികഠം സാധാരണ ഉദാസീനരാണു്. നല്ല മനസ്സാന്നിധ്യത്തോടും കത്തവ്യബോധത്തോടുംകൂടി സഗൗരവം കൃത്യംനിറവേററുന്നവരെ ചിലരെ വിദ്യാത്ഥികഠം ഗൂഢമായി

ദ്ദഷിച്ചേക്കാമെങ്കിലും, മനസാ അവരെ ബഹുമാനിക്കുകയും ഭയപ്പെടുകയും ചെയ്യും. ഒരാൾ നാലഞ്ചുപേക്കുവേണ്ടി നമ്പർ പറയുക—ഹാജർ കൊടുക്കുക—യായിരുന്നു അക്കാലത്തെ ഒരു നടപടി. കോട്ടുധരിച്ചുകൊണ്ടൊരുനമ്പർ; കോട്ടുമാററിട്ടു് ഒരു നമ്പർ; കോട്ടിന്നുമീതേ നേര്യതു പുതച്ചുകൊണ്ടു് മറെറാരുനമ്പർ; ഡെസ്കിൻെറമീതേ കമഴ്ന്നു കിടന്നുകൊണ്ടു് നാലാമതൊരുനമ്പർ - ഇങ്ങനെ ചില വിദ്യാത്ഥിസഹോദരന്മാർ പ്രദർശിപ്പിച്ചുവന്നിരുന്ന വികൃതി എത്രയും രസാവഹമായിരുന്നു! ചില അധ്യാപകന്മാർ ലാക്കാളേജിന്റെ സമീപമുള്ള മദ്യശാലയിൽക്കയറി ദാഹംതീത്തിട്ടായിരുന്നു സന്ധ്യാസമയത്തു് ക്ലാസുകളിൽ ഹാജരായതു്! വിദേശങ്ങളിൽനിന്നും വന്നു് കാളേജിൽ ചേന്നിരുന്ന തമിഴരും തെലുങ്കരും ഈ സ്ഥാപനത്തെയും സമീപത്തുള്ള വ്യാപാരശാലകളെയും വഷംതോറും പോഷിപ്പിക്കുക പതിവായിരുന്നു. ഇക്കൂട്ടരിൽ പലരും ഉന്മത്തൻെറ ഉററ സ്നേഹിതന്മാരായിത്തീന്നു. അവരുമായി വിദ്യാലയത്തിൻെറ മുൻഭാഗത്തെ മട്ടുപ്പാവിൽ ചെന്നിരുന്നു് പുകവലിക്കുന്നതിലും സഭ്യങ്ങളല്ലാത്ത 'വെടികൾ പറയുന്ന'തിലും ഉന്മത്തനും ഭാഗഭാക്കായിരുന്നു. അയാളുടെ ജീവിതഗതിയിൽ ഈ ഘട്ടത്തിലുൾപ്പെട്ട ചില ഭാഗങ്ങൾ തിരശ്ശീലയ്ക്കുള്ളിൽത്തന്നെ സൂക്ഷിക്കേണ്ടിവന്നതിൽ ഗ്രന്ഥകത്താവു മനസ്താപിക്കുന്നു. അയാളുടെ പിതാവു് 'എല്ലുമുറിയെ വേലചെയ്തു' സമ്പാദിച്ച ധനത്തിൽ ഒരു ഭീമഭാഗം ഈ നിയമപഠനം ഗ്രസിക്കയുണ്ടായി എന്നു പറഞ്ഞാൽകഴിഞ്ഞല്ലോ. കാലം ദ്രുതഗതിയിൽ പൊയ്ക്കൊണ്ടിരുന്നു. ഉന്മത്തൻ ബി. എൽ. ബിരുദവും സമ്പാദിച്ചു. ഇങ്ങനെ വിദ്യാഭ്യാസമാകുന്ന സമുദ്രത്തിൻെറ മറുകരയും അയാൾ കണ്ടു.

## അദ്ധ്യായം നാല്.

ഉദ്യോഗശ്രമവും വക്കിൽവൃത്തിയും.

'കമല'യുമായി നിങ്ങൾക്കു പരിചയമില്ലല്ലോ. അവളുടെ മാതാപിതാക്കൾ ബുദ്ധിശൂന്യരല്ല. മകൾക്കു യോഗ്യനായ ഒരു ഭർത്താവിനെ സമ്പാദിക്കുന്നതിനു 'ട്യൂഷൻ' എന്നുള്ള ഏർപ്പാടു് വളരെ പററിയ ഒന്നാണെന്നു് അവർ ധരിച്ചിരുന്നു. കമല 'തേഡ്ഫാ'മിൽ പഠിച്ചുവരവേയാണു് മാതാപിതാക്കന്മാൎക്കു് ഈ ആലോചനയുണ്ടായതു്. അവൾ ക്ലാസിൽ എല്ലാ വിഷയങ്ങൾക്കും സാമാന്യം സമർത്ഥയായിരുന്നു. ഇങ്ങനെയിരിക്കെ അവളുടെ പിതാവു് 'ട്യൂട്ട'റെ അന്വേഷിച്ചു പുറപ്പെട്ടതു് 'തലയണമന്ത്ര'ത്തിൻെറ ഫലമായിട്ടാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. താമസിയാതെ ബി. എൽ. വിദ്യാർത്ഥിയായ ഉന്മത്തൻെറമേൽ 'വലവീശു'ന്നതിനു അദ്ദേഹത്തിനു സാധിച്ചു. ഇങ്ങനെ 'ട്യൂഷ'നും ആരംഭിച്ചു. ഉന്മത്തനെ 'കുരുക്കു'ന്നതിനായി കമലയുടെ മാതാവു് അനുഷ്ഠിച്ച നയങ്ങൾ പലതായിരുന്നു. ഉന്മത്തൻെറ അഞ്ജനവൎണ്ണവും ആകൃതിസൌഭാഗ്യമശേഷം ഇല്ലാത്ത ശരിരവും ആ സാധ്വിയെ ഇടയ്ക്കിടെ നിരാശയാക്കി; എങ്കിലും തരക്കേടില്ല, ഒരുവൎഷംകഴിയുമ്പോൾ ഒന്നുകിൽ 'വക്കീൽയജമാനൻ' അല്ലെങ്കിൽ 'താസിൽയജമാനൻ' ആയിത്തീരുന്ന ഒരാളാണല്ലോ തൻെറ ഭാവിജാമാതാവു് എന്നു് അവർ സമാധാനപ്പെടുകയും ചെയ്തു. മാതാവിൻെറ നിരന്തരമായ ഉപദേശംനിമിത്തം കമലയും ഉന്മത്തനിൽ ഇല്ലാത്ത പല 'ഗുണവിശേഷങ്ങളും' ദൎശിച്ചുതുടങ്ങി. ഈ പ്രണയവിവരം ഗ്രഹിച്ച കമലയുടെ സഹോദരൻ സുഭദ്രാവിഷയമായ ശ്രീകൃഷ്ണൻെറ നയം അനുഷ്ഠിക്കാൻ സന്ന

ദ്ധാനായില്ല. ഒന്നുകിൽ വിവാഹം ഉടൻതന്നെ നടത്തണം; അല്ലാത്തപക്ഷം ഉന്മത്തൻെറ അധ്യാപനം മതിയാക്കണമെന്നു് അയാൾ ശാഠ്യംപിടിച്ചു. തൽഫലമായി ഉന്മത്തൻെറ പിതാവുമായി ചില 'എഴുത്തുകുത്തു'കളും മററാളുകൾ മുഖാന്തിരമുള്ള ആലോചനകളും നടന്നു. അദ്ദേഹത്തിനു് ഈ വിവാഹബന്ധം അത്ര സുഖകരമായി തോന്നിയില്ല; എന്നാൽ പുത്രൻെറ സ്വാതന്ത്ര്യശീലം നല്ലവണ്ണം മനസ്സിലാക്കിയിരുന്നതിനാൽ യാതൊരു വിപരീതവും ഭാവിച്ചതുമില്ല. താമസിയാതെ ആ മംഗളകർമ്മം നടന്നു. ഇപ്പോൾ കമല ഉന്മത്തൻെറ പത്നിസ്ഥാനം അവലംബിച്ചിരിക്കയാണു്.

ഉന്മത്തനു് ഗവർമ്മെൻറുദ്യോഗം സമ്പാദിക്കണമെന്നാണു് ആദ്യമായുണ്ടായ ആഗ്രഹം. കമലയുടെ മാതാവിൻെറയും ഇംഗിതം അതായിരുന്നു. 'വില്ലാശ്ശിപായിമാർ' സ്വഭവനത്തിൽ കൂടക്കൂടെ വരുന്നതും, 'അങ്ങുന്നു്', 'കൊച്ചമ്മ', 'കൊച്ചങ്ങുന്നു' തുടങ്ങിയുള്ള പദങ്ങൾ ഉച്ചരിക്കുന്നതും, താൻ ദണ്ഡുചാവട്ടയിൽ ചാരിക്കിടന്നു് വൃദ്ധന്മാരായ ഭൃത്യന്മാരെപ്പോലും 'എടാ' എന്നു് അധികാരപൂർവ്വം വിളിക്കുന്നതും, ചില കീഴുദ്യോഗസ്ഥന്മാർ ശ്രുനവൃന്ദങ്ങളെപ്പോലെ പല്ലിളിച്ചുകൊണ്ടു് മേൽവസ്ത്രം അരയിൽകെട്ടി പറയുന്നതിനൊക്കെ 'ഒത്തുമൂളു'ന്നതും മററും ആ സാധ്വി സ്വപ്നംകാണുകയുണ്ടായി. പലപ്പോഴും അവരുടെ ഉപദേശം കേട്ടു് ഉന്മത്തൻ തൻെറ ബുദ്ധിക്രമത്തെ സ്വയം പ്രശംസിച്ചു് ഞെളിയുക പതിവായിരുന്നു. ഏതെങ്കിലും ഒരുദ്യോഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ അടുത്തപടി പേഷ്കാർ അല്ലെങ്കിൽ ഡി. എസ്. പി. ആയിത്തിരും എന്നായിരുന്നു ശ്വശ്രു ബലമായി പ്രസ്താവിച്ചതു്.

ആയിടയ്ക്കു് പോലിസ്‌വകുപ്പിൽ പുതുതായി ചില ഇൻസ്പെക്ടർമാരെ നിയമിക്കാൻ ആലോചനയുള്ളതായി

ഉന്മത്തനു് അറിവുകിട്ടി. അയാഠം കമിഷണർഅവർക ളെ ചെന്നുകണ്ടു. 'ആകട്ടെ; ആലോചിച്ചു മറുവടിപറയാ'മെന്നു പറഞ്ഞു് അദ്ദേഹം ഉന്മത്തനെ യാത്രയാക്കി. ഉന്മത്തൻ തിരിഞ്ഞുനോക്കിയപ്പോഠം ഒരാഠം ദ്രുതഗതിയിൽ തന്നെ അനുഗമിക്കുന്നതു കണ്ടു. ക്രമേണ അയാഠം അടുത്തുവന്നു. അവർ തമ്മിൽ ഒരു സംഭാഷണം നടന്നു. അപ്പോഴാണു് താൻ ഉദ്യോഗസമ്പാദനത്തിനു മുൻപായി വിവാഹം ചെയ്തുപോയതു് അബദ്ധമായെന്നു് അയാഠംക്കു മനസ്സിലായതു്!! മററുവിധത്തിൽ മേലുദ്യോഗസ്ഥന്മാരെ പ്രീതിപ്പെടുത്തുന്നതിനും അയാളുടെ തല്ക്കാലാവസ്ഥ അനുകൂലമല്ലായിരുന്നു.

ഉന്മത്തൻ ചില പേഷ്കാരന്മാരെയാണു് പിന്നിടു കണ്ടതു്. അവരിൽ ചിലർ അയാളെ സ്നേഹപൂർവ്വം സൽക്കരിക്കയും, "അപേക്ഷ അയയ്ക്കുക; ഒഴിവു വരുമ്പോഠം നിയമിക്കാം" എന്നുപറഞ്ഞു് യാത്രയാക്കുകയും ചെയ്തു. ഈവക ഉദ്യോഗസ്ഥന്മാരിൽ പലരും മഹാമനസ്കന്മാരാണു്! ശുപാർശക്കത്തെഴുതുന്നതിൽ ഇവക്കു് യാതൊരു വൈമനസ്യവുമില്ല! ഉദ്യോഗാത്ഥിക്കു് എത്രയും അനുകൂലരൂപത്തിൽ എഴുതിക്കൊടുക്കുന്ന എഴുത്തിൻെറ പിറകെ തന്നെ, താൻ ഉപദ്രവമൊഴിക്കാൻ വേണ്ടിമാത്രമാണു് ഈ എഴുത്തെഴുതിയതെന്നും, നിയമനവിഷയത്തിൽ യുക്തംപോലെ ചെയ്തുകൊള്ളണമെന്നും തപാൽമാർഗ്ഗം ഒരു സ്വകാര്യക്കത്തുകൂടി അയയ്ക്കുന്നതിലും ഇവർ ദത്തശ്രദ്ധരാണു്!! പാവപ്പെട്ട ഉദ്യോഗകാംക്ഷിയോ? താൻ കടംവാങ്ങിയ പണം ചെലവുചെയ്തും പലവിധത്തിലുള്ള യാത്രാക്ലേശങ്ങഠം സഹിച്ചും ശുപാർശക്കത്തുകളുമായി ഓടിനടക്കുന്നു! ഇങ്ങനെ രണ്ടുമൂന്നു വർഷം ക്ഷമാപൂർവ്വം ഉദ്യോഗസ്ഥന്മാരുടെ പടിവാതിൽ കാത്തിട്ടും ഒരുമാസത്തെ 'പകരത്തിനു'പോലും ജോലികിട്ടാതെ വലഞ്ഞു് ജരാനരകഠം ബാധിച്ചു് നിരാശരായി നടക്കുന്ന ചില യുവാക്കന്മാരെ എനിക്കു് കണ്ടറിവുണ്ടു്!! ആത്മാഭി

മാനം ലേശവുമില്ലാത്ത ഇക്കൂട്ടരെപ്പററി എന്താണു പറയേണ്ടതെന്നെനിക്കു നിശ്ചയമില്ല! മനുഷ്യന് സന്മാർഗ്ഗനിഷ്ഠയോടുകൂടി ഉപജീവനം കഴിക്കുന്നതിനു ഈ ഭൂമിയിൽ വഴി പതിനായിരമുണ്ടു്; അങ്ങനെ ഇരിക്കെ എല്ലാവരും സർവ്വകലാശാലാബിരുദങ്ങളും സമ്പാദിച്ചു് 'സക്കാർജീവന'ത്തിനു കച്ചകെട്ടി ഇറങ്ങിയാൽ ഗവമ്മെൻറു് എന്തുചെയ്യും? ആങ്ഗ്ലേയരുടെ വരവോടുകൂടിയത്രേ "ഗുമസ്തന്മാരെ സൃഷ്ടിക്കുന്ന" വിദ്യാഭ്യാസം നമ്മുടെ രാജ്യങ്ങളിൽ നടപ്പായതു്. അതിൻെറ ചരമകാലം അടുത്തു വരുന്നുണ്ടെന്നും ഏറെക്കുറെ സമാധാനപ്പെടാം.

ഉന്മത്തൻ വീണ്ടും ചില ഉദ്യോഗസ്ഥന്മാരെ ചെന്നുകണ്ടു. അവരിൽ ചിലരുടെ ദുസ്സ്വഭാവം സ്വഭൃത്യന്മാരിലും പകന്നിരുന്നു. 'യേമാൻ ഫയൽനോക്കി ഒപ്പിടുന്നു'—'വെളിയിൽ പോയിരിക്കുന്നു,' 'ഉറങ്ങുകയാണു്' 'കൊച്ചമ്മയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു'—എന്നും മററും പല വ്യാജോക്തികൾ പറഞ്ഞു് ആഗതന്മാരെ 'വിരട്ടി' യാത്രയാക്കുന്നതു് ഈ ക്ഷുദ്രജീവികൾക്കും ഇവരുടെ 'അങ്ങുന്ന്'മാക്കും ഒരുപോലെ സന്തോഷാവഹമാണു്. ഉന്മത്തൻ ഇതുകൊണ്ടൊന്നും കുലുങ്ങുന്നവനല്ലല്ലോ. അയാൾ ഭൃത്യന്മാരെ ഭയപ്പെടുത്തിയും കളവുകൾ പറഞ്ഞു മയക്കിയും അകത്തു കടക്കും. എന്നാൽ ചില മേലുദ്യോഗസ്ഥന്മാരുടെ പെരുമാററം അയാൾക്കു് എത്രയും ജുഗുപ്സാവഹമായിത്തോന്നി. അതിഥിയെ ഇരിക്കാൻ പറയുക എന്നുള്ളതോ പോകട്ടെ, സൌമ്യമായി സംസാരിക്കുന്നതിനുപോലും ഇവർ തയ്യാറില്ല. ഒരു സംഭാഷണം താഴെ ചേക്കുന്നു:—

ഉദ്യോ:—ആരാണതു്.

ഉന്മത്തൻ:—ഞാൻതന്നെ ഉന്മത്തൻ.

ഉദ്യോ:—(ഉന്മത്തൻെറ ഗൌരവഭാവംകണ്ടു് അല്പമൊന്നു മടുത്തിട്ടു്) എന്താ വേണ്ടതു്?

ഉന്മ:—ഞാൻ ബി. എ. ബി. എൽ. പാസ്സായിട്ടുണ്ട്.

ഉദ്യോ:—അതുകൊണ്ട് എനിക്കെന്തു വിശേഷം?

ഉന്മ:—അങ്ങയുടെ ഡിപ്പാർട്ടുമെൻറിൽ ചില ഒഴിവുകളുണ്ടല്ലോ.

ഉദ്യോ:—ആരു പറഞ്ഞു?

ഉന്മ.—പലരും പറഞ്ഞറിഞ്ഞു. ഒന്നുരണ്ടുപേക്കു ചെറിയ കൈക്കൂലി കൊടുത്താണു് വിവരം സൂക്ഷ്മമായി അറിഞ്ഞതു്.

ഉദ്യോ:—അങ്ങിനെയാണോ?......ഹെയ്! ഞാനെന്തു ചെയ്യും. നിങ്ങളെ നിയമിക്കാൻ പാടില്ലെന്നു മേലാവിൽ നിന്നും ഉത്തരവുണ്ടു്. സമുദായപ്രാതിനിധ്യമല്ലേ ഇപ്പോൾ എവിടെയും......?"

തന്മധ്യേ തൻെറ അനന്തിരവൾക്കു ഒരു ഭർത്താവിനെ സമ്പാദിക്കുന്നതിനുവേണ്ടി താൻ ഒരുമാസത്തിനുമുൻപു് നടത്തിയ നിയമനത്തെപ്പററി ചിന്തിക്കവേ അദ്ദേഹത്തിൻെറ മുഖത്തു് സ്വാഭാവികമായുണ്ടായ ഭാവഭേദത്തെ ഉന്മത്തൻെറ ഗൃദ്ധ്റനോട്ടം കണ്ടുപിടിക്കാതിരുന്നില്ല.

ഉന്മ:—ആകട്ടെ. നിയമനങ്ങളെല്ലാം ആ നിയമമനുസരിച്ചാണോ നടക്കുന്നതു്. എന്നാൽ എനിക്കു പരിഭവമില്ല.

ഉദ്യോ:—(അല്പം താണസ്വരത്തിൽ) അങ്ങനെയൊക്കെ ചോദിച്ചാലെന്താണു സമാധാനം പറയുക? അപേക്ഷ ഇവിടെ ഇരിക്കട്ടെ, ഞാൻ കഴിയുന്നതു ചെയ്യാം

ഉന്മ:—വന്ദനം.

ഈവക ഉദ്യോഗസ്ഥന്മാരിൽ ചിലക്ക് പത്രാധിപന്മാരെയും, തൂലികാപ്രയോഗത്തിൽ വിദഗ്ദ്ധന്മാരെയും ഭയമാണു്. ഒരു പേഷ്കാരുടെ 'മാനനീയങ്ങളായ ഗുണങ്ങൾ'

സങ്കല്പഭൂമിയിൽ കണ്ടു് ഒരു 'കാളം' നിറയെ തന്റെ പത്രത്തിൽ വിവരിച്ചെഴുതിയ ഒരു പത്രാധിപർ സ്വാനുഭവം എന്നോടു നേരിട്ടു പറഞ്ഞിട്ടുണ്ടു്. പേഷ്കാരവർകൾ പത്രം വായിച്ചു സന്തുഷ്ടനായി. അന്നേദ്ദിവസംതന്നെ പത്രാധിപരുടെ, 'പുതുവൽപതിക്കുന്ന'തിനുള്ള ഒരപേക്ഷയും ചെന്നിരുന്നു. യാതൊരുവിധത്തിലുള്ള ക്ലേശങ്ങളും കൂടാതെ പത്രാധിപർ ആയിരം രൂപയുടെ പുതുവലിന്റെ ഉടമസ്ഥനായിത്തീരുകയും ചെയ്തു. പത്രാധിപന്മാരുടെ തനതാളുകൾക്കു് അസ്ഥാനത്തിലും ചില ഉദ്യോഗങ്ങൾ നൽകി 'ആ വിന ഒടുക്കുക' എന്നുള്ളതും ഇവരിൽ ചിലരുടെ നയമാണു്.

സൌന്ദൎയ്യവതികളും കുലടകളുമായ പത്നിമാർനിമിത്തം അനുപദം ഉദ്യോഗപദവിയിൽ ഉയൎന്നുവന്നിരുന്ന ചില നികൃഷ്ടജീവികളെയും നാകപുരിയിൽ കാണാമായിരുന്നു. ഇവർ ചുരുക്കത്തിൽ ഭാൎയ്യാദാസന്മാരത്രെ. ഏതെങ്കിലും ഒരവസരത്തിൽ ഭാൎയ്യയോടു് അല്പം സ്വരംമാററി സംസാരിക്കേണ്ടിവന്നാൽ ഒരു തീക്ഷ്ണമായ നോട്ടവും, "ഞാൻ പ്രയത്നിച്ചില്ലെങ്കിൽ കാണാമായിരുന്നു ഈ പ്രതാപമൊക്കെ" എന്നുള്ള വാക്ശരങ്ങളും പുറപ്പെടും!! പാവം! മൌനമവലംബിക്കയല്ലാതെ ഗത്യന്തരമുണ്ടോ? തങ്ങളുടെ 'മേലുദ്യോഗസ്ഥൻ' സ്വഭവനത്തിൽ വരുമ്പോൾ അടികൊള്ളുമ്പോൾ പല്ലിളിച്ചുകൊണ്ടു് ലാംഗൂലവുംതാഴ്ത്തി മറയുന്ന ശ്വാക്കളെപ്പോലെ ഇവർ ഇതരകാൎയ്യങ്ങൾക്കെന്നുള്ള മട്ടിൽ ഭവനത്തിൽനിന്നും പുറത്തുപോക പതിവാണു്. തദവസരത്തിൽ അതിഥിയെസൽക്കരിച്ചു് സംഭാഷണചാതുൎയ്യത്താൽ സന്തോഷിപ്പിക്കുന്ന ആ കുലടയെ 'കണ്ടാൽകുളിക്കണം'എന്നുമാത്രമേ എനിക്കു പറവാനുള്ളു.

'മാനംകെട്ടുംപണംനേടിക്കൊണ്ടാൽ
മാനക്കേടുംപണംതീൎത്തുകൊള്ളും'

എന്നുള്ളതത്രേ ഇവരുടെ വേദവാക്യം!! എന്നാൽ കാലാന്തരത്തിൽ ഇവരുടെ ഹൃദയത്തിൽ ജ്വലിക്കുന്ന പശ്ചാത്താപാഗ്നി ഇവൎക്കു തക്കതായ ശിക്ഷ നൽകിക്കൊള്ളും എന്നു സമാധാനപ്പെടാം. അല്ലാതെ ഈ ക്ഷുദ്രജീവികളുടെ ജീവിതചൎയ്യയെപ്പററി കൂടുതൽ വിവരിച്ച് എൻെറ ഗ്രന്ഥം ഞാൻ അലങ്കോലമാക്കുന്നില്ല.

എന്തെങ്കിലും ആറുമാസക്കാലത്തെ 'ഉദ്യോഗശ്രമം' കൊണ്ടു് ഉന്മത്തൻ തൃപ്തനായി. അയാൾ പുതിയ പാഠങ്ങൾ പലതും പഠിക്കയുംചെയ്തു. സ്വാതന്ത്ര്യംപുലൎത്തി മാനമായി ജീവിക്കുന്നതിനും, ഒരുകാലത്തു് 'പരമപദ'മായ ഹൈക്കോടതിജഡ്ജിഉദ്യോഗം സമ്പാദിക്കുന്നതിനുംപററിയതൊഴിൽ വക്കിൽവൃത്തിയാണെന്നു് അയാളോടു പലരും പറയാറുണ്ടായിരുന്നു. ആവശ്യംനിമിത്തം നമുക്കു് അപേക്ഷിതമെന്നുതോന്നുന്ന വിഷയങ്ങൾക്കനുകൂലങ്ങളായ ചിന്തകൾ പലതും നമ്മിൽ വന്നുനിറയുക സ്വാധാരണമാണല്ലോ. ഉന്മത്തൻ അഭിഭാഷകവൃത്തിയിൽ അനുപദം ഉയൎന്നുവരുന്നതു് സ്വയം സ്വപ്നംകണ്ടുതുടങ്ങി. തൽഫലമായി അയാൾ സന്നതുവാങ്ങി കനകപുരിയിലെ ജില്ലാക്കോർട്ടിൽ വ്യവഹരിച്ചുതുടങ്ങുകയുംചെയ്തു. നല്ല പഴക്കവും തഴക്കവും ചെന്ന ഗുമസ്തനെ നിയമിക്കണം എന്നും; അങ്ങനെയല്ല മറിച്ചാണു വേണ്ടതു്, സമൎത്ഥന്മാരായ ഗുമസ്തന്മാർ വക്കിലിനു് ക്രമേണ ഉപദ്രവകാരികളായിത്തീരുമെന്നും; 'കുടിവക്കിലന്മാർ' തല്ക്കാലം ചില കേസുകൾകൊണ്ടുവന്നു് സഹായിക്കുമെങ്കിലും അവരുടെ സഹവാസംമൂലം ഉണ്ടാകുന്ന അനിഷ്ടഫലങ്ങൾ അനവധിയാണെന്നും, കോടതിക്കു് ഒന്നുകൊണ്ടും അപ്രീതിവരുത്തരുതെന്നും, ധാടിയിലും, മോടിയിലും ഒട്ടും കുറയ്ക്കരുതെന്നും, ക്രിമിനൽകേസുകൾക്കു് സാമാന്യേന വാഗ്ധാടിയും മനസ്സാന്നിദ്ധ്യവുമെന്നപോലെ സിവിൽ കേസുകൾക്കു് അപഗ്രഥനസാമൎത്ഥ്യവും മിതഭാഷിത്വവു

മാണു് ആവശ്യമെന്നുംമററുമായിരുന്നു ഉന്മത്തനു ലഭിച്ച ഉപദേശങ്ങൾ. തന്റെ സഹപാഠികളായിരുന്നവരിൽ വക്കിൽവൃത്തിയെ അവലംബിച്ചിട്ടുള്ള ചിലരെ ഉന്മത്തൻ കണ്ടു് കൂടുതൽ പരിചയപ്പെട്ടു. അവർ നിയമസംബന്ധമായ പല പുസ്തകങ്ങളും ലാറിപ്പോർട്ടുകളുംമററും സമ്പാദിച്ചു് ഊജ്ജിതമായി അധ്യയനം നടത്തിക്കൊണ്ടിരുന്നു. ഇങ്ങനെ ആചന്ദ്രതാരം വിദ്യാൎത്ഥിയായിക്കഴിയാൻ അയാൾ തയാറായില്ല. അലങ്കാരത്തിനുവേണ്ടിമാത്രം രണ്ടുമൂന്നു നല്ല അലമാരകളും കുറെ വലിയ ഗ്രന്ഥങ്ങളും അയാൾ സംഭരിച്ചു. അവ ഉടമസ്ഥന്റെ സ്പർശനസുഖം ഒരിക്കലും അനുഭവിക്കാതെ തങ്ങളുടെ നിരന്തരമായ കാരാധിവാസത്തെ ശപിച്ചുകൊണ്ടു് ക്ഷമാപൂൎവ്വം സമയംകഴിച്ചു.

മാസം കുറെകഴിഞ്ഞു. വക്കിൽവൃത്തിയിൽ വിജയം സമ്പാദിക്കാനുള്ള സുഗമമായ മാൎഗ്ഗങ്ങളും സൂക്ഷ്മബുദ്ധിയായ ഉന്മത്തൻ ഗ്രഹിച്ചു. കുടിലതന്ത്രങ്ങൾപോലെ മറെറാന്നും കൂടുതൽ പ്രയോജകീഭവിക്കയില്ലെന്നുള്ള പാഠം അയാൾ പഠിച്ചു. ഉന്മത്തൻ 'വക്കിലദ്ദേഹം' 'അങ്ങുന്നു്' എന്നുംമററുമുള്ള സംജ്ഞകൾക്കു് അർഹനായി. നാകപുരിയിലെ വക്കിലന്മാരുടെ ക്ലബ്ബിൽ ഉന്മത്തൻ ഒരു പ്രധാനപ്പെട്ട അംഗമായിത്തീൎന്നു. ഇതാ ക്ലബ്ബിലേക്കു ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഇതു് സരസനായ ചന്തുമേനോൻ ശാരദയിൽ വൎണ്ണിച്ചിട്ടുള്ളതുപോലുള്ള ഒരു സ്ഥലമല്ല.

ഈ സ്ഥാപനത്തിലെ അംഗങ്ങളിൽ പലരും വൻപിച്ച ധനികന്മാരാണു്. അതിനാൽ ഒരു നല്ല കെട്ടിടവും അതിനുവേണ്ട സകല ഉപകരണങ്ങളും സംഘംവകയായുണ്ടു്. പാശ്ചാത്യരീതിയിലുള്ള സകലവിധ വിനോദങ്ങൾക്കും അവിടെ വേണ്ട സൌകൎയ്യമുണ്ടു്. പുതുതായി വക്കിൽവൃത്തിയിൽ പ്രവേശിച്ചു് പൂൎവ്വാജ്ജിതമായ സ്വത്തു് ചെല

വുചെയ്തുവന്നിരുന്നവരും, സർവീസ് കുറെ ആയിട്ടും ഏകദേശം മേൽപറഞ്ഞ നിലയിലുള്ളവരും, അദ്ധ്വപ്പട്ടിണിക്കാരും മാമൂലനുസരിച്ച് ഈ ക്ലബ്ബിലെ അംഗങ്ങളായിരുന്നു. കാപ്പിഹോട്ടലെന്നു മാത്രമല്ല, ശിമമദ്യങ്ങൾ രഹസ്യവില്പന നടത്തുന്ന സ്ഥലവും ക്ലബ്ബിനുള്ളിൽതന്നെ ഉണ്ടായിരുന്നതുകൊണ്ട് ഉന്മത്തന്മാരും ക്രൂരരും നിത്യവും അവിടെ ഉത്സാഹപൂർവ്വം വരിക പതിവായിരുന്നു. ഉത്സാഹശീലന്മാരായ ചില അഭിഭാഷകന്മാരും മററും വന്ന് ടെന്നിസ് മുതലായ കായികവിനോദങ്ങളിൽ പങ്കുകൊണ്ടതിനുശേഷം ഏഴുമണിക്കുമുൻപായി സ്വഗൃഹങ്ങളിലേക്കു തിരിച്ചുപോവുകയാണു് പതിവു്. എന്നാൽ മററുചിലർ ചീട്ടുകളി, ചൂതുകളി മുതലായവയിലേർപ്പെട്ടും മദ്യപാനംചെയ്തും രാത്രി പത്തുനാഴിക ഇരുട്ടുന്നതിനുമേൽപോലും ക്ലബ്ബിൽതന്നെ കഴിച്ചുകൂട്ടിയിരുന്നു. ഈ മനുഷ്യജീവികളെക്കൊണ്ട് ഇവരുടെ കുടുംബാംഗങ്ങൾക്കോ അന്യർക്കോ എന്താണു പ്രയോജനം എന്ന് ഞാൻ പലപ്പോഴും സംശയിച്ചിട്ടുണ്ടു്! 'ശമ്പളംവാങ്ങി ഭാര്യയെ ഏല്പിച്ചു'കഴിഞ്ഞാൽ പിന്നീടു തനിക്കു കുടുംബസംബന്ധമായ യാതൊരു ചുമതലയുമില്ലെന്ന് ഇവരിൽ ചിലർ പറയാറുണ്ടു്!! ഇക്കൂട്ടരുടെ കുട്ടികൾ നിത്യസഹവാസം ചെയ്യുന്നതു് ഭൃത്യന്മാർ, ഡ്രൈവറന്മാർ, മുതലായവരോടാണു്. പിതാവിനോടു ചേർന്ന് ഓരോ കാര്യങ്ങളെപ്പററി സംസാരിക്കുന്നതിനും പിതാവിൻെറ സ്വഭാവമഹത്വം സംസ്കാരവിശേഷം എന്നിവ അവരിൽ പതിയുന്നതിനും അവർക്കു അവസരം ലഭിക്കുന്നില്ല! ഈമാതിരി പ്രവൃത്തികളുടെ അനിഷ്ടഫലങ്ങൾ നാം പലപ്പോഴും കണ്ടുവരാറുണ്ടല്ലോ. വീട്ടിൽ പശു, നായ് മുതലായ ജന്തുക്കളെ നാം വളർത്തുന്നില്ലേ? അവയ്ക്കും ആഹാരാദികൾ കൊടുക്കുന്നില്ലേ? ഏവംവിധം ഭാര്യയും കുഞ്ഞുങ്ങളും, എന്നുള്ള നിശ്ചയത്തോടുകൂടി മദ്യപിച്ച് ചൂതുംകളിച്ചു നടക്കുന്ന ഈ നികൃഷ്ടജീവികളെപ്പററി ഞാനെന്തുപറയുന്നു!! ഉന്നതബി

രുദധാരികളായ ഇക്കൂട്ടർ ക്ലബ്ബുകളിൽവെച്ചു നടത്താറുള്ള അസഭ്യമയമായ സംഭാഷണവും അട്ടഹാസവും ഒക്കെ എങ്ങനെ വിവരിക്കുന്നു! വെറും പ്രാകൃതവും ആഭാസമയവുമായ ഭാഷമാത്രമേ ഇവക്കു സംസാരിക്കാൻ പരിചയമുള്ളൂ. ഉന്മത്തൻ എത്ര വേഗത്തിൽ ഇവരിൽ അഗ്രഗണ്യനായിത്തീൻ എന്നു പറയേണ്ടതില്ലല്ലോ!

നമുക്കു കമലയെ ഒന്നന്വേഷിക്കാം. അവൾക്കു മൂന്നു കുട്ടികളുണ്ടു്. മൂത്ത കുട്ടിക്കു വയസ്സു് എട്ടായി. ജീവിതരീതിയിൽ നാളതുവരെ മോടിയും ധാടിയും കുറഞ്ഞിട്ടില്ല. 'ഗൃഹിണി' എന്നുള്ള നിലയിൽ അവൾക്കു് നല്ല ലോകപരിചയം സിദ്ധിച്ചുകഴിഞ്ഞു. ഭർത്താവു് രാത്രി സ്വഭവനത്തിൽ വന്നുചേരാത്ത ദിവസങ്ങൾ അപൂർവ്വമല്ലാത്തതിനാൽ, പണ്ടു് സന്ധ്യകഴിഞ്ഞാൽ മുററത്തിറങ്ങാൻപോലും ഭയപ്പെട്ടിരുന്ന കമല പല രാത്രികളും തനിയേതന്നെ കഴിച്ചുകൂട്ടിയിരിക്കുന്നു! പല ദിവസവും ഭർത്താവിൻെറ വരവുപ്രതിക്ഷിച്ചു് അവൾ ഊണുകഴിക്കാതിരിക്കും; തന്മധ്യേ ഉറങ്ങിപ്പോകുന്നതും അസാധാരണമല്ല! ചിലപ്പോൾ രാവിലെ വാതിൽതുറന്നു നോക്കുമ്പോൾ വരാന്തയിൽ വെറുംനിലത്തു കിടന്നു 'കുംഭകർണ്ണസേവ' നടത്തിയിരുന്ന ഉന്മത്തനെ കണ്ടു് അവൾക്കു മനസ്സിൽ വലുതായ ഭയവും കുണ്ഠിതവും ഉണ്ടായിട്ടുണ്ടു്. മദ്യസേവ കഴിഞ്ഞുവരുന്ന ഒരാളുണ്ടോ പുമെത്തയും, വെറും നിലവും തമ്മിലുള്ള വ്യത്യാസമറിയുന്നു!! എന്നാൽ ഉണന്നുകഴിയുമ്പോൾ ഉന്മത്തൻെറ ഭാവമെല്ലാം മാറും; ഉടൻതന്നെ അയാൾ ധാരാളം പുകയില ഉപയോഗിച്ചു് ഒന്നു് "മുറുക്കും." ഈ ശീലം നാം 'വെററിലതിററി'ക്കാരിൽ സാധാരണ കണ്ടുവരാറുണ്ടല്ലോ. രാവിലെ ദുഷിച്ചു് മലിനമായിരിക്കുന്ന മുഖവും വായും ശുദ്ധിചെയ്യാതെ മറെറാരശുദ്ധികൊണ്ടു് മേനിപ്പെടുത്താൻചെയ്യുന്ന ഈ ശ്രമം എത്രത്തോളം ആശാസ്യമാണെന്നു് എനിക്കറിവാൻ

പാടില്ല. ഉന്മത്തന് കോപംവന്നാൽ അയാറം രാക്ഷസതുല്യനാണു്. നമ്പ്യാരുടെ 'വിശന്നുവരുന്ന' നായരേയും മററും അയാറം അധഃകരിക്കും. ഭൃത്യഗണങ്ങളുടെ 'മണ്ടപൊളിക്കുന്നതിൽ അയാറം ബഹുവിരുതനായിരുന്നതിനാൽ കൂടെക്കൂടെ പുതുതായി ഭൃത്യന്മാരെ അന്വേഷിച്ചു നിയമിച്ചു് അവരുടെ ശാപം ഏല്ക്കേണ്ട വിഷമകൃത്യം കമല ചെയ്യേണ്ടിവന്നു. പണംകൊടുക്കുന്ന പത്രക്കാറക്കു് ലേഖനങ്ങളെഴുതുക, കൃത്രിമമായി കേസുകറം ഉണ്ടാക്കുക ഇവയാണു് ഉന്മത്തന്റെ രാവിലെയുള്ള ദിനചര്യ. പിന്നീടു് ഭക്ഷണവും യാത്രാമദ്ധ്യേ മദ്യപാനവും കഴിഞ്ഞു് അയാറം കോർട്ടിൽ എത്തും. "കോടതിയിൽ വ്യവഹരിക്കുന്ന സമയത്തെങ്കിലും മദ്യം വജ്ജിച്ചുകൂടയോ?", എന്നു് ചില സ്നേഹിതന്മാർ അയാളോടു സപകാര്യമായി ചോദിച്ചു.

"കൊള്ളാം, നിങ്ങറക്കു് അതിന്റെ രഹസ്യം മനസ്സിലായിട്ടില്ല. എന്റെ ചുവന്ന കണ്ണു കാണുമ്പോറം വിധികത്താക്കറക്കും ഭയമാണു്. ഒരു ന്യായവുമില്ലാത്ത കേസും ചിലപ്പോറം അവർ എനിക്കനുകൂലമായി വിധിച്ചുതരികയും ചെയ്യും. അതൊക്കെയാണു് ലോകതന്ത്രം!!"—

ഇതു് കേവലം വ്യാജോക്തിയല്ലെന്നു ശ്രോതാവിനും ബോദ്ധ്യമായി. ഇങ്ങനെ കാര്യംസാധിക്കുന്ന നാകപുരിയിലെ മററുചില വക്കീലന്മാരെപ്പററിയും അയാറം കേട്ടിരുന്നു!

ആയിടയ്ക്കായിരുന്നു ശ്രീമതി രുഗ്മിണിഭായി എം. ഏ. എം. എൽ. പാസ്സായി നാഗപുരിയിൽ സന്നതുവാങ്ങി വ്യവഹരിക്കാൻ ആരംഭിച്ചതു്. ഈ സ്ത്രീ—സ്ത്രീയാണെങ്കിലും ഇവരുടെ നടപടികറം പുരുഷന്മാരെപ്പോലെയാണു്—സ്ത്രീകളെ പുരുഷന്മാരാക്കാമെന്നു പരിക്ഷണംമൂലം കണ്ടുപിടിച്ചിട്ടുള്ള ഈ ഇരുപതാംനൂററാണ്ടിൽ സ്ത്രീ പുരുഷനായി

ത്തിരുന്നതും നേരേമറിച്ചുവരുന്നതും ഒരസാധാരണസംഭവ മായി പരിഗണിക്കാനില്ലല്ലോ!! വ്യവഹരിച്ച് ഏതാനും വാരങ്ങൾ കഴിഞ്ഞതേഉള്ളൂ; എങ്കിലും ഒന്നാന്തരം കൊല ക്കേസിലെ പ്രതികളെയും ജാമ്യത്തിൽവിട്ടുവിക്കുന്നതിനും മററും ഇവൾ സാധിച്ചു. രുഗ്മിണിഭായി എന്നുള്ള നാമം ആംഗ്ലേയവർത്തമാനപ്പത്രങ്ങളിൽപോലും മാറെറാലിക്കൊ ണ്ടു. മരുന്നുപരസ്യക്കാർപോലും ആ 'ഭാഗ്യവതി'യുടെ അ ഭിപ്രായശകലങ്ങൾക്ക് വലുതായ വില കല്പിച്ചുതുടങ്ങി, എ ന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. നിയമപാണ്ഡിത്യം, വാഗ്ഭോ ടി ഇവയാൽ സുപ്രസിദ്ധന്മാരായിരുന്ന പല അഭിഭാഷക പ്രമാണികളും സൂൎയ്യപ്രഭയാൽ ചന്ദ്രനെന്നവണ്ണം കോടതിക ളിൽ 'വനിതാവക്കീ'ലിനാൽ പരാജിതരായി!! എന്തിനു വളരെപ്പറയുന്നു? താമസിയാതെ രുഗ്മിണീദേവി നിയമസ ഭാസാമാജികസ്ഥാനവും സമ്പാദിച്ചു.

എന്നാൽ ഉന്മത്തനെ ഈ മഹതിക്കും—മഹതിയെ ന്നൊങ്ങിനെ പറയും?..........പോകട്ടേ—നമ്പ്യാർ പറ യുമ്പോലെ 'നീരസങ്ങൾ വിസ്തരിച്ചിട്ടെന്തുകാൎയ്യം നമുക്കി പ്പോൾ?; രുഗ്മിണിഭായിക്കും വലിയ ഭയമായിരുന്നു. ഒന്നു രണ്ടുതവണ ഉന്മത്തന്റെ വാക്ശരങ്ങളേററ് അവർ കോട തിയിൽവച്ചു കുഴങ്ങിട്ടുണ്ട്. അയാളുടെ ഫലിതം പല പ്പോഴും 'കുറിക്കു കൊള്ളുക'യാൽ വക്കീലന്മാരെന്നു മാത്രമല്ല, വിധികർത്താക്കൾപോലും അയാളോടെതിക്കാൻ ധൈൎയ്യ പ്പെട്ടില്ല. അതിനാൽ അയാൾക്കു വിപരീതമായുള്ള കേസു കൾ സ്വീകരിക്കുന്നതിനു രുഗ്മിണിഭായി ഒരിക്കലും തുനി ഞ്ഞില്ല. വേതസവൃത്തി അവലംബിക്കുന്നതിനും ആ സ്ത്രീ സമൎത്ഥയായിരുന്നു. ഏം. ഏ, എം. എൽ. മുതലായ പ രീക്ഷകളിലും അവൾക്കു താങ്ങായി നിന്നിരുന്നതു് ഈ ശീല മായിരുന്നു. എം. ഏ. പരിക്ഷയ്ക്കു ചേൎന്നു കഴിഞ്ഞ ഉടൻ ചില അനുഭവസ്ഥന്മാരുടെ ഉപദേശാനുസരണം രുഗ്മിണി

ദേവി പല സ്ഥാനങ്ങളിലും ഒന്നു ചുററിസ്സഞ്ചരിച്ചു. തൻമൂലം രണ്ടാമത്തെ പരിക്ഷയ്ക്കു ചേരുക എന്നുള്ള വിഷമമുണ്ടായില്ലെന്നുമാത്രമല്ല, അധികൃതന്മാർ വളരെ പ്രാധാന്യം കല്പിച്ചുവരുന്ന ഒരു രണ്ടാംക്ലാസിനും ആ 'സമർത്ഥ' അർഹയായിത്തിന്നിരുന്നു. ഈ നയം അഭിഭാഷകവൃത്തിയിലും അവർ സർവ്വഥാ സ്വീകരിച്ചിരുന്നു. അവർ ഉന്മത്തൻെറ ഭവനത്തിൽ ചില സന്ദർഭങ്ങളിൽ പോകുകയും ആ സരസനെ രണ്ടുമൂന്നു തവണ സ്വഗൃഹത്തിൽ വിരുന്നുസൽക്കാരത്തിനു ക്ഷണിക്കുകയും ചെയ്തതിനാൽ അയാളുമായി 'ഐക്യ'മായിട്ടത്രേ കഴിഞ്ഞത്.

ഒരിക്കൽ ഒരു കൊലക്കേസിൻെറ പ്രതിഭാഗം വാദിച്ചതു് ഉന്മത്തനായിരുന്നു. തെളിവുകളെല്ലാം അയാൾക്കു വിപരീതമായി വന്നുകൂടി. താൻ നാളതുവരെ തുറന്നുനോക്കിയിട്ടില്ലാത്ത ഏതാനും 'തടിയൻ' പുസ്തകങ്ങളും ചുമപ്പിച്ചുകൊണ്ടു് ഉന്മത്തൻ കോടതിയിൽ ഹാജരായി. വ്യവഹരിക്കുന്ന അവസരത്തിൽ മേശപ്പുറത്തു ശബ്ദമുണ്ടാക്കത്തക്ക വിധത്തിൽ അടി ഇടി മുതലായവ നടത്തുന്നതു് അയാളുടെ ശീലമാണു്. അയാൾ ആകുന്ന ശ്രമം ചെയ്തിട്ടും പ്രതിഭാഗത്തേയ്ക്കു് അനുകൂലമായ യാതൊരു തെളിവും സ്ഥാപിക്കാൻ ശക്തനായില്ല. ഉന്മത്തൻ വിഷണ്ണനായി സ്വഭവനത്തിലെത്തി ചാരുകസാലയിൽ കിടന്നു് കുറേനേരം ചിന്തിച്ചു. ഇതിനിടയിൽ നാലഞ്ചുപ്രാവശ്യം 'മുറുക്ക'കയും ചെയ്തു. പെട്ടെന്നൊരു 'ബുദ്ധി' തോന്നുകയാൽ അയാൾ സമിപത്തുള്ള ബാങ്കിലേയ്ക്കു യാത്രയായി. ഈ മനോഹരഹർമ്മ്യത്തെ ഒന്നു വർണ്ണിക്കാതെ ഞാനെങ്ങനെ മുൻപോട്ടു പോകും? ഇതു ഭയങ്കരമായ കാലൻെറ അധിവാസസ്ഥലമായിട്ടാണു് എനിക്കു തോന്നിച്ചിട്ടുള്ളതു്! മൂന്നാംമാളികയിൽ ചുവപ്പും നീലവും കലർന്ന കണ്ണാടികൾ ഘടിപ്പിച്ചിട്ടുള്ള ജന്നലുകൾ ജനങ്ങളുടെ ജീവരക്തത്തെ ദ്യോതിപ്പിക്കു

ണ്ടു. ഇതിലെ വിശാലമായ മുറികളിൽ നിത്യവും വിദ്യുച്ഛക്തിമൂലം വീശിക്കൊണ്ടിരിക്കുന്ന വ്യജനങ്ങൾ അനേകായിരം മനുഷ്യരുടെ പ്രാണവായുവല്ലാതെ മററെന്താണു്? കാലൻ ദണ്ഡധരനാണെങ്കിൽ ഈ സ്ഥാപനത്തിൻെറ അധിപൻെറ കൈയിൽ ഉള്ള തൂലികയും ഒട്ടും ശക്തികുറഞ്ഞതന്നെല്ല! കാലദൂതന്മാരും, ചിത്രഗുപ്തരും, എന്നുവേണ്ട കാലപുരിക്കു വേണ്ട സകല ലക്ഷണങ്ങളും ഈ സ്ഥാപനത്തിനുണ്ടു്. ഉന്മത്തൻ അവിടെച്ചെന്നു് ആയിരം രൂപാ വാങ്ങി നേരേ ന്യായാധിപതിയുടെ ഭവനത്തിലെത്തി.

ന്യായാധിപൻ സ്വഭവനത്തിൽ ഇല്ലായിരുന്നു. എന്നാൽ വന്നകാര്യം എങ്ങനെയെങ്കിലും സാധിക്കണമെന്നു ഉന്മത്തൻ നിശ്ചയിച്ചു. 'അബലാരംഗവിദൂഷക'ത്വം അവലംബിക്കുന്നതിലും അയാൾ പിന്നോക്കമല്ലായിരുന്നു. ക്രുടിയേകഴിയൂ എന്നുള്ള ഘട്ടമായപ്പോൾ ന്യായാധിപൻെറ പത്നി, മുഖവും ശരീരാർദ്ധവും മാത്രം പുറത്തു കാണത്തക്കവണ്ണം പുരവാതുക്കൽ നിന്നുകൊണ്ടു് "എന്താ വേണ്ടതു്" എന്നു ചോദിച്ചു. ഈ സാധ്വി ഇക്കാലത്തെ പരിഷ്കൃതലോകത്തിനു ഒരു പത്തൊൻപതാംനൂററാണ്ടുകാരിയായി തോന്നിച്ചേക്കാം. എഴുന്നൂററിമൂന്നിൽ ഒരു പുടവയും, റവുക്കയും നല്ല കോട്ടാറൻ പുളിയിലക്കര നേര്യതും മാത്രമാണു് അവർ ധരിച്ചിരുന്നതു്. പച്ചസ്സാരിയും മൂക്കിൽക്കണ്ണാടിയും മാസംതോറും സ്വർണ്ണപ്പണിക്കാരുടെ മുതൽ വർദ്ധിപ്പിക്കുന്ന ആഭരണംപണിയും മററും ആ ഭവനത്തിലില്ല. ശമ്പളത്തിയതി ഭർത്താവിനെ കണക്കുപറയിക്കുകയും കലശൽ കൂട്ടുകയും ചെയ്യുന്ന ശീലവും അവിടെ നടപ്പില്ല. ഈ പരിഷ്കാരകാലത്തു് അവരുടെ ഫാലപ്രദേശത്തു ഭസ്മരേഖകണ്ടു് ഉന്മത്തൻ അത്ഭുതപ്പെട്ടുപോയി. തെക്കേമുറിയിൽ ഇരുന്നിരുന്ന ശ്രീകൃഷ്ണാദിദേവന്മാരുടെ ചിത്രങ്ങളും നിലവിളക്കും രാമായണാദിഗ്രന്ഥങ്ങളും ഉന്മത്തൻെറ ശ്രദ്ധയെ ആ

കർഷിച്ചു. "ഈ സ്ത്രീയുടെ സ്വഭാവം എങ്ങനെ മനസ്സിലാക്കാം? ഇവർ സാത്വികബുദ്ധിയോടും ധർമ്മനിഷ്ഠയോടും ജീവിക്കുന്ന ഒരു സ്ത്രീരത്നമാണെന്നു തോന്നുന്നു.... ഓഹോ! ഇതുപോലെത്ര കണ്ടിരിക്കുന്നു? എല്ലാം പണത്തിനു കീഴിൽതന്നെ. അപ്പോൾ ദേവനും ദേവിയുമൊക്കെ പിന്മാറും, നിശ്ചയം." ഇങ്ങനെ ചിന്തിച്ചുകൊണ്ടു്:—"ജഡ്ജിഅദ്ദേഹത്തിനെ ഒന്നു കാണണം അത്രേ ഉള്ളൂ. കണ്ടില്ലെങ്കിലും തരക്കേടില്ല...........വിവരം അറിയിച്ചാൽ മതി. അദ്ദേഹത്തിന്റെ ആനുകൂല്യമുണ്ടെങ്കിൽ മാത്രമേ ഞങ്ങളെപ്പോലുള്ളവൎക്കു മേൽഗതിയുണ്ടാകയുള്ളൂ."

"അദ്ദേഹത്തിനു് എല്ലാവരോടും ന്യായമായ ആനുകൂല്യം ഉണ്ടല്ലൊ?" ഉന്മത്തൻ ഉപായത്തിൽ ഒന്നു ഞെട്ടി.

"ഈ ന്യായവും അന്യായവും ഒക്കെ മനുഷ്യരായ നാം തന്നെ സൃഷ്ടിക്കുന്നതല്ലേ? ധനികന്മാർ പറയുന്നതൊക്കെ ന്യായംതന്നെ." ഗൃഹനായിക ഒന്നും മിണ്ടിയില്ല.

"ഇന്നു നടന്ന ഒരു കേസിൽ അദ്ദേഹം എന്റെ കക്ഷിയോടു വേണ്ടവണ്ണം അനുകൂലമായി പെരുമാറിയില്ല; എന്തു പ്രവൎത്തിക്കുന്നതിനും ഞാൻ തയ്യാറാണു്."

"സാധാരണ അദ്ദേഹം അനീതി പ്രവൎത്തിക്കുക പതിവില്ല."

"അതെനിക്കറിയാം. അതാണല്ലോ നേരിട്ടു കാണാമെന്നു വിചാരിച്ചതു്. ദയവുചെയ്തു് ഈ എഴുത്തു് അദ്ദേഹം വരുമ്പോൾ ഏല്പിച്ചേക്കണം" എന്നു പറഞ്ഞു് ഒരു കവർ ആ സാധ്വിയെ ഏല്പിച്ചിട്ടു്, കഴിയുന്നത്ര മന്ദസ്വരത്തിൽ യാത്രപറഞ്ഞു് ഉന്മത്തൻ അവിടെനിന്നും പോയി. അവരുടെ നോട്ടത്തിലും സംഭാഷണത്തിലും സ്ഫുരിച്ചിരുന്ന ഗൌരവവും കുലീനതയും വിനയശീലവും അയാളുടെ മനസ്സിൽനിന്നും ഒരിക്കലും മാഞ്ഞുപോയില്ല.

രാത്രി എട്ടുമണിയായപ്പോൾ ന്യായാധിപതി സ്വഭവനത്തിലെത്തി. നിത്യകർമ്മങ്ങൾ കഴിഞ്ഞു് അദ്ദേഹം ആഫീസു് മുറിയിൽ ചെന്നു. ഉന്മത്തൻ കൊടുത്ത 'കവർ' മേശപ്പുറത്തു് ഇരുന്നിരുന്നു. "ഇതാരുടെ എഴുത്തു്?" എന്നുള്ള ചോദ്യം കേട്ടു് ഗൃഹനായിക വേഗത്തിൽ സമീപത്തുവന്നു്, "ഉന്മത്തൻ ബി. എ., ബി. എൽ. കൊണ്ടുവന്നു് ഇവിടെ വച്ചിട്ടുപോയി. ഈ എഴുത്തു് ഇവിടെ വരുമ്പോൾ ഏല്പിക്കണമെന്നു പറഞ്ഞു" ന്യായാധിപതി വേഗത്തിൽ കവർ പൊട്ടിച്ചു. ഉള്ളിൽ കണ്ടതു് നൂറുരൂപയുടെ പത്തു നോട്ടുകളായിരുന്നു. "ഇതാണോ എഴുത്തു്? ഓഹോ! എല്ലാം മനസ്സിലായി, ദുഷ്ടൻ! എൻെറ പേരും കളങ്കപ്പെടുത്താനോ ഭാവം! ഞാൻ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടു് വർഷം പതിനെട്ടായി. ഇങ്ങനെ ഒരു പ്രവൃത്തി ചെയ്വാൻ ഒരുവനും ഇതേവരെ ധൈര്യപ്പെട്ടില്ല. ഇന്നു് അയാൾ അനീതിപരമായി ചെയ്ത വാദത്തെ ഞാൻ എതിർത്തു. അതിനുള്ള പ്രതിവിധിയത്രേ ഇതു്! (ഭാര്യയെ നോക്കി) നോക്കുക! ലോകത്തിൻെറ ഹീനസ്വഭാവം! എൻെറ സമക്കാരായ മററുദ്യോഗസ്ഥന്മാരെപ്പോലെ എനിക്കു 'കാറി'ല്ല; ഞാൻ കണ്ടപോലെ പണം ചെലവുചെയ്തു് ആരുടേയും പ്രീതി സമ്പാദിക്കാനൊരുങ്ങുന്നില്ല. എൻെറ കുട്ടികൾ കാൽനടയായിട്ടാണു് സ്കൂളിൽപോകുന്നതു്. എന്നാൽ ഒരു മഹത്തായ ധനം ഞാൻ സമ്പാദിച്ചിട്ടുണ്ടു്. അതത്രേ സത്യം......അതിനെ ഉന്മൂലനാശം ചെയ്വാൻ ഇതാ ഒരു ഉദ്യമം! ഈ നികൃഷ്ടസാധനം...(വേഗത്തിൽ നോട്ടുകൾ പൂർവസ്ഥിതിയിൽ കവറിൽ വച്ചിട്ടു്) എടാ! കിട്ടു, നീ പോയി ആ ഉന്മത്തൻ വക്കീലിനെ ഇപ്പോൾതന്നെ ഇവിടെ കൂട്ടിക്കൊണ്ടുവരണം......" എന്നു പറഞ്ഞു് അദ്ദേഹം ചിന്താമഗ്നനായി ചാരുകസാലയിൽ കിടപ്പായി. പത്നി സമീപത്തുനിന്നു വിശറി എടുത്തു വീശി അദ്ദേഹത്തെ സമാശ്വസിപ്പിച്ചു. 'ഇ

ങ്ങനെയും തന്ത്രങ്ങളുണ്ടോ? ഈ വിവരമറിഞ്ഞെങ്കിൽ അതു് വാങ്ങുകപോലുമില്ലായിരുന്നു"

"അങ്ങനെയാണു്. പരീക്ഷിക്കുന്നു; നടക്കുന്നെങ്കിൽ ഞാൻ നടക്കട്ടെ—എന്നായിരിക്കാം......എന്തും പറയുന്നു."

"അതൊക്കെ പോകട്ടെ...ഊണു കഴിക്കാമല്ലോ. മണി എട്ടരയായി."

"ഈ വൃത്തികെട്ട കടലാസുതുണ്ടുകൾ എന്റെ മേശപ്പുറത്തിരിക്കുമ്പോഴോ? ഒരുകാലത്തും ഇല്ല. ഇതിനെ ഇവിടെനിന്നും നിഷ്കാസനംചെയ്തിട്ടേ ഞാൻ ഈ കസേരയിൽ നിന്നെഴുനേൽക്കുകയുള്ളു.

ഭർത്താവിന്റെ സ്വഭാവം നല്ലവണ്ണം മനസ്സിലാക്കിയിരുന്ന ഗൃഹനായിക അല്പനേരം കഴിഞ്ഞിട്ടു് അകത്തേയ്ക്കു പോയി. താമസിയാതെതന്നെ ഉന്മത്തനും വന്നുചേൎന്നു. അയാളുടെ അപ്പോഴത്തെ മുഖം കാണേണ്ടതുതന്നെയാണു്!! ഈ അവസരത്തിൽപോലും അയാളോടു കൎക്കശമായി പെരുമാറുന്നതിനു് ന്യായാധിപന്റെ മഹാമനസ്കത അദ്ദേഹത്തെ അനുവദിച്ചില്ല. 'ഇരിക്കു മിസ്റ്റർ ഉന്മത്തൻ' എന്നു് അദ്ദേഹം ഗൌരവംവിടാതെ അതിഥിയെ സൽക്കരിച്ചു. നിങ്ങൾ കൊണ്ടുവന്ന എഴുത്തു തിരിയെ ഏല്പിക്കാനാണു് ഇപ്പോൾതന്നെ ആളയച്ചുവരുത്തിയതു്. വളരെ വന്ദനം. വേറെ തൽക്കാലം പറയേണ്ടതായൊന്നുമില്ല. നേരവും അതിക്രമിക്കുന്നു. പിന്നീടുകാണാം" എന്നു പറഞ്ഞു് ന്യായാധിപൻ എഴുനേററു. ജീവച്ഛവംപോലെ കസാലയിൽ ഇരുന്നിരുന്ന ഉന്മത്തനും പെട്ടെന്നെഴുനേററു് 'കവർ' കൈയിൽവാങ്ങി "ക്ഷമിക്കണം" എന്നു പറഞ്ഞു് ഉത്തരക്ഷണത്തിൽ അവിടെനിന്നു യാത്രയായി.

ഗ്രന്ഥകൎത്താവിനു് വക്കീൽവൃത്തിയോടു് പ്രത്യേകം അവജ്ഞയുള്ളതുപോലെ തോന്നുന്നു എന്നു വായനക്കാർ

സംശയിക്കാനിടയുണ്ടു്. അഭിഭാഷകവൃത്തിയോടു് എനിക്കു യാതൊരു വൈരവുമില്ല. സത്യവാന്മാരും സന്മാൎഗ്ഗപ്രസക്തിയുള്ളവരുമായ എന്റെ പല സ്നേഹിതന്മാരും വക്കിലന്മാരായുണ്ടു്. എന്നാൽ ലോകത്തിൽ ഉപജിവനമാൎഗ്ഗങ്ങൾ പലതുള്ളതിൽ മനസ്സാക്ഷിക്കു വിപരീതമായി പ്രവൎത്തിക്കുന്നതിനു നമ്മെ പലപ്പൊഴും പ്രബലമായി പ്രേരിപ്പിക്കുന്ന ഒന്നാണു് വക്കിൽവൃത്തി എന്നുള്ളതു് ലോകസമ്മതമാണു്. ഈവിവരം പാശ്ചാത്യരും പൌരസ്ത്യരുമായ പല ലോകമഹാന്മാരും രേഖപ്പെടുത്തിയിട്ടുമുണ്ടു്. കറയററ സത്യം പാലിക്കുക എന്നുള്ളതു് ഏതൊരു വക്കിലിനും കൃച്ഛ്രമാണെന്നാണു് അനുഭവത്തിൽ കാണുന്നതു്. നിയമം ഒരുകാലത്തും സമഗ്രമായിരിക്കയില്ല. അങ്ങനെയിരിക്കെ നിയമങ്ങളെ തങ്ങളുടെ പ്രതിഭാവിലാസമനുസരിച്ചു് വ്യാഖ്യാനിച്ചും, അതാതു കേസുകൾക്കനുകൂലമായ നിയമങ്ങൾ എടുത്തുകാണിച്ചും ഇക്കൂട്ടർ സത്യവാന്മാരായ ന്യായാധിപന്മാരെ ബുദ്ധിമുട്ടിക്കുക പതിവാണു്! ഇവർ കക്ഷികളോടു ചെയ്യുന്ന ദുരുപദേശങ്ങൾ കേട്ടു്, "കള്ളംപഠിപ്പിക്കാനാണോ ബിഎയും ബിഎല്ലും ജയിച്ചതു്" എന്നു് ചിലർ പറഞ്ഞുപോകുന്നതിൽ അത്ഭുതപ്പെടാനില്ല!! അക്ഷരാഭ്യാസമില്ലാത്ത ചില സാധുക്കളെ പല വ്യാജോക്തികൾ പറഞ്ഞു കബളിപ്പിച്ചു് 'കള്ളക്കേസ്സുകൾ'മനഃപൂൎവ്വമുണ്ടാക്കി, അതിൽനിന്നും കിട്ടുന്ന നികൃഷ്ടമായ ആദായംകൊണ്ടു് ചെലവുകഴിക്കുന്ന ചിലരും ഇക്കൂട്ടത്തിൽ ഉണ്ടു്. ഇതൊക്കെ ക്ഷന്തവ്യമെന്നിരിക്കട്ടെ. ന്യായാധിപന്മാരെ കൈക്കൂലികൊടുത്തു വശത്താക്കാമെന്നു ധൈൎയ്യപ്പെടുന്നതല്ലേ അക്രമം. ഉന്മത്തനു് ഇപ്രകാരം തോന്നാൻ കാരണമെന്തു്? തങ്ങളുടെ കൎത്തവ്യംമറന്നു്, സ്ഥിതിയിൽക്കൂടുതൽ പ്രാഭവം കാട്ടി മററുള്ളവരെ മയക്കണമെന്നു മോഹമുള്ള ചില ന്യായാധിപന്മാർ ഈവക കൊള്ളകളിൽ ഉൽസുകന്മാരായിരിക്കാം! അപ്പോൾ നാം ഉന്മത്തനെമാത്രം കുററപ്പെടുത്തിയി

ട്ടുംകാൎയ്യമില്ല. ഈ പരിധിയിൽ ഉൾപ്പെട്ട വിദ്വാന്മാരുടെ ചെമ്പുതെളിക്കുന്നതിനു പൊതുജനങ്ങളുടെ ശ്രദ്ധ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണെന്നുകൂടി പറഞ്ഞുകൊള്ളട്ടെ!

## അദ്ധ്യായം അഞ്ച്.

പത്രപ്രവൎത്തനം എത്രയും പരിശുദ്ധമായ ഒരു തൊഴിലാണെന്ന് സകലരും സമ്മതിക്കുന്നു. പൊതുജനസേവനത്തിനു ഇത്ര പററിയ ഒരു പന്ഥാവ് വേറെ ഇല്ലതന്നെ. പരിശുദ്ധഹൃദയനും സന്മാർഗ്ഗപ്രസക്തനും സ്വാതന്ത്ര്യശീലനുമായ ഒരു പത്രാധിപനെ ലോകം എത്രത്തോളം ബഹുമാനിക്കുമോ, അത്രത്തോളം ദുൎമ്മാൎഗ്ഗികൾ ഭയപ്പെടുകയുംചെയ്യും. എന്നാൽ കേവലം സ്വാൎത്ഥതല്പരന്മാരായി ഉള്ളത് ഇല്ലെന്നും ഇല്ലാത്തത് ഉണ്ടെന്നും നിർല്ലജ്ജം പത്രപംക്തികളിലെഴുതി തങ്ങളും പത്രാധിപന്മാരാണെന്നു ഞെളിയുന്ന ചില വികൃതരൂപികളെയും പലേടത്തും കാണാവുന്നതാണ്. പത്രക്കാരെ ചിലകൂട്ടൎക്ക് ഭയമുണ്ടെന്നു മുൻപു പറഞ്ഞുവല്ലോ. ഉന്മത്തൻ ഒരു പത്രം നടത്തണമെന്ന് ആലോചനതുടങ്ങിട്ട് നാൾ കുറേയായി. അയാൾ പല പത്രാധിപന്മാരുമായി തദ്വിഷയത്തെപ്പററി സംസാരിക്കയും പല നൂതനതത്വങ്ങളും ഗ്രഹിക്കയുംചെയ്തു. സൎവഥാ ആദർശപരമായ ഒരു പത്രം നടത്തണമെന്ന് അയാൾ തീരുമാനിച്ചു; ഗവൺമെൻറിൽ അപേക്ഷ സമൎപ്പിച്ച് ലൈസൻസും വാങ്ങി.

ഉന്മത്തൻ ഒരുദിവസം യാദൃച്ഛികമായി മാധവൻനായരെ കാണുകയും തൻെറ നിശ്ചയം അദ്ദേഹത്തിനെ അറി

യിക്കയും ചെയ്തു. നായർ അയാൾക്കു് തൽസംബന്ധമായ പല സാരോപദേശങ്ങളും നൽകി. തൽഫലമായി പൊതുജനസേവനം ലഘുസാധ്യമല്ലെന്നും പലവിധ സങ്കടങ്ങളും നിരാശകളും സഹിക്കാൻ തയ്യാറുണ്ടെങ്കിൽ മാത്രമേ പത്രാധിപത്യം കൈയേൽക്കാൻ പാടുള്ളു എന്നും ഉന്മത്തൻ ഗ്രഹിച്ചു. എന്നാൽ ഓരോ അവസരത്തിലും തനിക്കു താങ്ങായിനിന്നിട്ടുള്ള പ്രത്യുല്പന്നമതി ഏതൊരു ദുർഘടഘട്ടത്തെയും തരണംചെയ്യുന്നതിനു് സാഹായ്യകമായിരിക്കും എന്നു് അയാൾ സമാധാനപ്പെട്ടു. വാസ്തവത്തിൽ ദുഃഖങ്ങളനുഭവിക്കാൻ ഉന്മത്തൻ തയ്യാറില്ലായിരുന്നു. മനുഷ്യജീവിതം ദുഃഖഭൂയിഷ്ഠമാണെന്നും മററും പല്ലവിപാടി നടക്കുന്ന തത്വജ്ഞാനികളോടു് അയാൾക്കു് തീരെ ബഹുമാനമില്ല. എന്തായാലും തൻെറ പത്രം മലയാളരാജ്യത്തിലുള്ള സകല പത്രങ്ങൾക്കും മാതൃകാപരമായിരിക്കുമെന്നും, തൻെറ അവ്യാപകത്വം അതിൽ തിളങ്ങിക്കാണുമെന്നും, പൊതുനന്മയ്ക്കുവേണ്ടി പരമാത്ഥങ്ങൾ തുറന്നുപറയുമെന്നും, ഗവമ്മെൻറിനെ അസ്ഥാനത്തു് താങ്ങുകയോ അധിക്ഷേപിക്കയോ ചെയ്കയില്ലെന്നും മററും ഉന്മത്തൻ നായരെ അറിയിച്ചു് യാത്രയാക്കി.

'ദീപശിഖ'യുടെ പേരു് കേരളമൊട്ടുക്കു് വ്യാപിച്ചു. അഞ്ഞൂറിൽപരം വരിക്കാരെ സമ്പാദിക്കുന്നതിനു് ഉന്മത്തനു് നിഷ്പ്രയാസം സാധിച്ചു. ഉന്മത്തനെ സ്വതേതന്നെ പല ഉദ്യോഗസ്ഥന്മാക്കും ഭയമാണു്. അയാൾ സ്വന്തമായി ഒരു പത്രംകൂടി തുടങ്ങി എന്നു കേട്ടപ്പോൾ കൈക്കൂലിക്കാരും ദുമ്മാൎഗ്ഗികളുമായ ചില ഉദ്യോഗസ്ഥന്മാർ വിഷണ്ണരായി. അവർ നടത്തുന്ന വിരുന്നുസല്ക്കാരങ്ങളിലൊക്കെ ഉന്മത്തൻ അഥവാ പത്രാധിപരദ്ദേഹം ഒരു 'മാന്യാതിഥി'യായിത്തീൎന്നു. ഈമാതിരി ഒരു വിരുന്നുസൽക്കാരത്തിലേയ്ക്കു്, ഞാൻ ഇതാ നിങ്ങളെ ക്ഷണിച്ചുകൊള്ളുന്നു. 'ഉദയഭാനു'വിലെപ്പോലെ നഗ്നത നിശ്ശേഷം മറയ്ക്കാതെ ഉള്ളതൊക്കെ

വിവരിക്കാൻ ഞാൻ തയ്യാറില്ല. എങ്കിലും നമ്മുടെ ചില ഉദ്യോഗസ്ഥപ്രമാണികൾ തങ്ങളുടെ സ്ഥാനം പരിപാലിപ്പാനും ഓരോ കാര്യസാദ്ധ്യത്തിനുമായി നടത്തിവരുന്ന സല്ക്കാരവിശേഷങ്ങളെ സ്ഥാലീപുലാകന്യായേന വായനക്കാരെ ധരിപ്പിക്കണമെന്നു മാത്രമേ എനിക്കു താല്പര്യമുള്ളു. സാധുക്കളായ കൃഷിക്കാരുടെ ജീവരക്തം ചൊരിയുന്ന ഈമാതിരി സ്ഥലങ്ങളിൽ നടക്കുന്ന ചടങ്ങുകളിൽ പങ്കുകൊള്ളുന്നതിനു് എനിക്കും ചില അവസരങ്ങൾ സിദ്ധിച്ചിട്ടുണ്ടു്; അവിടെ മലയാളികൾ തമ്മിൽപോലും ഇംഗ്ലീഷേ സംസാരിക്കയുള്ളു; ഒരു സ്നേഹിതനെ കാണുമ്പോൾ 'ഹലോ' എന്ന വാക്കു് കൂടെ ജനിച്ചപോലെ അവരിൽനിന്നും പുറപ്പെടുന്നു! ചുരുട്ടുകൾ ഒരു നിമിഷംപോലും വായിൽനിന്നും ഒഴിയുകയില്ല. 'ശുദ്ധ വെള്ളക്കാ'രെപ്പോലെ 'കത്തിയും മുള്ളും' ഉപയോഗിക്കുന്നവരും, ഇടതുകൈകൊണ്ടു് വാനരങ്ങളെപ്പോലെ ഭക്ഷണസാധനങ്ങൾ എടുത്തു കടിച്ചുതിന്നുന്നവരും, ഇടയ്ക്കിടയ്ക്കു് 'ബായ്'യെ വിളിക്കുന്നവരും, മദാമ്മമാരെ കാണുമ്പോൾ കഴുത്തുളുക്കിയവരെപ്പോലെ ചരിഞ്ഞു് 'ബൌ' ചെയ്യുന്നവരും, ഇംഗ്ലീഷിൽ ചിരിക്കയും ചുമയ്ക്കയും ചെയ്യുന്നവരും, മൂക്കിൽനിന്നും ശ്ലേഷ്മം ചീററി കൈലേസിൽ പൊതിഞ്ഞു് കീശയിൽ വയ്ക്കുന്നവരും, പാശ്ചാത്യദേശങ്ങളിലെ രാഷ്ട്രീയവിഷയങ്ങളെപ്പററി സഗൌരവം സംഭാഷണം നടത്തുന്നവരും, തങ്ങളുടെ മേലുദ്യോഗസ്ഥന്മാരുടെ സമീപത്തു പോയിരുന്നു അവരുടെ ലാഘവമേറിയ വിനോദപ്രകടനങ്ങൾക്കൊത്തു് 'പച്ചച്ചിരി' ചിരിക്കുന്നവരും എന്നുവേണ്ട ആകപ്പാടെ ഒരു നവീനലോകം തന്നെ അവിടെ കാണാം. ഇതിനിടയിൽ മറെറാരു രംഗംകൂടിയുണ്ടു്. ആ സ്ഥലം സദസ്യരിൽ എല്ലാ വ്യക്തികളെയും ഒരുപോലെ ആകർഷിക്കയില്ല. പലതരം വിശേഷപ്പെട്ട ശീമമദ്യങ്ങൾ വിതരണം ചെയ്യപ്പെടുന്നതു് അവിടെയാണു്. ദരിദ്രജനങ്ങളുടെ ജീവരക്തം തന്നെയാണു് ഈ മനോഹര

ങ്ങളായ കുപ്പികളിൽ കാണുന്ന ക്ഷുദ്രദ്രാവകങ്ങൾ!! മദിര കണക്കില്ലാതെ ജഠരത്തിൽ ചെന്നുകഴിഞ്ഞാൽ പിന്നീട്ട് അവിടത്തെ കഥ പ്രത്യേകിച്ചു വൎണ്ണിക്കേണ്ട ആവശ്യമില്ലല്ലോ; അവിടെ സ്ത്രീപുരുഷഭേദമൊന്നുമില്ല; എല്ലാം ബ്രഹ്മമയം; സംസാരിക്കുന്നതൊക്കെ ഒരു പ്രത്യേകമാതിരിയിലുള്ള ഭാഷ; ക്രമേണ മേശകളും കസാലകളും തകൎത്തുതുടങ്ങും; മാന്നികളായിട്ടുള്ള സദസ്യർ ഇതിനകം സ്വഭവനങ്ങളിലെത്തിക്കഴിയും. മദ്യപാന്നികൾ ലഹരി തലയ്ക്കുപിടിക്കവേ ആ അന്തരീക്ഷത്തെ വിഷമയമാക്കി കൃതാൎത്ഥരായി, പാതിരാത്രിയോടുകൂടി രാജവീഥികളിൽ നിലംപതിക്കാതെ സ്വഭവനങ്ങളിലെത്തുന്നതു് സന്താനങ്ങളുടെ ഭാഗ്യവിശേഷത്താലായിരിക്കാം! ഇതിനിടയിൽ 'സ്വതന്ത്രസ്വതന്ത്ര'കളായി അൎദ്ധനഗ്നവേഷം ധരിച്ചു് പൌഡറുമണിഞ്ഞു് അലഞ്ഞുനടക്കുന്ന ചില * 'കൊശ്'മ'മാരും ഉൾപ്പെട്ടുവരുന്നുണ്ടെന്നുള്ളതു കേട്ടാൽ പൂജ്യരായ വൃദ്ധജനങ്ങൾ നാസികമേൽ വിരൽവച്ചുപോകും. 'പെണ്ണുങ്ങളൊക്കെ ആന്നുപോയെന്നു' മാൎത്താണ്ഡവൎമ്മയിലെ ശങ്കുആശാൻ നമ്മെ സ്മരിപ്പിച്ചിട്ടുമുണ്ടല്ലോ. മേൽപറഞ്ഞ "നിശാചര"ന്മാർ ഭാൎയ്യമാൎക്കു് ഭൎത്തൃസ്ഥാനം ഒഴിഞ്ഞുകൊടുക്കേണ്ടിവരുന്നതും അസംഗതമായിത്തീരാനിടയില്ല.

ഉന്മത്തനു് ഇതിനിടയിൽ മേലുദ്ദ്യോഗസ്ഥലോകം സുപരിചിതമായിരുന്നു. പല വലിയ ഉദ്ദ്യോഗസ്ഥന്മാരും അയാളുടെ പത്രാധിപപ്രസംഗങ്ങളെ തലകുലുക്കി അനുമോദിച്ചു. ഒരു പത്രാധിപർ നയജ്ഞനാണെങ്കിൽ എന്തെല്ലാം മഹൽകാൎയ്യങ്ങൾ സാധിക്കാമെന്നും അയാൾക്കു ബോദ്ധ്യം വന്നു. വിശേഷിച്ചും 'കൈക്കൂലിപ്പാപ്പി'കളുടെ വിക്രിയകളെപ്പററി ഉന്മത്തനു് ദൈനംദിനം അറിവുകിട്ടിക്കൊണ്ടിരു

* കൊച്ചമ്മ.

ന്നു. ഉടൻതന്നെ അവയൊക്കെ പ്രസിദ്ധംചെയ്യുന്നതിനു് അയാൾ അത്ര ബുദ്ധിശൂന്യനല്ല! സായാഹ്നസവാരികൾക്കിടയിൽ അതാതുദ്യോഗസ്ഥന്മാരെ കണ്ടും രഹസ്യക്കത്തുകൾ മുഖേനയും അയാൾ അവരെ വിവരം ഗ്രഹിപ്പിക്കും. ഒരു ചുരുങ്ങിയ പ്രതിഫലമെങ്കിലും കിട്ടിയാൽ കൈക്കൂലിവൃത്താന്തലേഖനം ഉടനെ ചവററുകുട്ടയെ അഭയംപ്രാപിക്കും, അല്ലാത്തപക്ഷം അവ അടുത്തലക്കം 'ദീപശിഖ'യിൽ ശക്തിയായി പ്രതിപാദിക്കപ്പെടുകയും ചെയ്യും. പണത്തിനു് വല്ല അത്യാവശ്യവും ഉണ്ടായാൽ നമ്മുടെ പത്രാധിപരദ്ദേഹത്തിനു് മറെറാരു വിദ്യയുണ്ടു്. "ദേവകോട്ട"യിലെ മുൻസിഫിൻെറ ദുർനടപടികളെ വിവരിക്കുന്ന ഒരു ലേഖനം കിട്ടിയിരിക്കുന്നു. പരമാൎത്ഥം അന്വേഷിച്ചു് അടുത്തലക്കത്തിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും" എന്നു് മുഖപ്രസംഗത്തിനടുത്തു് പത്രാധിപർ ഒരു കുറിപ്പും ചേൎക്കും. മുൻസിഫ് ഇതുകണ്ടു വിഷണ്ണനായി ഉടൻ പത്രാധിപരെ വരുത്തുകയോ നേരിട്ടു കാണുകയോ ചെയ്യും. ഇരുവരുടെയും സംഭാഷണഫലമായി ഉന്മത്തനു സാമാന്യം നല്ല ഒരു തുകയും ലഭിക്കും. 'ദേവകോട്ടമുൻസിഫിനെപ്പററി വന്നിരുന്ന ലേഖനം വ്യാജഭൂയിഷ്ഠമെന്നു കാണുന്നതിനാൽ ഉപേക്ഷിച്ചിരിക്കുന്നു' എന്നു് അടുത്ത ലക്കം പത്രത്തിൽ കാണുന്നതു് മുൻസിഫിനും പത്രാധിപൎക്കും ഒരുപോലെ സന്തോഷാവഹവുമാണല്ലോ!! മാന്യനും കാൎയ്യക്ഷമമായി സ്വകൃത്യം നിറവേററിവന്നവനുമായ ഒരു മേലുദ്യോഗസ്ഥൻ വാൎദ്ധക്യത്താലും മററും തീരെ ശേഷിയില്ലാത്തവനാണെന്നു് അദ്ദേഹത്തിലില്ലാത്ത ദോഷഭാഗങ്ങൾ വിവരിച്ചു് രണ്ടുമൂന്നു ലേഖനങ്ങളെഴുതുകയും, തൽഫലമായി ആ ഉദ്യോഗസ്ഥൻ സ്ഥാനഭ്രഷ്ടനാകയും, അടുത്ത അവകാശി തൽസ്ഥാനത്തു പ്രതിഷ്ഠിതനാകയും ചെയ്തതിൻെറ ഫലമായി ഉന്മത്തനു പത്തിരുനൂറുരൂപാ സംഭാവന ലഭിച്ചതും ഒരു നടന്ന സംഭവമാണു്. ഈ

മാതിരി ഉദ്ദേശ്യങ്ങളോടുകൂടി തുടങ്ങുകയും കാൎയ്യനിൎവ്വഹണത്തിനുശേഷം മുടങ്ങുകയും ചെയ്ത പത്രങ്ങളും കനകപുരിയിൽ വിരളമല്ല! ക്രമേണ പാഠപുസ്തകക്കമ്മിററിക്കാരെപ്പററി ഉന്മത്തൻ പലതും ഗ്രഹിക്കാനിടയായി. ചില ഗ്രന്ഥകൎത്താക്കന്മാരും അയാളെ സമീപിച്ച് സഹായം അപേക്ഷിച്ചു. വിദ്യാഭ്യാസവകുപ്പിൽ കണ്ടുവരാറുള്ള അഴിമതികളെപ്പററി 'ദീപശിഖ'യിൽ ഒരു ലേഖനപരമ്പരയും ആരംഭിച്ചു. തൽഫലമായി ആ ഡിപ്പാർട്ടുമെൻറിലെ മേലുദ്യോഗസ്ഥന്മാരെന്നു മാത്രമല്ല, ചില കീഴ്സിൽബന്ധികളും ഉന്മത്തനെ കൂടെക്കൂടെ ചെന്നുകാണുക പതിവായിത്തീൎന്നു. കമ്മിററി അംഗങ്ങളിൽ ചിലർ-വിശേഷിച്ചും ന്യായം തന്നെ നടത്തണമെന്ന് താല്പൎയ്യമില്ലാത്തവർ-ഉന്മത്തൻെറ പ്രീതി സമ്പാദിക്കേണ്ടിവന്നു. തൽഫലമായി കമ്മിററിയിൽ സാധാരണ ഒരു സാമാജികനു സിദ്ധിച്ചുവന്നതിൽ കൂടുതൽ ബഹുമതിയും കാൎയ്യലാഭവും നമ്മുടെ പത്രാധിപരദ്ദേഹത്തിനും സിദ്ധിച്ചു. എന്നുമാത്രമല്ല അടുത്ത സ്കൂൾ വൎഷാരംഭത്തിൽ 'ദീപശിഖാ' പത്രാധിപർ പലരിൽനിന്നും കവൎന്നെടുത്ത ഒരു 'പ്രസംഗമാല' ഒരു പാഠ്യപുസ്തകമായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇങ്ങനെ പല കവികളുടേയും കൃതികളിൽനിന്നും അക്രമമായി പദ്യങ്ങൾ പകൎത്തി സ്വന്തം സ്ഥാനവലിപ്പം നിമിത്തം അവ പാഠ്യപുസ്തകങ്ങളാക്കി ധനം സംഭരിക്കുന്ന ചില 'ഇത്തിൾക്കണ്ണി'കളും നാഗപുരിയിൽ ഉണ്ടായിരുന്നു!! ഉന്മത്തൻ പാഠപുസ്തകലിസ്റ്റ് സശ്രദ്ധം പരിശോധിച്ചപ്പോൾ അയാൾക്കുതന്നെ ലജ്ജയും കോപതാപാദിവികാരങ്ങളും ഉണ്ടായി. നാളതുവരെ സാഹിത്യലോകത്തിൽ ഒരു വിധത്തിലുള്ള സ്ഥാനവും സിദ്ധിച്ചിട്ടില്ലാത്തവരായ പലരുടെയും ഗ്രന്ഥങ്ങൾ ആ ലിസ്റ്റിൽ കാണപ്പെട്ടു. എം. എൽ. സി. ക്കാർ, കച്ചവടക്കാർ, സരസ്വതീപ്രസാദം അശേഷംപോലുമില്ലാത്ത ചില സ്ത്രീകൾ, വക്കീലന്മാർ, എന്നുവേണ്ട പലരും ഗ്രന്ഥകാരവൎഗ്ഗ

ത്തിൽപ്പെട്ടിരിക്കുന്നു!! എഴുത്തച്ഛൻ തുടങ്ങിയുള്ള പ്രാമാണികസാഹിത്യരത്നങ്ങൾ പോലും പിന്നണിയിലായി! "വ്യാകരണജ്ഞാനമോ പോകട്ടെ; സാമാന്യം ഭാഷാജ്ഞാനമെങ്കിലും സമ്പാദിക്കാതെ 'ഞാനും ശ്ലോകം ചിലതെഴുതിട്ടും' എന്നു പണ്ടാരോ പറഞ്ഞതുപോലെ ഇക്കൂട്ടരും ഒരുമ്പെട്ടുന്നല്ലോ!" ഈ ഹീനസാഹിത്യമാണല്ലോ ഈ രാജ്യം മുഴുവനമുള്ള വിദ്യാലയങ്ങളിൽ വിഹരിക്കേണ്ടതു്! കഷ്ടം! മഹാകഷ്ടം! എത്ര അപശബ്ദങ്ങളാണു് ഈ ഗ്രന്ഥങ്ങൾ മിക്കതിലും കാണുന്നതു്. എന്റെ ഗ്രന്ഥംതന്നെ ആ മാധവൻനായർ തിരുത്തിയിരുന്നില്ലെങ്കിൽ അതിൽ എത്ര അബദ്ധപ്രയോഗങ്ങൾ കാണുമായിരുന്നു." ഇങ്ങനെ പല ചിന്തകൾക്കിടയിൽ ഒരു നല്ല സാഹിത്യകാരനും സൽഗുരുവുമായിരുന്ന മാധവൻനായരുടെഏതെങ്കിലും കൃതി പാഠ്യപുസ്തകമാക്കീട്ടുണ്ടോഎന്നറിവാൻ ഉന്മത്തൻ ലിസ്റ്റ്ഒന്നുകൂടിപരിശോധിച്ചു. "ഹെയ്! എന്തൊരനീതി; ആ മനുഷ്യൻ എത്ര നാളായി സാഹിത്യലോകത്തിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നു! അദ്ദേഹത്തിന്റെ കൃതികൾ പൊതുവേ സരളമധുരങ്ങളാണു്; ഗദ്യവും പദ്യവും അങ്ങനെതന്നെ. എന്നിട്ടു് അദ്ദേഹത്തിന്റെ ഒരു കൃതിയെങ്കിലും പാഠ്യപുസ്തകമാക്കിയില്ലല്ലോ. ശരി, അടുത്തലക്കം പത്രത്തിൽ ഇതിനെപ്പററി തീക്ഷ്ണമായ ഒരു നിരൂപണമെഴുതണം..................

അഥവാ എന്നെ അവർ ഔദാൎയ്യപൂൎവ്വം സഹായിച്ചിരിക്കുന്നസ്ഥിതിക്കു് ഞാൻ ഇങ്ങനെ ന്യായം പ്രസംഗിച്ചുതുടങ്ങുന്നതു് കൃതഘ്നതയാകയില്ലേ? ഒരുവിധമായ ക്ലേശവും കൂടാതെ രണ്ടുമൂവായിരം ഉറുപ്പിക എനിക്കു കിട്ടുമല്ലോ. ഇങ്ങനെ നാലഞ്ചുകൊല്ലമാകുമ്പോൾ എനിക്കു് 'ആനന്ദഭവനം' ഒന്നു നിൎമ്മിക്കാം; എന്റെ പുത്രനെ ഇംഗ്ലണ്ടിൽ അയയ്ക്കാം. ................................അല്ലെങ്കിൽ ഇംഗ്ലണ്ടിലയച്ചതുകൊണ്ടെന്തു പ്രയോജനം? കാൺഗ്രസ്സുഭരണം നടപ്പായിവന്ന ഇക്കാലത്തു കേവലം ധനംകൊണ്ടുമാത്രം തിരുമണ്ട

ന്മാൎക്കും സമ്പാദിക്കാവുന്നപാശ്ചാത്യഡിഗ്രികളെ ജനങ്ങളും ഭരണകൎത്താക്കളും പണംകൊടുത്തു വാങ്ങുന്ന 'ഹോമിയോപ്പതി ഡിപ്ലോമാ'കൾപോലെ അവഗണിക്കാനേ ഇടയുള്ളൂ! ഇനിമേൽ ഈ വിദ്യകൊണ്ടു ഗവൎമ്മെൻറിൻെറ കണ്ണിൽ പൊടിയിട്ടു മയക്കാൻ സാധിക്കുമോ എന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു!! എന്തെങ്കിലും 'ധനസംഹതി സംഭരിച്ചാ'ൽ എന്നെ എല്ലാവരും കൊണ്ടാടുമെന്നുള്ളതു് നിശ്ചയമാണു്. മാധവൻനായർ സദാ സത്യപ്രസംഗവും സന്മാൎഗ്ഗവും സ്വതന്ത്രബുദ്ധിയുംകൊണ്ടു നടന്നാൽ ആരാണു് അയാളെ സഹായിക്കാൻ പോകുന്നതു്? ഇക്കാലത്തു് അവനവൻെറ കാൎയ്യം നോക്കുന്നതാണുത്തമം......" എന്നിങ്ങനെ തീരുമാനിച്ചു് ഉന്മത്തൻ ലിസ്റ്റു് മടക്കി മേശപ്പുറത്തു നിക്ഷേപിച്ചു.

അന്നുവൈകുന്നേരം ഉന്മത്തൻ സമുദ്രതീരത്തിൽവച്ചു മാധവൻനായരെ കാണാൻ ഇടയായി. സൂൎയ്യൻ സുവൎണ്ണരശ്മികളാൽ സമുദ്രജലത്തെ ശോഭായമാനമാക്കിക്കൊണ്ടു് അണയാൻ ആരംഭിക്കുകയായിരുന്നു. ആതപംനിമിത്തം വിളറിയിരുന്ന ചന്ദ്രൻെറ ശോഭ ക്രമേണ വൎദ്ധിച്ചുതുടങ്ങി. മാധവൻനായർ ഈ 'വ്യസനോദയ'ങ്ങൾകണ്ടു് ഒരു ചെറുമന്ദസ്മിതംതൂകി. ആ അവസരത്തിൽ വീശിയ ഒരു ഇളംകാററു നായൎക്കു് ഒരു നവോന്മേഷം ഉണ്ടാക്കി. അദ്ദേഹം ഉന്മത്തനുമായി ഇപ്രകാരം സംഭാഷണം ആരംഭിച്ചു:—

"അതാ പ്രകൃതി നമ്മെ ഒരുത്തമപാഠമല്ലേ പഠിപ്പിക്കുന്നതു്."

ഉന്മത്തൻ:—"എന്താണതു്."

"ഇതേവരെ വിളറി ക്ഷീണിച്ചിരുന്ന ചന്ദ്രൻെറ ഇപ്പോഴത്തെ അവസ്ഥ നോക്കുക."

"അതേ, ചന്ദ്രൻ പ്രകാശിക്കുന്നുണ്ടു്. ഇതിൽ നിന്നെന്തുപാഠമാണു് പഠിക്കാനുള്ളതു്?"

"കഷ്ടാവസ്ഥയിൽ പെട്ടിരിക്കുന്നവക്കും പ്രകൃതി ഒരു കാലത്തു് ഐശ്വൎയ്യപദവി നൽകുമെന്നുള്ളതാണു്."

"ഇതുകൊണ്ടൊന്നും സമാധാനപ്പെടാൻ ഞങ്ങളാരും തയ്യാറില്ല. കിട്ടുന്ന സുവൎണ്ണാവസരങ്ങളെ പാഴിൽ കളയാതെ അപ്പോഴപ്പോൾ ഫലപ്രദമായി ഉപയോഗിക്കുക എന്നുള്ളതാണു ഞങ്ങളുടെ നയം."

"അതെ, ഇന്നത്തെ ലോകം കാൎയ്യമായി കരുതുന്നതും അതുതന്നെ. നിങ്ങളൊക്കെ ഇത്രവേഗത്തിൽ ഐശ്വൎയ്യപദവിയിൽ എത്തിയതിന്റെ രഹസ്യവും അതായിരിക്കാം. എന്നാൽ അല്പം പിന്നണിയിൽ നില്ക്കാനാണു ഞങ്ങൾക്കു താല്പൎയ്യമുള്ളതു്."

"ഇക്കാൎയ്യത്തെപ്പററി അങ്ങയോടു സംസാരിക്കണമെന്നു് ഞാൻ പലപ്പോഴും വിചാരിക്കാറുണ്ടു്. ബാല്യം മുതൽ അങ്ങു് എനിക്കു നൽകീട്ടുള്ള ഉപദേശങ്ങൾ പലതും ഞാൻ ശിരസാവഹിച്ചിട്ടുണ്ടു്. അങ്ങയുടെ സന്മാൎഗ്ഗനിഷ്ഠ, പാണ്ഡിത്യം, നിസ്തന്ദ്രത മുതലായ ഗുണങ്ങളെപ്പററിയും എനിക്കു പരമബോദ്ധ്യമുണ്ടു്. എന്നാൽ ഭൌതികമായ ശ്രേയസ്സിൽ അങ്ങു് തിരെ വിമുഖനായി കാണുന്നല്ലോ."

"എനിക്കു ഭൌതികശ്രേയസ്സിൽ പ്രത്യേകവൈമുഖ്യമൊന്നുമില്ല. ലോകമൎയ്യാദ അനുസരിച്ചു് ഗൃഹസ്ഥധൎമ്മം ആചരിച്ചുവരുന്ന ഒരുവനാണു ഞാൻ. എന്നാൽ കഴിയുന്നതും സത്യത്തിൽനിന്നും വ്യതിചലിക്കാതെ സ്വകൃത്യം നിറവേററി സമാധാനത്തോടും സ്വാതന്ത്ര്യത്തോടും ജീവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു."

"അങ്ങെപ്പോഴും സത്യവും ധൎമ്മവും സ്വാതന്ത്ര്യവും ഒക്കെ പ്രസംഗിക്കുന്നു. സമൎത്ഥന്മാർ കൎമ്മകുശലതയോടുകൂടി ഉത്സാഹപൂൎവം പ്രവൎത്തിച്ചു് ഐശ്വൎയ്യപദവിയിൽ എത്തുന്നു. ഒരുദാഹരണം പറയട്ടെ; ഈവരുന്ന കൊല്ലത്തേയ്ക്കു് അങ്ങയുടെ കൃതികളിൽ ഏതെങ്കിലുമൊന്നു

പാഠ്യപുസ്തകമാക്കിട്ടുണ്ടോ? നിസ്സാരന്മാരായ എത്രപേർ ഗ്രന്ഥകൎത്താക്കളായി ഞെളിയുന്നു!!"

"എൻെറ കൃതികൾക്കു കമ്മിററിക്കാരുടെ ദൃഷ്ടിയിൽ യോഗ്യതയില്ലായിരിക്കാം. ഞാൻ എം. എൽ. സി. യല്ല; പത്രാധിപരല്ല; എനിക്കുസേവയില്ല; പ്രകാശകന്മാർ മുഖാന്തിരം കൈക്കൂലി നൽകാൻ ഞാൻ തയ്യാറില്ല; എൻെറ കൃതികൾ പാഠ്യപുസ്തകങ്ങളാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു ശ്വാസത്തിൽ എഴുതിത്തീൎത്തവയുമല്ല; ഭാഷയുടെയും പൊതുജനങ്ങളുടെയും നന്മയെ ലാക്കാക്കി നിൎമ്മിക്കപ്പെട്ടിട്ടുള്ളവയത്രേ അവയെല്ലാം."

"അതൊക്കെ ശരി. ആ കമ്മിററി അംഗങ്ങളെയും മററും ഒന്നു കണ്ടുകളയാമായിരുന്നല്ലോ."

"ഞാൻ ഒരുവരേയും കാണുകയില്ല. പുസ്തകമെഴുതി; സ്വന്തം ചെലവിൽ അച്ചടിപ്പിച്ചു; കമ്മിററിക്കയച്ചു; അപ്പോൾ എൻെറ കൃത്യം അവസാനിച്ചു; എന്നാണു് എൻെറ നിശ്ചയം. എന്നാൽ ചില കമ്മിററിയംഗങ്ങളെയും ഞാൻ യാദൃച്ഛികമായി കാണുകയുണ്ടായി. അവർ എൻെറ കൃതികളെപ്പററി നല്ല അഭിപ്രായം പുറപ്പെടുവിക്കുകയും ചെയ്തു. അവർ യോഗ്യന്മാരാണു്. എന്നാൽ അയോഗ്യന്മാർ ഭൂരിപക്ഷമുള്ള ഒരു സംഘത്തിൽ യോഗ്യന്മാൎക്കു് എന്തുചെയ്യാൻ സാധിക്കും?"

"കൊള്ളാം. ഭഗവാനേ! പുസ്തകമയച്ചുകഴിഞ്ഞാൽ ക്ലാക്കന്മാർ "വലിച്ചുവാരി ചവററുകുട്ടയിൽ തള്ളാ"തിരിക്കണമെങ്കിൽ അവിടെ ആൾചെല്ലണം. അപ്രൂവുചെയ്യാൻ ത്രൂപാശ്! പിന്നെയാണു പ്രിസ്ക്രൈബ് ചെയ്യുന്നതു്!! ......"എന്താ ഹേ! നിങ്ങൾക്കു് 1500 രൂപാ യാതൊരു ക്ലേശവും കൂടാതെ കിട്ടുന്നില്ലേ? 500 രൂപാ കൊടുത്താലെന്തു്" എന്നും മററുമുള്ള ചോദ്യങ്ങൾ ചില സ്ഥലങ്ങളിൽ ഉണ്ടാകും!! രണ്ടുമൂവായിരം രൂപയുടെ കറൻസി നോട്ടുകളുമായി ചില പുസ്തകക്കച്ചവടക്കാർ വന്നിരിക്കുന്ന കാഴ്ചകളും

കാണാം......!!! അതൊക്കെ പോകട്ടെ. എന്തു കഷ്ടപ്പെട്ടാലാണ് ഒരു പുസ്തകം പാഠ്യമാക്കി കിട്ടുന്നതു്?"

"കഷ്ടം! ഇതൊക്കെ കേൾക്കുന്നതേ ലജ്ജാവഹം! ഇത്ര ദുഷിച്ചുപോയല്ലോ നമ്മുടെ രാജ്യം. എനിക്ക് എന്തെല്ലാം ഐശ്വര്യങ്ങൾ ഉണ്ടാകുമെന്നിരുന്നാലും ഞാൻ ആരെയുംകണ്ടു് "ഒരു പുസ്തകം പാഠ്യമാക്കിത്തരണേ" എന്നു് യാചിക്കയില്ല. മററുള്ള ഹീനപ്രവൃത്തികളെപ്പററി ചിന്തിക്കുന്നതുതന്നെ മഹാപാപം! കഷ്ടം മർത്ത്യനും ജീവിക്കുന്നു! മൃഗങ്ങളും ജീവിക്കുന്നു!"

"ആകട്ടെ, ഇങ്ങനെ തത്ത്വജ്ഞാനികളായി ജീവിക്കുന്നവർക്കു് ലോകം എന്തു വില കല്പിക്കുന്നു?"

"ഞാൻ ഒരു പാവപ്പെട്ട അദ്ധ്യാപകൻ. എനിക്കു് ഒരു വിലയും വേണ്ട. എനിക്കു് സമ്പാദ്യവും വേണ്ട. ആരും എന്നെ 'ടീപാർട്ടിക്കു' ക്ഷണിക്കണ്ട."

"എന്നാൽ അങ്ങയെ കുറേക്കൂടി ഐശ്വര്യപദവിയിൽ കണ്ടാൽകൊള്ളാമെന്നാണു് ഞങ്ങളുടെ ആഗ്രഹം."

"അതിനു ദൈവം കടാക്ഷിക്കട്ടെ—"

"എല്ലാം ഈ ദൈവത്തെമാത്രം ആശ്രയിച്ചാൽ സാധിക്കുമോ? അദ്ദേഹം ജോലിക്കൂടുതൽകൊണ്ടു് ഇപ്പോൾ അല്പം വിശ്രമം അർത്ഥിക്കുന്നു!"

"എന്താ മി: ഉന്മത്തൻ! ആ മഹച്ഛക്തിയെയും വിസ്മരിച്ചുതുടങ്ങിയോ? യൌവ്വനമദം എല്ലാരിലും ഈമാതിരി ചിന്ത ജനിപ്പിക്കുക സാധാരണമാണു്. കാലമാണല്ലോ നമ്മെ പല ഗുണപാഠങ്ങളും പഠിപ്പിക്കുന്നതു്!"

"ഹെയ്! ഞാൻ ഒരിക്കലും വിസ്മരിച്ചില്ല. സ്വാശ്രയശക്തിയാണു് കൂടുതൽ ഫലപ്രദമായി ഇപ്പോൾ തോന്നുന്നതു്. അത്രേയുള്ളു."

"അതു് ഇപ്പോഴല്ലേ?"

ഉന്മത്തൻ ഘടികാരത്തിൽ ബദ്ധാപ്പെട്ടു നോക്കീട്ടു് "എന്നാൽ ഞാൻ പോയിവരട്ടെ. ഡയറക്ടരദ്ദേഹം ഏഴേ കാൽമണിക്കു് ഏതോ സ്വകാര്യംപ്രമാണിച്ചു വരുമെന്നു പറഞ്ഞിട്ടുണ്ടു്."

മാധവൻനായരുടെ അനുമതിവാങ്ങി പത്രാധിപർ സ്വഭവനത്തിലെത്തി. പ്രതീക്ഷിച്ചിരുന്ന അതിഥി കൃത്യസമയത്തുതന്നെ വന്നുചേൎന്നു. അവർ തമ്മിൽ അത്യന്തരഹസ്യമായ ഒരു സംഭാഷണവും നടന്നു. അന്നുരാത്രിതന്നെ നാഗപുരിയിലെ മററു ചില ഉദ്യോഗസ്ഥന്മാരും 'ദീപശിഖാധി'പരെ കാണുന്നതിനു വന്നിരുന്നു. നോക്കണേ! ഉന്മത്തൻെറ ഭാഗ്യവിശേഷം! മാധവൻനായരുടെ ശ്രേഷ്ഠങ്ങളായ ഉപദേശങ്ങളൊക്കെ അയാളുടെ മനസ്സിൽനിന്നും പമ്പകടന്നു. യുക്തംപോലെ വളഞ്ഞും തിരിഞ്ഞും പത്രത്തിൽ എഴുതിയാൽ എത്ര 'വലിയആളുക'ളുടെ പ്രീതിയും തൽഫലമായ കാൎയ്യലാഭവും ഉണ്ടാകുമെന്നോൎത്തു് അയാൾ അത്ഭുതപ്പെട്ടു.

പിറേറദ്ദിവസം വാൎത്തകൾ സംഗ്രഹിക്കാനായി ഹിൻഡു പത്രം നോക്കിവരവേ താഴെക്കാണുന്ന വൎത്തമാനം ഉന്മത്തൻെറ ശ്രദ്ധയെ ആകർഷിച്ചു:—'ശ്രീ: മാധവൻനായർ അവർകൾ എം. ഏ-യെ ചിദംബരം സൎവകലാശാലയിൽ 350 രൂപാ ശമ്പളത്തിൽ സംസ്കൃതാധ്യാപകനായി നിയമിച്ചിരിക്കുന്നു."

"ഇതെന്തത്ഭുതം! അദ്ദേഹം ഒരു ശുപാർശയ്ക്കുംപോകാത്ത ആളാണല്ലോ. ഇതായിരിക്കാം അദ്ദേഹം പ്രസംഗിച്ച ദൈവത്തിൻെറ കളി." ഇങ്ങനെ പത്രാധിപർ പലവിധ ചിന്തകളിൽ മുഴുകി.

# അദ്ധ്യായം ആറ്.

ഗ്രന്ഥകർത്തൃത്വം.

ഉന്മത്തൻ ക്രമേണ ഒരു ഗ്രന്ഥകാരനായിത്തീൎന്നു. ദീപശിഖ'യിൽ സ്തുതിപരമായ ഒരഭിപ്രായം കാണണമെന്നു് ആഗ്രഹിച്ച സാഹിത്യകാരന്മാർ സ്വകൃതികൾ പത്രാധിപൎക്കു് പാരിതോഷികമായി അയച്ചുവന്നിരുന്നു. അവയോടുകൂടി വന്നിരുന്ന സ്വകാൎയ്യക്കത്തുകളിൽ തൽകൎത്താക്കൾ പ്രകടിപ്പിച്ചിട്ടുള്ള ഇംഗിതമനുസരിച്ചു് പുസ്തകനിരൂപണമെഴുതുന്ന ശീലവും പത്രാധിപർ സമ്പാദിച്ചു. തൽഫലമായി ആ ജോലിയിൽ അധിപരെ സഹായിച്ചുവന്നിരുന്ന ശുദ്ധബുദ്ധിയായ വാസുദേവനുണ്ണി ജോലി രാജിവച്ചിട്ടു് വേറെ ഉപജീവനമാർഗ്ഗം തേടിപ്പോയി. ദീപശിഖയിൽ മണ്ഡനരൂപമായ ഒരു നിരൂപണം ചേൎക്കുന്നതു് ഏതുഗ്രന്ഥത്തിന്റെയും ഐശ്വൎയ്യത്തിനു് അത്യന്താപേക്ഷിതമായിത്തീൎന്നു. പത്രാധിപർ ക്രമേണ തന്റെ നയം ഒന്നുമാററി. പുസ്തകത്തോടുകൂടി ഒരു ചെറിയ സംഭാവനകൂടി അയയ്ക്കുന്നവരോടുമാത്രം പ്രത്യേകം ആനുകൂല്യം പ്രദൎശിപ്പിക്കുകഎന്നുള്ളതാണു് അദ്ദേഹത്തിനു കുറേക്കൂടി സ്വീകാൎയ്യമായി തോന്നിയതു്.

ഇങ്ങനെ നാകപുരിയിലെ തല്ക്കാലസാഹിത്യവുമായി ഉന്മത്തനു് നല്ല പരിചയംസിദ്ധിച്ചു. "ഈമാതിരി കൃതികളെഴുതാൻ വല്ല വിഷമവുമുണ്ടോ? വ്യാകരണജ്ഞാനം വേണ്ട; സംസ്കൃതഭാഷ തൊടുകയേവേണ്ട; ഗദ്യവും പദ്യവും തോന്നിയപോലെ എഴുതാം; സന്മാൎഗ്ഗനിഷ്ഠയിൽ പ്രതിപത്തി വേണ്ട; എന്തെഴുതിയാലും ബാലന്മാർ പഠിക്കണം; നീതിശാസ്ത്രങ്ങളുംമററും ശുഷ്കങ്ങൾ, അഥവാ വെ

റും ബോറു്; എനിക്കു തോന്നിയതുപോലെ ഞാനും എഴുതും." എന്നിങ്ങനെ തീരുമാനിച്ചു് ഉന്മത്തൻ പൂൎവ്വാധികം നിസ്തന്ദ്രതയോടുകൂടി സാഹിത്യപരിശ്രമം ആരംഭിച്ചു. ഒരു ഗ്രന്ഥകാരൻ എത്രത്തോളം സൂക്ഷിച്ചാലും അയാളിൽ നിസൎഗ്ഗമധുരമായുള്ള സ്വഭാവവിശേഷം സ്വകൃതികളിൽ ഓരോ പാത്രങ്ങൾമുഖേന വെളിപ്പെടുമെന്നുള്ളതിനു് പല ഗ്രന്ഥങ്ങളും ഉത്തമസാക്ഷ്യം വഹിക്കുന്നു. പ്രേമാമൃതത്തിലെ പങ്കിപ്പണിക്കർ, ഇന്ദുലേഖയിലെ ചെറുശ്ശേരി, കേശവീയത്തിലെ ശ്രീകൃഷ്ണൻ മുതലായ കഥാപാത്രങ്ങളിൽ തത്തൽഗ്രന്ഥകൎത്താക്കളുടെ സ്വഭാവവിശേഷങ്ങൾ പലതും നിഴലിച്ചുകാണുന്നില്ലേ? ഈ തോതനുസരിച്ചു് ഉന്മത്തന്റെ ഗ്രന്ഥപരമ്പരകളിൽ അയാളുടെ സ്വഭാവരീതിയും വാസനാവിശേഷങ്ങളും നിഴലിച്ചുകണ്ടു. പുരാണങ്ങളോടെന്നുമാത്രമല്ല ഇതിഹാസങ്ങളോടും പ്രാമാണികസാഹിത്യത്തോടു പൊതുവേയും ഉന്മത്തനു വെറുപ്പാണു്. കണ്ണും കരളും കാഞ്ഞു് കഷ്ടപ്പെട്ടെഴുതിട്ടുള്ള മഹാകാവ്യങ്ങളെന്നുമാത്രമല്ല, കഥകളിതുടങ്ങിയുള്ളവയും അയാളുടെ ഇഷ്ടത്തിനു പാത്രീഭവിച്ചിരുന്നില്ല. "മഹാകാവ്യകൎത്താക്കൾ കേവലം സംസ്കൃതം കണ്ടുപകൎത്തുന്നവർ; അവൎക്കു മനോധൎമ്മമല്ല; 'റൊമാൻറിക്'കവിത' എഴുതാൻ അവൎക്കു് പരിചയമില്ല; യമകം, ഏകാക്ഷരപദ്യം മുതലായവയൊക്കെ ഇന്ദ്രജാലവിദ്യ; വയ്ക്കോൽത്തുറുപോലെ നിൎജ്ജീവമായി ധാരാളം എഴുതിക്കൂട്ടുന്നതിനത്രേ അവൎക്കു താല്പൎയ്യം; എന്തിനാണാവോ ഈ നിഷ്ഫലപ്രയത്നം? അവരുടെ കൃതികളിലെ ഒരു പദ്യം വായിച്ചു് സാരം ഗ്രഹിക്കണമെങ്കിൽ എത്രപ്രാവശ്യം നിഘണ്ടു നോക്കണം! ശുദ്ധ 'പാവയ്ക്കാപ്പരുവ'ത്തിൽ ഗദ്യപദ്യങ്ങൾ നിൎമ്മിക്കുന്ന ചില മഹാപണ്ഡിതന്മാരുണ്ടു്! ശിവനേ! ഇവൎന്നിമിത്തം ഇരിക്കപ്പൊറുതിയില്ലാതെ വന്നിരിക്കുന്നു! നിഘണ്ടുക്കളും അപൂൎവ്വങ്ങളായ പല സംസ്കൃതഗ്രന്ഥങ്ങളും മേശപ്പുറത്തു നിരത്തിവച്ചുകൊണ്ടാണു് ഇക്കൂട്ടർ ഗ്രന്ഥനിൎമ്മിതിക്കു് ഒരു

പ്പെടുന്നതു്. ഗ്രന്ഥം പുറത്തുവരുമ്പോഴോ? ഓഹോ പാ ണ്ഡിത്യം കടുകട്ടി; എന്തു ഗഹനങ്ങളായ ആശയങ്ങൾ; എ ത്ര സംസ്കൃതഗ്രന്ഥങ്ങളാണു് ഇദ്ദേഹത്തിന്നു് കരതലാമലകം പോലെ സ്വാധീനമായിരിക്കുന്നതു്? എന്നൊക്കെയായിരി ക്കും സാധാരണക്കാരുടെ അനുമാനം! ഇതൊക്കെ ഒരുതരം പേക്കൂത്തെന്നല്ലാതെ എന്തുപറയുന്നു......" ഇങ്ങനെ പല മാതിരി ചിന്തകളോടുകൂടിയാണു് ഉന്മത്തൻ സാഹിത്യപരി ശ്രമം തുടങ്ങിയതു്. ശൃംഗാരമെന്നു മാത്രമല്ല നവരസങ്ങ ളും ഇഷ്ടംപോലെ അയാൾ കൈകാര്യംചെയ്തുതുടങ്ങി. യ ഥാർത്ഥമായ പ്രേമത്തിന്റെ സാത്വികഭാവവും അതിന്റെ നിസർഗ്ഗസുന്ദരമായ പരിശുദ്ധിയും മനസ്സിലാക്കി, അതി നെ ഉചിതങ്ങളായ വിഭാവങ്ങളെക്കൊണ്ടു പോഷിപ്പിക്കുന്ന തിനുംമററും ഉന്മത്തനെപ്പോലുള്ള കിഞ്ചിജ്ഞന്മാൎക്കു എങ്ങ നെ സാധിക്കും? അയാളുടെ കൃതികൾ വായിച്ചാൽ അവ യിൽ മനഃശാസ്ത്രത്തിന്റെ പ്രാഥമികതത്വങ്ങൾകൂടി വി സ്മരിച്ചിട്ടുള്ളതായി കാണാം. രസപ്രതിപാദനം ആൎക്കും സുഗ മമാണെന്നു സാമാന്യലോകം ഭ്രമിക്കുന്നു. കാവ്യശാസ്ത്രാദിക ൾ വഴിയാംവണ്ണം അഭ്യസിച്ചതിനുശേഷംമാത്രം ഉളവാകു ന്ന സഹൃദയത്വം, ലോകപരിജ്ഞാനം മുതലായവയൊക്കെ തൃണമല്ലേ? പോരെങ്കിൽ 'ശുദ്ധാത്ഥകവിത' തുടങ്ങിയുള്ള ന വീനപ്രസ്ഥാനങ്ങളും വന്നുതുടങ്ങിയ കാലം അതായിരുന്നു. ഉന്മത്തനും ചില കവിതകളെഴുതി. ഈ കവിതകളെ സ്തു തിച്ചു് അയാൾതന്നെ സുദീർഘങ്ങളായ ഉപന്യാസങ്ങളെ ഴുതി കള്ളപ്പേരുവച്ചു 'ദീപശിഖ'യിൽ പ്രസിദ്ധപ്പെടുത്തി. ഇവ കണ്ടു ഭ്രമിച്ചു് ശക്തി, നിപുണത തുടങ്ങിയ ഗുണങ്ങൾ കണികണ്ടിട്ടുപോലുമില്ലാത്ത പല കവിയശഃപ്രാൎത്ഥികളും ഉന്മത്തനെ അനുകരിച്ചുതുടങ്ങി. ഇത്തരം കവിതകൾകണ്ടു പണ്ഡിതന്മാർ സംഭ്രമിച്ചു. എന്നാൽ ഈ ഭാഗ്യവിപൎയ്യയം ക്രമേണ നീങ്ങുമെന്നുള്ള പൂൎണ്ണവിശ്വാസത്താൽ ശാന്തന്മാ രായ ചിലർ മൗനമവലംബിക്കുകയാണുണ്ടായതു്. ദീർഘ

ദർശികളും ധീരന്മാരുമായ മററു ചില ഭാഷാഭിമാനികൾ ഈമാതിരി ക്ഷുദ്രസാഹിത്യത്തെ ആക്ഷേപിച്ചു പല ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. സുഗമങ്ങളും ലാഘവമേറിയവയുമായ പ്രസ്ഥാനങ്ങൾക്കു് വിലകുറഞ്ഞ സാമാനങ്ങൾക്കെന്നപോലെ എളുപ്പത്തിൽ പ്രചുരപ്രചാരം സിദ്ധിക്കുന്നതു് നാം സാധാരണ കണ്ടുവരുന്നുണ്ടല്ലോ. അതനുസരിച്ചു് ഉന്മത്തനും കൂട്ടർക്കും താല്ക്കാലികമായ വിജയമത്രേ സിദ്ധിച്ചതു്.

ക്രമേണ ഈ ക്ഷുദ്രസാഹിത്യത്തിനു് വിദ്യാലയങ്ങളിലും പ്രവേശനം സിദ്ധിച്ചുതുടങ്ങി. അധ്യാപകന്മാരും വിദ്യാർത്ഥികളും വിഷമിച്ചു. നാലും അഞ്ചും വരികളടങ്ങിയ കവിതകളാണു് ഈ ഗൂഢാർത്ഥകവികൾ സാധാരണമായി എഴുതിവന്നതു്. ഇടയ്ക്കു് പല വരികളും കുത്തിട്ടു നിറച്ചിരിക്കും. അവിടെയൊക്കെ അതിഗഹനങ്ങളായ അർത്ഥവിശേഷം 'നിരർഗളനിർഗളൽ ഗംഗാതരംഗപരമ്പര'പോലെ പ്രവഹിക്കുന്നുണ്ടെന്നത്രേ ഇക്കൂട്ടരുടെ വിചാരം! ഉദാഹരണമായി ഉന്മത്തൻ ആയിടയ്ക്കെഴുതിയതും പല യുവസാഹിത്യകാരന്മാരുടെയും പ്രശംസയ്ക്കു് പാത്രീഭവിച്ചതുമായ ഒരു കവിത താഴെ ചേർത്തുകൊള്ളുന്നു.

## * പ്രേമധ്വനി.

നിന്നുടെ ചേലത്തുമ്പു-
വിട്ടു ഞാനെഴുന്നേററു-
പോന്നോരു നേരമിന്നി-
ങ്ങെങ്ങനെ യോക്കും ഭദ്രേ!

---

* വൃത്തം: —തോന്നിയ വൃത്തം. ലക്ഷണമന്വേഷിച്ചു് മെനക്കെടേണ്ട. കവിയുടെ നൂതനസൃഷ്ടി. ഷെല്ലിയുടേയും ബൈറൺറയും മാതൃക.

.........................

.........................

.........................

.........................

പ്രേമമേ രാഗമേ നീ
  കേമനത്രേ നിശ്ചയം!!!
I ഏറ്റമാററാനൊന്നുമില്ല-
  ഹേ മനോഹരത്തിടമ്പേ!!

.........................

.........................

.........................

.........................

നവരത്നവും നീതാൻ
  ലോകമത്രയും നീതാൻ
നിന്നാണെ നിന്നെക്കുറിച്ചു
  മങ്ങുന്നു ഞാനെപ്പോഴും.

ഒരു പുസ്തകമെഴുതിക്കഴിഞ്ഞാൽ അതിന് സ്ഥാനവലിപ്പമുള്ളവരെക്കൊണ്ടു് അവതാരിക എഴുതിക്കുന്നതു് പുസ്തകത്തിൻെറ ഭൌതികമായ ശ്രേയസ്സിന് അന്നു് അത്യന്താപേക്ഷിതമായിരുന്നു. സ്വകൃതിയ്ക്കു് ഉള്ളതിലധികം വില സാഹിത്യലോകത്തിൽ ഉണ്ടാകണം എന്നാഗ്രഹമുള്ള കൂട്ടർ ചില പണ്ഡിതവൃദ്ധന്മാരെയും, പാഠ്യപുസ്തകമാക്കണമെന്നു താല്പര്യമുള്ളവർ തദ്വിഷയകമായ പ്രവൃത്തിപദ്ധതികളിൽ സ്ഥാനവലിപ്പമുള്ളവരെയും അഭയം പ്രാപിക്കുക പ

---

I ഏമാററുക=കളിപ്പിക്കുക. ഇതരഭാഷാപദങ്ങൾ യഥേഷ്ടംപോലെ ചേർത്തു ഭാഷ പോഷിപ്പിക്കുന്ന കാര്യത്തിൽ ഭാഷാഭിമാനികൾ ശ്രദ്ധിക്കണം.

തിവാണു്. സമപ്പ്ണം എന്നു് മററൊരു വിദ്യയുമുണ്ടു്. അക്ഷരലേശജ്ഞാനംപോലുമില്ലാത്ത ചില ലക്ഷപ്രഭുക്കളെ ണ്ടല്ലോ. തങ്ങളുടെ പേരു് നാടകനോട്ടിസുകളിലെങ്കിലും അച്ചടിച്ചു കാണണമെന്നു് ഇവക്ക് വലിയ താല്പയ്യമാണു്. അങ്ങനെയിരിക്കെ ഒരു ഗ്രന്ഥം തനിക്കു് സമപ്പിക്കുന്നതു് ഇവരിലൊരാൾ പരമാനുഗ്രഹമായി കരുതുമെന്നുള്ളതിനു് രണ്ടു പക്ഷമില്ല. ഉന്മത്തൻ നല്ല മനശ്ശാസ്ത്രനിഷ്ണാതനാ ണെന്നു് മുൻപു പറഞ്ഞിട്ടുണ്ടല്ലോ നാഗപുരിയിലെ ഒരു ലക്ഷപ്രഭുവായ വൈകുണ്ഠമേനോനെപ്പററി അയാൾ കേട്ടി രുന്നു. ആ 'മഹാൻെറ 'ഔദാര്യശീല'ത്തെപ്പററി 'പൊടി പ്പും തൊങ്ങലും' ചേത്തു് സാമാന്യം ദീർഘമായ ഒരു ലേഖ നം അടുത്തലക്കം 'ദീപശിഖ'യിൽ പ്രസിദ്ധംചെയ്യപ്പെട്ടു. ഇതുകണ്ടു് സന്തുഷ്ടനായ മേനോൻ ഉന്മത്തനെ ആളയച്ചു വരുത്തി വേണ്ടവിധത്തിൽ സൽക്കരിച്ചു. തന്മധ്യേ തൻെറ പുതിയ കാവ്യം മേനോൻ അവർകളുടെ "തിരുവടികളിൽ" സമപ്പിക്കുന്നതിനുള്ള അനുമതിയും ഉന്മത്തനു് സിദ്ധിച്ചു. അയാൾ സന്തുഷ്ടനായി യാത്രയായി.

മാധവൻനായർ ചിദംബരം സവ്കലാശാലയിൽ സംസ്കൃതാധ്യാപകനായി നിയമിതനായകാലംമുതൽ ഉന്മ ത്തനും, സാഹിത്യലോകം പൊതുവേയും അദ്ദേഹത്തിനു് അല്പംകൂടി വില കല്പിച്ചുതുടങ്ങി. തൻെറ ഗ്രന്ഥത്തിനു് 'മമ്മപ്രകാശം' എന്നൊരു വ്യാഖ്യാനം എഴുതി അയച്ചുതര ണമെന്നുള്ള അപേക്ഷയോടുകൂടി ഉന്മത്തൻ അതിനെ മാ ധവൻനായക്കു് അയച്ചു. സമപ്പ്ണം കണ്ടപ്പോൾതന്നെ ഉണ്ടായ വെറുപ്പോടുകൂടി നായർ ഗ്രന്ഥം ഒരാവൃത്തി സ്ഥൂല മായി വായിച്ചു; പിന്നീടാണു് എഴുത്തു് മനസ്സിരുത്തി വാ യിച്ചതു്. "മമ്മപ്രകാശം എന്നൊരു വ്യാഖ്യാനം ഞാനെ ഴുതണമെന്നോ? നന്നായി. കേരളവമ്മതിരുമേനിയുടെ മ യൂരസന്ദേശത്തിനു് കേരളപാണിനി (മമ്മപ്രകാശം) എ ന്നൊരു വ്യാഖ്യാനമെഴുതീട്ടുണ്ടല്ലോ. അങ്ങനെയിരിക്കെ ഉ

ന്മത്തനും ഒരു കേരളവർമ്മയാകാമല്ലോ! ശിവനേ! ഞാനെന്തുപറയുന്നു! ഈ കൃതിയുടെ മർമ്മങ്ങളെല്ലാം പ്രകാശിപ്പിച്ചുതുടങ്ങിയാൽ ബഹുവിചിത്രമായിരിക്കും!!.......ഇപ്പോൾ എന്താണു ചെയ്യേണ്ടതു്? ഇതിലെ സാക്ഷേപങ്ങളായ പ്രയോഗങ്ങളും ദൂഷിച്ച ആശയങ്ങളും മററും ചൂണ്ടിക്കാണിച്ച് ഒരു മറുവടി അയച്ചാൽ ഉന്മത്തനു രസിക്കുമോ ആവോ? ........" ഇങ്ങനെ മാധവൻനായർ പലവിധചിന്തകളിൽ മുഴുകി. അതാതു കാലത്തിനൊത്തു മനസ്സാക്ഷിയെ അങ്ങോട്ടുമിങ്ങോട്ടും വളയ്ക്കുന്നതിനു ഋജുബുദ്ധിയായ നായർക്കു നാളതുവരെ സാധിച്ചിട്ടില്ല. കാളേജിൽ അദ്ധ്യാപകവൃത്തി ലഭ്യമായതോടുകൂടി അദ്ദേഹത്തിന് അവതാരികയെഴുതണമെന്നുള്ള അപേക്ഷാപൂർവം വന്നുകൊണ്ടിരുന്ന ഗ്രന്ഥങ്ങൾ അനവധിയായിരുന്നു. അദ്ദേഹം അവയൊക്കെ ക്ഷമയോടുകൂടി പരിശോധിച്ചു തെററുകൾ തിരുത്തിയിട്ടു വേണ്ട ഉപദേശങ്ങളോടുകൂടി തത്തൽഗ്രന്ഥകത്താക്കൾക്കു മടക്കി അയയ്ക്കുക പതിവായിരുന്നു. "ഭാഷാഗ്രന്ഥങ്ങൾ നല്ലവണ്ണം പഠിക്കണം; അല്പം സംസ്കൃതവും; ഒരുവിധമെങ്കിലും വ്യുല്പത്തിദാർഢ്യം ഉണ്ടായാൽ ഈ ഗ്രന്ഥം സ്വയം പരിശോധിച്ചു ശരിയാക്കാം. പിന്നീട് ഇങ്ങോട്ടയയ്ക്കുക" എന്നുള്ള നിർദ്ദേശത്തോടുകൂടിയും ചില ഗ്രന്ഥങ്ങൾ മടക്കിഅയയ്ക്കേണ്ടിവന്നിട്ടുണ്ടു്. എന്നാൽ ഈ മാതിരി ഗ്രന്ഥങ്ങൾ സർവ്വകലാശാലയുടെ ഭിത്തികൾപോലും കുത്തിത്തുരന്നു് അദ്ധ്യാപകന്മാരെയും വിദ്യാർത്ഥികളെയും വിഷമിപ്പിക്കുന്നതും അദ്ദേഹത്തിനു് അനുഭവപ്പെട്ടു!! ഇങ്ങനെയൊക്കെയാണെങ്കിലും നായർ തൻെറ നയത്തിനു യാതൊരു ഭേദഗതിയും വരുത്തിയില്ല. അദ്ദേഹം ഉന്മത്തൻെറ കൃതി സശ്രദ്ധം പരിശോധിച്ചും സമർപ്പണത്തിൻെറ അനൗചിത്യം ചൂണ്ടിക്കാണിച്ചും അതിനെ മടക്കിഅയയ്ക്കുകയും ചെയ്തു. അയാളുണ്ടോ ഈ ഉപദേശം സ്വീകരിക്കാൻ പോകുന്നു?

ഉന്മത്തൻ ഒരു വലിയ ഉദ്യോഗസ്ഥൻെറ ക്ഷൗരക

നായ ഒരു 'മാന്യ'നമായി വലിയ 'ലോക്യ'മായിരുന്നു. അയാളുടെ ഉത്സാഹത്താൽ പുസ്തകം ദ്രുതഗതിയിൽ അച്ചടിക്കപ്പെട്ടു. 'ദീപശിഖ'യിൽ അതിനെപ്പററി സുദീർഘവും മണ്ഡനരൂപവുമായ ഒരു ലേഖനവും പ്രസിദ്ധംചെയ്യപ്പെട്ടു. ക്ഷൗരകൻ അന്നേത്തിവസം ഉന്മത്തനെ കാണാൻ വന്നിരുന്നു. ഇയാൾ കാഴ്ചയിൽ ഹ്രസ്വകായനാണു്. അടുത്തകാലത്തുണ്ടായ ഐശ്വര്യങ്ങളുടെ ഫലമായി സമ്പാദിച്ചിട്ടുള്ള കുടവയറും, സദാ ഇരുന്നു ജോലിചെയ്കയാൽ വർദ്ധിച്ചിട്ടുള്ള ദുർമേദസ്സും, കണ്ണാടിപോലെ മിന്നമിന്നത്ത കഷണ്ടിയും സ്വതേതന്നെ അടിമത്തം പ്രകാശിക്കുന്ന മുഖത്തു് ആയിടയ്ക്കു് അഭിനയിച്ചു് അല്പമായി വശത്താക്കിട്ടുള്ള ഘനഭാവവും, സാഹിത്യവിഷയത്തിലും മററും തനിക്കും ചില സ്ഥാനമാനങ്ങളുണ്ടെന്നഭിമാനിക്കുന്ന രീതിയിലുള്ള സംഭാഷണവും എല്ലാം വർണ്ണിച്ചുതുടങ്ങിയാൽ മഹാഭാഗ്യവാനായ 'അഭിരാമപണ്ഡിത'രെ ഒന്നു കാണണമെന്നൊരാഗ്രഹം വായനക്കാൎക്കു് ജനിച്ചേക്കാം. പണ്ഡിതർ ഉന്മത്തൻെറ സ്വീകരണമുറിയിലെ ഒരു കസേരയിൽ 'ഇരിപ്പുപിടി'ച്ചു.

"പണ്ഡിതർ കൃത്യസമയത്തുതന്നെ വന്നല്ലോ. വളരെ സന്തോഷമായി."

"സലാം, സലാം എനിക്കും അധികപരമാനന്ദശന്തോശം."

"അദ്ദേഹം......നമ്മെ സഹായിക്കുമോ?"

"ഓ! എന്തുപറയിണു? അദ്ദ്യേഹമോ മഹാഭാഗ്യവതി! പെരുത്ത ഐശ്വര്യവതി!" ഇതു കേട്ടു് ഉന്മത്തനെന്നു മാത്രമല്ല, വാതിലിന്നിടയിൽക്കൂടി പണ്ഡിതരുടെ വികൃതരൂപം സൂക്ഷിച്ചു നോക്കിക്കൊണ്ടുനിന്നിരുന്ന കമലയും പൊട്ടിച്ചിരിച്ചുപോയി. ഉടൻതന്നെ തൻെറ സംഭാഷണചാതുൎയ്യത്തെ അഭിനന്ദിക്കയാണെന്നുള്ള മട്ടിൽ ഉന്മത്തൻ, "ഭേഷ് ഭേഷ് പണ്ഡിതർ സംസ്കൃതവാക്കുകളല്ലേ തട്ടിവിടു

ന്നതു്" എന്നു പറഞ്ഞതുകേട്ടു് ക്ഷുരകൻ സന്തുഷ്ടനായി. പിന്നീടു് അവർതമ്മിൽ അത്യന്തരഹസ്യമായ ഒരു സംഭാഷണം നടന്നു. പണ്ഡിതർ വൃഥാ വാഗ്ദാനം ചെയ്യുന്ന ആളല്ല. ഉന്മത്തന്റെ കൃതി അടുത്തകൊല്ലം ഒരു * 'നല്ല ക്ലാസിൽ' പാഠ്യപുസ്തകമായിത്തീൎന്നു. തന്മൂലം ഉന്മത്തനും പണ്ഡിതരും 'മഹാനായ അദ്ദേഹ'വും "ഭാഗ്യവതി"കളും തന്നെ ആയിത്തീൎന്നില്ലേ? ഈ വാൎത്ത ചില സ്നേഹിതന്മാർ മുഖാന്തിരം അറിഞ്ഞ മാധവൻനായർ സ്വദേശത്തിന്റെ ശോച്യാവസ്ഥയോൎത്തു് വളരെ മനസ്താപിച്ചു. നായരുടെ ചില കൃതികൾ ലൈബ്രറികൾക്കു് കൊള്ളാമെന്നു് അധികൃതന്മാർ ഔദാൎയ്യപൂൎവ്വം നിശ്ചയിച്ചതറിഞ്ഞു്, അദ്ദേഹത്തെ മനസാ വളരെ ബഹുമാനിച്ചിരുന്ന ഉന്മത്തൻപോലും ചിരിച്ചുപോയി!!

കമല ഇപ്പോൾ പണ്ടത്തെ കമലയല്ല. വിലയേറിയ സാരി, മൂക്കിൽ കണ്ണാടി, പാണിതലങ്ങളിൽ ഏററവും നവീനങ്ങളായ അഞ്ചെട്ടു വളകൾ ഇവയെല്ലാം ധരിച്ചും, നാലഞ്ചു ഭൃത്യന്മാരുടെയെന്നു മാത്രമല്ല ആ ഭവനത്തിൽ വന്നു് കാൎയ്യം കാണാൻ സൃഗാലത്വം അഭിനയിച്ചിരുന്നഅനവധി മനുഷ്യകിടങ്ങളുടെ 1 "കൊശ്മ"യായും, ഭൎത്താവിനെ അനുകരിച്ചു് പാവപ്പെട്ട ഭൃത്യകളെ അകാരണമായി ശാസിക്കുന്നതിലും അവരുടെ ഉദരഗഹ്വരത്തിന്റെ അഗാധതയെ അപലപിക്കുന്നതിലും ഉത്സുകയായുമത്രേ ആ മഹതി ഇപ്പോൾ വൎത്തിക്കുന്നതു്! പാശ്ചാത്യരീതിയിലുള്ള നടത്ത, ചുമ, ചിരി മുതലായവ പല വിരുന്നുസൽക്കാരങ്ങളിൽ പങ്കുകൊണ്ടു് സശ്രദ്ധം പരിശീലനം നടത്തിയ കമലയിൽ നിസൎഗ്ഗമധുരങ്ങളെന്നപോലെ കണ്ടുതുടങ്ങി. ശരീരം കഴിയുന്നത്ര പുറത്തുകാണിക്കുന്ന വൃത്തിഹീനമായ വസ്ത്രധാ

---

* പബ്ളിക്കപരിക്ഷയുള്ള ക്ലാസ്. ഈ ക്ലാസിൽ പാഠ്യമായാൽ പുസ്തകം ധാരാളം ചെലവാകം.

1 കൊച്ചമ്മ.

രണം അവൾക്കും സ്വീകരിക്കേണ്ടിവന്നു! ഭർത്താവിൻെറ "മടിശ്ശീലയെ കർശനമായി നിയന്ത്രിക്കനിമിത്തം പത്തുപതിനായിരത്തിൽപരം രൂപാ ബാങ്കിൽ നിക്ഷേപിക്കുന്നതിനും, ഉന്മത്തൻെറ കുടിലതന്ത്രംമൂലം കള്ളക്കേസുകളിൽ കുടുങ്ങിയ നിരവധി സാധുക്കളുടെ ഭൂസ്വത്തു സ്വന്തംപേരിൽ തീറെഴുതിക്കുന്നതിനും അവൾക്കു സാധിച്ചിട്ടുണ്ടു്. ഉന്മത്തൻെറ സാഹിത്യപരിശ്രമങ്ങളിലും അവൾ ഭാഗഭാക്കാണു്. പ്രൂഫ്തിരുത്തുക എന്നുള്ള മുഷിവേറിയ ജോലി മിക്കവാറും കമലയത്രേ നിർവഹിച്ചുവരുന്നതു്. സ്വഭർത്താവിൻെറ മദ്യപാനാദിവിഹാരങ്ങൾ താൻ വളരെയൊക്കെ നിയന്ത്രിക്കുന്നുണ്ടെന്നും അവൾ മനഃപൂർവം വിശ്വസിച്ചിരുന്നു.

ഉന്മത്തനും കൂട്ടർക്കും മഹാകാവ്യങ്ങളോടും പ്രാമാണികസാഹിത്യത്തോടു പൊതുവേയും വെറുപ്പാണെന്നു മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. 'തണ്ടാരുമമ്പിളിയുമാമ്പലു'മെന്നു ചർവിതചർവണം ചെയ്തുവന്നിരുന്ന ആ ഗതാനുഗതികന്യായക്കാരെ പരസ്യമായി ഒന്നാക്ഷേപിക്കണമെന്നും ഈ നവീനപ്രസ്ഥാനക്കാർ തീർച്ചയാക്കി. "മഹാകവികളിൽ ആർക്കെങ്കിലും Romantic കവിതയെഴുതാൻ സാധിച്ചിട്ടുണ്ടോ? അവർക്കു സരസങ്ങളായ ആശയങ്ങളുണ്ടോ? പ്രേമത്തിൻെറ സൂക്ഷ്മതത്വം അവർ മനസ്സിലാക്കിട്ടുണ്ടോ? അവരുടെ നായികാനായകന്മാരാരെങ്കിലും പ്രേമത്തിനുവേണ്ടി ആത്മഹത്യ ചെയ്തതായും കേട്ടിട്ടില്ല. ഇതിൽനിന്നു പ്രാചീനന്മാരായ ഭാരതീയ കവികളാരുംതന്നെ പ്രേമത്തിൻെറ സൂക്ഷ്മതത്വം ഗ്രഹിച്ചിട്ടില്ലെന്നു വെളിവാകുന്നില്ലേ?" എന്നൊക്കെയായിരുന്നു ഇവരുടെ അഭിപ്രായഗതികൾ. നല്ല വ്യുല്പത്തിദാർഢ്യം സമ്പാദിച്ചു്, ഉത്തമങ്ങളായ പല സംസ്കൃതഗ്രന്ഥങ്ങൾ തർജ്ജമചെയ്തു്, ഖണ്ഡകവനം, കഥകളി, തുള്ളൽ, കിളിപ്പാട്ടു്, മഹാകാവ്യം മുതലായ പ്രസ്ഥാനങ്ങളിൽ ക്ഷമാപൂർവം പ്രവർത്തിച്ചു് മലയാളഭാഷയെ സജീവയാക്കിത്തീർത്ത

മഹാകവികൾ പലരും ഉന്മത്തൻെറയും ക്രൂട്ടരുടെയും ആക്ഷേപത്തിന്ന പാത്രങ്ങളായിത്തീൎന്നു!! "കഷ്ടം. ഭഗവാനേ! ഭാഷയുടെ ഭാഗ്യവിപൎയ്യയം!!" എന്നോൎത്തു യഥാൎത്ഥഭാഷാഭിമാനികൾ സങ്കടപ്പെട്ടു.

ക്രമേണ ഈ ക്ഷുദ്രസാഹിത്യം—അഥവാ പ്രേമവും ആത്മഹത്യയുംവൎണ്ണിക്കുന്ന പലകവിതകളും—പത്രപംക്തികളിൽ ധാരാളമായി സ്ഥലം പിടിച്ചുതുടങ്ങി. ഇവ ലോകപരിജ്ഞാനവും മനഃപക്വതയും സിദ്ധിക്കാത്ത യുവതീയുവാക്കന്മാരെ ആത്മഹത്യയ്ക്കു പ്രേരിപ്പിക്കുന്നതിനും പൎയ്യാപ്തങ്ങളായിരുന്നു. ഈ പ്രസ്ഥാനത്തിൽ പ്രവൎത്തിച്ച യുവകവികളെ പലരും 'മഹാകവി'കളാക്കി ആരാധിക്കയുംചെയ്തു. ചിലർ സ്വന്തം കൃതികളിൽ സ്വയംമഹാകവിപ്പട്ടംചേൎത്തു് ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനും പ്രേരിതരായി!! ആകപ്പാടെ മലയാളസാഹിത്യലോകം കാർകൊണ്ടിരുണ്ടുവശായി. ആയിടയ്ക്കു് ഒരു യുവകവി പ്രേമബാധിതനായിട്ടോ-എന്തുകാരണത്താലെന്നു വ്യക്തമായിട്ടില്ല, ആത്മഹത്യചെയ്ത വിവരവും പലരെയും പരിഭ്രാന്തചിത്തരാക്കിത്തീൎത്തു. 'ഇനിയും ക്ഷമിക്ക'യെന്നതു് യുക്തമല്ലെന്നോൎത്തു് ഒരു മഹാൻ ഒരു പ്രസംഗത്തിൽ ഈമാതിരി പ്രേമകാവ്യങ്ങൾ വരുത്തുന്ന ആപത്തുകളെപ്പററി കർശനമായി അധിക്ഷേപിക്കയുണ്ടായി. ഇതുകണ്ടപ്പോൾ ഉന്മത്തനും ക്രൂട്ടൎക്കും സഹിച്ചില്ല. അവർ 'അതുമിതും'ചേൎത്തു പല ലേഖനങ്ങളെഴുതി ആ മഹാനെ കണക്കിലധികം അധിക്ഷേപിച്ചു. 'ഉത്തരംമുട്ടുമ്പോൾ കൊഞ്ഞനംകാട്ടുന്ന'സമ്പ്രദായം ചില മനുഷ്യരിൽ നാം കണ്ടുവരാറുണ്ടല്ലോ. എതിരാളിയുടെ ഗാൎഹികവ്യാപാരങ്ങളിൽ പല രഹസ്യഭാഗങ്ങളും കണ്ടുപിടിച്ചു് അവ പൎവ്വതാകൃതിയിൽ സ്വന്തം പത്രത്തിലെഴുതി അയാളെ മട്ടപ്പിക്കുന്നതിലും ഉന്മത്തൻ വിരുതനായിരുന്നു!! ഈ ബാലിശത്വംകണ്ടു് സജ്ജനങ്ങൾക്കു് വല്യതായ വെറുപ്പുണ്ടായി. തൽഫലമായുണ്ടായ സാഹിത്യസമരത്തിൽ മ

ലയാളത്തിലെ ഗ്രന്ഥാത്ഥകവിതകളുടെയും പ്രേമകാവ്യങ്ങളുടെയും പരിതാപകരമായ അവസ്ഥയെപ്പററി പല പണ്ഡിതന്മാരും പ്രൗഢങ്ങളായ ലേഖനങ്ങളെഴുതി. മാധവൻനായരും തൻെറ തൂലികയെ ഉചിതമായും മിതമായും ഉപയോഗിക്കാതിരുന്നില്ല. ഗ്രന്ഥാർത്ഥകവിതകളെപ്പററി ഫലിതരൂപത്തിൽ പല പരിഹാസകവനങ്ങളും ഉണ്ടായി. ചുരുക്കിപ്പറകയാണെങ്കിൽ ഉന്മത്തപ്രഭൃതികൾക്കു കവിതാപരിശ്രമത്തിൽ നിന്നും വിരമിക്കേണ്ടിവന്നു. സാഹിത്യവ്യവസായം അത്ര ലഘുവും വിലകുറഞ്ഞതുമല്ലെന്നും നിരന്തരപരിശ്രമംകൊണ്ടു് ദൃഢമായ വ്യുല്പത്തി സമ്പാദിച്ചവക്ക് മാത്രമേ ലോകം വിലകല്പിക്കയുള്ളു എന്നുമുള്ള പാഠം പലരും പഠിച്ചു. പ്രാമാണികന്മാരായ കവികളുടെ ദുഷ്കാലം അവസാനിച്ചു. അവരുടെ കൃതികൾക്കു് വിദ്യാലയങ്ങളിൽ വീണ്ടും പ്രവേശനം സിദ്ധിച്ചുതുടങ്ങി. ഇങ്ങനെ ഉന്മത്തൻെറ ഗ്രന്ഥകർത്തൃത്വം പൂണ്ണമായ പരാജയത്തിലാണു് കലാശിച്ചതു്. എന്നാൽ അയാൾ നാകപുരിയിലെ ഒരു ധനികൻ എന്ന നിലയെ അവലംബിക്കത്തക്കവണ്ണം പത്തിരുപതിനായിരം രൂപയുടെ ഉടമസ്ഥനായിത്തീന്നിരുന്നു.

---

## അദ്ധ്യായം ഏഴ്.

### നിയമസഭാസാമാജികത്വം.

മനുഷ്യബുദ്ധിക്കു് പരിധിയുണ്ടു്; എന്നാൽ മനുഷ്യൻെറ ആശയ്ക്കു അതിർത്തി കല്പിക്കാൻ ഇന്നേവരെ ആക്കും സാധിച്ചിട്ടില്ല. ഇഹലോകത്തിൽ നാം നിരന്തരം അനുഭവിച്ചുവരുന്ന ക്ലേശങ്ങളുടെ കാരണം ആരാഞ്ഞറിയുന്നതിനു

വളരെനാൾ പണിപ്പെട്ട ബുദ്ധദേവൻ "ആശയാണ് സകലവിധമായ ദുഃഖങ്ങളും ഉണ്ടാക്കുന്നതു്; അതിനാൽ ആശയെ നിയന്ത്രിക്കുവിൻ; ഈശ്വരൻെറപേരിൽ നിങ്ങൾ പട്ടിണികിടന്നുംമററും ശരീരത്തെയും ആത്മാവിനെയും ക്ലേശിപ്പിക്കയും തമ്മിൽ മത്സരിക്കയും വേണ്ട; സംതൃപ്തരായി സകലജീവജാലങ്ങളെയും സ്നേഹിച്ചു ജീവിക്കുക" എന്നു രണ്ടായിരത്തിഅഞ്ഞൂറിൽപരം കൊല്ലങ്ങൾക്കുമുൻപു് നമ്മെ ഉപദേശിച്ചു. ക്രിസ്തുദേവനും ബുദ്ധൻെറ കാലടികളെ പിൻതുടന്നു് ഏവംവിധമായ ഉപദേശമാണു് ലോകൎക്കു നൽകിയതു്. എന്നാൽ, 'കഴിയുന്നത്ര മററുള്ളവരെ ഉപദ്രവിച്ചും ഇഹലോകസുഖങ്ങൾ അനുഭവിക്കുക" എന്നുള്ള പൈശാചികനയമാണു് ഇന്നത്തെലോകം കൈക്കൊണ്ടിട്ടുള്ളതു്. തൽഫലമായി പാശ്ചാത്യലോകമാകെ ഇളകിമറിഞ്ഞു വശായിരിക്കുന്നു. ലോകാരംഭത്തിൽ ഭൂമി സൎവത്ര അഗ്നിപൎവ്വതങ്ങൾ നിറഞ്ഞും പുകഞ്ഞും അഗ്നിമയമായ കൊടുങ്കാററുകളോടുകൂടിയുമിരുന്നുവെന്നു ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. ബുദ്ധിമാനായ മനുഷ്യൻ തൻെറ ധിഷണാപാരമ്യത്തിൽ ഭൂമിയെ വീണ്ടും പണ്ടത്തെ നിലയിലാക്കിത്തീൎക്കാനത്രേ ഉദ്യമിച്ചുവരുന്നതു്! പരിഷ്കൃതരാജ്യങ്ങളിലെല്ലാം മനുഷ്യരെ കൂട്ടത്തോടെ നശിപ്പിക്കുന്നതിനുള്ള സാമഗ്രികളുടെ നിൎമ്മിതിയിൽ ശാസ്ത്രജ്ഞന്മാർ അനുപദം ഉത്സുകരായി കാണുന്നു. ഇങ്ങനെയുള്ള ഒരന്തരീക്ഷത്തിൻെറ പ്രതിഛായ നമ്മുടെ രാജ്യങ്ങളിലും കണ്ടുവരുന്നുണ്ടെന്നുള്ളതു് അത്യന്തം പരിതാപകരമായ ഒരു പരമാൎത്ഥമാണു്. ഈ ദുരവസ്ഥയിൽ പൊതുജനക്ഷേമകാംക്ഷികളായി നിസ്തന്ദ്രതയോടും സ്വാൎത്ഥപരിത്യാഗബുദ്ധിയോടും ലോകത്തെ നിലയ്ക്കു നിറുത്തുവാൻ പരിശ്രമിച്ചുവരുന്ന മഹാത്മാക്കളുംകൂടി ഇല്ലായിരുന്നെങ്കിൽ ശിവനേ! ഭാരതഭൂമിയുടെ കഥ എന്താകുമായിരുന്നു!

ഗ്രന്ഥകൎത്തൃത്വത്തിൽ തനിക്കു നേരിട്ട അവമാന

ത്താൽ ഉന്മത്തൻ അല്പവും നിരാശപ്പെട്ടില്ല. നിയമസഭ യിലാണ് അടുത്തതായി അയാളുടെ ശ്രദ്ധപതിഞ്ഞതു്. നമ്മുടെ ദുരാശയാലും ബുദ്ധിമോശത്താലും വന്നുചേരുന്ന ആ പത്തുകളെയും നാം "ദൈവത്തിൻെറ ശിരസ്സി"ൽ സ്ഥാപി ക്കുക പതിവാണല്ലോ. എന്നാൽ ആ മഹച്ഛക്തി നമ്മിൽ കഴിവുള്ളിടത്തോളം പ്രതികാരം ചെയ്യുയില്ല. നാം അ വധാനപൂർവ്വം പ്രവർത്തിച്ചാൽ വലുതായ അബദ്ധങ്ങളിൽ ചാടാതെ ജീവിതയാത്ര സുഗമമായി കഴിക്കാം. ഉന്മത്തനു നിയമസഭാംഗമാകണമെന്നുണ്ടായ മോഹത്തിനു് ദൈവം കുററക്കാരനല്ല. 'അയാളുടെ കഷ്ടകാലം' എന്നു ചിലർ പറ ഞ്ഞേക്കാം! എന്നാൽ അങ്ങനെ ആകട്ടെ.

ഉന്മത്തൻ ഉത്സാഹപൂർവ്വം പ്രവൃത്തി ആരംഭിച്ചു. ത ൻെറ നിയോജകമണ്ഡലത്തിലെ സമ്മതിദായകന്മാരുടെ മേൽവിലാസം ശേഖരിക്കുന്ന ജോലിയാണു് ആദ്യമായി ന ടന്നതു്. അടുത്തതായി അയാൾ പലരുടെ പേരുവച്ചും സ്വന്തം യോഗ്യതകളെ വിവരിക്കുന്ന ലേഖനങ്ങളെഴുതി സ്വ ന്തം പത്രത്തിലും തൻെറ സ്വാധീനശക്തിയിലുൾപ്പെട്ട മ ററുചില പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തി. "ഓഹോ! ഇ നി ഇയാൾ പോകാത്ത കുറവേ ഉള്ളൂ. മുഴക്കുടിയൻ—"; "വക്കീലായി—പത്രാധിപരായി—കവിയായി. ഇനി ഒരു എം. എൽ. സി. കൂടി ആകട്ടെന്നായിരിക്കാം നടക്കട്ടെ—" "ഓഃ അദ്ദ്യം വല്യ ആളല്ലേ? എതുബാങ്കിലാണു് പണം വ ണ്ടിക്കണക്കിനിട്ടിരിക്കുന്നതെന്നറിയാമോ?—" "ഓഹോ! ഒ ക്കെ തൊലയ്ക്കാനാണിതിനിറങ്ങി പുറപ്പെട്ടിരിക്കുന്നതു്" എന്നിങ്ങനെ ജനങ്ങൾ പലതും സംസാരിച്ചു.

ക്രമേണ ഉന്മത്തൻെറ എതിരാളിയായ രമണൻപോ ററിയുടെപേരും പുറത്തുവന്നു. പോററി കാര്യത്തിൽ സുമുഖ നും നല്ല ബുദ്ധിമാനുമാണു്; വിദ്യാർത്ഥിജീവിതത്തിൽത

ന്നെ പ്രസംഗചാതുരിനിമിത്തം ഒരു നല്ല പേരു സമ്പാദിച്ചിട്ടുണ്ടു്; അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചിട്ടു് കൊല്ലം അഞ്ചെട്ടുകഴിഞ്ഞതേയുള്ളു; കള്ളക്കേസ്സുകൾ പിടിക്കയില്ല; വ്യാജോക്തികൾ പറഞ്ഞു ന്യായാധിപന്മാരെ ബുദ്ധിമുട്ടിക്കുന്ന പതിവും പോററിക്കു തീരെ ഇല്ലായിരുന്നു. ആകപ്പാടെ കോടതിയും വക്കീൽസംഘം പൊതുവേയും പോററിയെ യഥാമതി ബഹുമാനിച്ചിരുന്നു. കോടതിയിലെകീഴ്സിൽബന്ധികൾക്കുപോലും "പോററിഅദ്ദേഹ"ത്തെപ്പററി വലിയ സന്തോഷമായിരുന്നു. പോററി ഇപ്പോൾ സാമാന്യം ധനികനുമാണു്. അങ്ങനെയിരിക്കയാണു് നിയമസഭാമെമ്പറാകണമെന്നു് അദ്ദേഹത്തിനു ആഗ്രഹം ജനിച്ചതു്. എന്നാൽ ഉന്മത്തനെപ്പോലെ 'സ്വന്തപരാക്രമ'ങ്ങളെ വൎണ്ണിച്ചു് ലേഖനമെഴുതുന്നതിനുംമററും പോററി ഒരുങ്ങിയില്ല. അദ്ദേഹം തൻെറ വിനീതമായ അപേക്ഷ നിയോജകമണ്ഡലംമുൻപാകെ സമൎപ്പിച്ചു; അത്രേയുള്ളു.

ഉന്മത്തൻ ഉദാസീനനായിരുന്നില്ല. രമണൻപോററി ജനനാൽതന്നെ ബുദ്ധിഹീനനും സ്വാൎത്ഥതല്പരനും ജനദ്രോഹിയുമാണെന്നു സ്ഥാപിക്കുന്നതിനു് അയാൾ പത്രദ്വാരാ പല ലേഖനങ്ങളും ലഘുലേഖകളും പ്രസിദ്ധപ്പെടുത്തി. പോററി സ്വപ്നത്തിൽപോലും സ്മരിക്കാത്ത പല വിക്രിയകളും അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടു! ഇതുകണ്ടു സഹിക്കവഹിയാതെ പോററിയുടെ ഒരുത്തമസ്നേഹിതൻ ഉന്മത്തൻെറ വിദ്യാൎത്ഥിജീവിതത്തിൽ—വിശേഷിച്ചും ബി. എൽ. ക്ലാസ്സിൽ പഠിച്ചുവരവേ—നടന്ന ചില യഥാൎത്ഥസംഭവങ്ങളെ വിവരിച്ചു് ഒരുലേഖനപരമ്പരയും പ്രസിദ്ധം ചെയ്തുതുടങ്ങി. ഇതുകണ്ടു കലികൊണ്ടു ഉന്മത്തൻ തൽക്കൎത്താവിനേയും പോററിയേയുംപററി എഴുതിയ ലേഖനം വായിച്ചുകേട്ടാൽ പൂരപ്പാട്ടുകൾപോലും പിന്നണിയിലാക്കപ്പെടുമെന്നുള്ളതിനു സംശയമില്ല! "ഈ വികൃതവേഷം കെട്ടേ

ണ്ടിയിരുന്നില്ല" എന്നോർത്തു് പോററി വ്യാകുലനായിത്തിന്നു. ഏതായാലും ഒരുകൈ നോക്കാതെ പിന്മാറുന്നതു് ഭോഷത്തമാണെന്നും അദ്ദേഹം ഉറച്ചു.

തിരഞ്ഞെടുപ്പുദിവസം സമീപിച്ചതോടുകൂടി ഉന്മത്തൻ "വോട്ടർ"മാരെ മിക്കവാറെയും നേരിട്ടുകണ്ടു. 'അമ്മാവാ, ചേട്ടാ, കാർണോരേ, തിരുമേനി, സാർ,' എന്നു തുടങ്ങിയ സംബോധനകൾ വളരെ സഹായവിലയ്ക്കു കിട്ടുന്നവയും എന്നാൽ പല സന്ദർഭങ്ങളിലും വിലയേറിയ കാര്യങ്ങൾ സാധിക്കുന്നതിനു പര്യാപ്തങ്ങളുമാണെന്നു് ആ ബുദ്ധിമാൻ ധരിച്ചിരുന്നു!! എങ്കിലും ഉന്മത്തനു് ഈ സഞ്ചാരത്തിനിടയിൽ നൂതനപാഠങ്ങൾ പലതും പഠിക്കാനിടയായി. 'വോട്ടുതെണ്ടി' നടക്കുന്നവരോടു ജനങ്ങൾക്കു പൊതുവേ ഒരവജ്ഞയാണുള്ളതു്. വിദ്യാഭ്യാസവും കൃത്യബോധവുമുള്ള മഹാന്മാരുടെ സമീപത്തുചെന്നു് 'എനിക്കു വോട്ടു തരണം' എന്നു് ഇക്കൂട്ടരും, "അദ്ദേഹത്തിനല്ലാതെ മററാക്കും കൊടുക്കുകയില്ലെന്നെനിക്കറിയാം. അദ്ദേഹം നമ്മുടെ ആളല്ലേ? ഗവണ്മെൻറിനെ കിടുകിടാ വിറപ്പിക്കും," എന്നുംമററും ഇവരുടെ സേവന്മാരും ചെന്നു് അപേക്ഷിക്കുന്നകാഴ്ച എത്രയും ദയനീയമാണു്!! "എൻെറ വോട്ടവകാശം ന്യായമായി ഉപയോഗിക്കാൻ എനിക്കറിയാം. ഗവണ്മെൻറു നിശ്ചയിച്ചിട്ടുള്ള ഈ പൌരാവകാശത്തെ ദുർവിനിയോഗപ്പെടുത്തുന്നതു നിന്ദനീയമാണു്. ജനക്ഷേമകാംക്ഷികളായ മഹാന്മാരെയാണു് ജനപ്രതിനിധികളായി തിരഞ്ഞെടുക്കേണ്ടതു്. അല്ലാതെ സ്വാർത്ഥബുദ്ധിയും സംബന്ധമുറയും തടിമിടുക്കും പ്രവർത്തിക്കാൻപാടില്ല. പത്രങ്ങളിലും ലഘുലേഖകളിലും ഒരാളിനെ എത്രത്തോളം സ്തുതിച്ചാലും അയാളുടെ തനിനിറം സൂക്ഷ്മധീകളായ ആളുകൾ എളുപ്പത്തിൽ ഗ്രഹിക്കും. വല്ലവരുടെയും വാക്കുകേട്ടു ലേശവും സ്വാശ്രയശക്തിയില്ലാതെ ദുഷ്ടന്മാക്കുതന്നെ വോട്ടുനല്കാൻ

ചിലർ ഒരുമ്പെടുന്നതു കഷ്ടംതന്നെ; എന്നുമാത്രമായിരിക്കും നമ്മുടെ മനസ്സിൽക്കൂടി കടന്നുപോകുന്ന ചിന്തകൾ. എങ്കിലും വന്ന സ്നേഹിതന്മാരെ വേണ്ടവണ്ണം ഉപചരിച്ചു് 'അങ്ങനെ ആകട്ടെ' എന്നുപറഞ്ഞു യാത്രയാക്കാതിരിക്കാൻ നമ്മുടെ സന്മനസ്സനുവദിക്കുകയുമില്ല.

വിദ്യാവിഹീനരും ധനികന്മാരുമായ ചില വോട്ടറന്മാരുണ്ടു്. ഇവർ കച്ചേരികളിലുംമററും ചെന്നാൽ അവിടത്തെ കീഴ്സിൽബന്ധികളെപ്പോലും തൊഴുതു കാര്യം സാധിക്കുന്നതിൽ വിരുതരാണു്. എന്നാൽ 'വോട്ടിനു'വേണ്ടി സാമാന്യം നിലയും വിലയുമുള്ള വക്കീലന്മാരും പെൻഷൻ പററിയ ഉദ്യോഗസ്ഥന്മാരും വരുന്നതു കണ്ടാൽ ഇവരിൽ ചിലർ ഇരുന്ന സ്ഥലത്തുനിന്നും ഇളകുകപോലും ചെയ്യുകയില്ല. "കഴിഞ്ഞതവണ ഞങ്ങളുടെ കലുങ്കുകെട്ടിച്ചുതരാം, റോഡൊക്കെ പൊന്നാക്കിത്തരാം' എന്നുംപറഞ്ഞു് ഒരുത്തൻ പോയി. അയാളിപ്പോൾ ജഡ്ജി. ഇവിടെ കൃഷിക്കാരുടെ വായിൽ മണ്ണും. ഇക്കൂട്ടരെ ഇതിനകത്തു കേററരുതു്"; എന്നൊക്കെ ചിലർ കയർക്കുന്നതു ഉന്മത്തനും കേൾക്കേണ്ടിവന്നു. എന്നാൽ അത്തരക്കാരെയും പ്രീതിപ്പെടുത്തി വശത്താക്കത്തക്ക സംഭാഷണസാമർത്ഥ്യം അയാൾക്കുണ്ടായിരുന്നു. "കാരണവരുടെ മകൻ മദിരാശിയിൽ പഠിക്കയെല്ലേ? ജയിച്ചുവന്ന ഉടൻ ഗവണ്മെൻറു് വേതനത്തോടുകൂടി ശീമയ്ക്കയയ്ക്കുന്നതിനു് ഞാൻ വേണ്ട ഏർപ്പാടു ചെയ്യാം;" എന്നൊക്കെ കേട്ടാൽ ചിലർ മതിമയങ്ങിപ്പോകുന്നതും അത്ഭുതമാണോ? ഈ 'മാന്യ'ന്മാർ ഓരോ ഗൃഹത്തിലെയും സ്ഥിതിഗതികൾ കാലേക്കൂട്ടി അന്വേഷിച്ചു മനസ്സിലാക്കിട്ടാണു് വന്നുചേരുന്നതു്. ഗൃഹാധിപനെക്കണ്ട ഉടൻ സ്ത്രീകൾ കുഞ്ഞുങ്ങൾ ഉൾപ്പെടെ സകലരുടേയും കുശലം അന്വേഷിക്കുക, ഒരു കുടുംബവുമായി വല്ല പൂർവ്വബന്ധവുമുണ്ടെങ്കിൽ ഐശ്വര്യമദത്താൽ അതെല്ലാം വിസ്മരിച്ചിരുന്ന ഭാവം നിശ്ശേഷം തേച്ചുമാച്ചുകളഞ്ഞിട്ടു്:—"എ

ന്നോടിരിക്കാൻ പറയണോ? ഇതെൻെറ വീടല്ലേ? അല്ല, ഇതെന്തു നേരമ്പോക്കു......” എന്നുംമററുമുള്ള ‘പഞ്ചാരവാക്കുകൾ’ പറയുക! പലപ്പോഴും വന്നുകാണണമെന്നു വിചാരിച്ചിരുന്നിട്ടും വരാൻ സാധിച്ചില്ലെന്നു് വ്യാജംപറയുക; ‘വോട്ടറാ’യ ‘അമ്മാവ’നിൽ കണികാണാൻപോലുമില്ലാത്ത ഗുണങ്ങൾ പലതുമുണ്ടെന്നു ശപഥംചെയ്യുക; മദ്യവർജ്ജനം, ക്ഷേത്രപ്രവേശനം, മലയാംപള്ളിക്കൂടം അദ്ധ്യാപകന്മാരുടെ ശമ്പളക്കൂട്ടൽ, കരമിളവു്, മുതലായവയെപ്പററി ശ്രോതാക്കളുടെ ഉള്ളറിഞ്ഞു് വേണ്ട വാഗ്ദാനംചെയ്യുക; എന്നിങ്ങനെയുള്ള പൊടിക്കൈകളാൽ ഉന്മത്തൻ തൻെറ നിയോജകമണ്ഡലത്തിലുള്ള സമ്മതിദായകന്മാരിൽ പലരുടേയും അനുകൂലനായിത്തീർന്നു. ഇങ്ങനെ വേഷംകെട്ടി വയലുകളിലും, ഊടുവഴികളിലും മററും അലഞ്ഞുനടന്നു ‘വോട്ടു’യാചിക്കുന്നതു് തനിക്കു് അഭിമാനക്ഷയമാണെന്നാത്രേ പോററി വിചാരിച്ചിരുന്നതു്. എന്നാൽ അദ്ദേഹവും തിരഞ്ഞെടുപ്പുകാലം സമീപിച്ചപ്പോൾ ആ ജോലി നിർവ്വഹിക്കാതിരുന്നില്ല. തൽഫലമായി വലിയ ഒരു തുക പെട്രോൾകമ്പനിക്കാർക്കും സിദ്ധിച്ചു. ഇതിനിടയിൽ പരദേശികൾക്കു് വോട്ടു നൽകരുതെന്നും അവർ കേരളീയരെ പലവിധത്തിലും ദ്രോഹിച്ചിട്ടുണ്ടെന്നും മററും വിവരിക്കുന്ന ലഘുലേഖകൾ ഗൃഹംപ്രതി വിതരണം ചെയ്യപ്പെട്ടു.

തിരഞ്ഞെടുപ്പുകാലത്തു് ഓരോ ദേശത്തിലും ചെലവാകുന്ന മദ്യത്തിൻെറ ഒരു കണക്കെടുക്കുന്നതു രസകരമായിരിക്കും. ‘വോട്ടി’ന്നു് മദ്യവുമായി ഒരു ദൃഢബന്ധമുള്ളതുപോലെ തോന്നുന്നു. ഉന്മത്തനു മദ്യപാനികളായ പല മാന്യസ്നേഹിതന്മാരും, ഒരുസംഘം വിടന്മാരും സ്വാധീനമുണ്ടായിരുന്നു. രണ്ടുമൂന്നുമാസക്കാലമായി അയാളുടെ ഭവനത്തിൽ മിക്കദിവസങ്ങളിലും വിരുന്നുസൽക്കാരങ്ങൾ പൊടിപൂരമായി നടന്നുവരുന്നു. അവിടെ ചെലവാകുന്ന മദ്യ

ത്തിന്ന കണക്കും കൈയുമില്ല. ബാംകുകളിൽ നിക്ഷേപിച്ചിരുന്നതിൽ പതിനായിരത്തോടടുത്ത ഒരു തുക നാളതുവരെ ചെലവുണ്ടു്. കമല ഇതുകണ്ടു പരിഭ്രമിച്ചു. വല്ലതും പരിഭവരൂപത്തിൽ പറകയാണെങ്കിൽ ആഗതന്മാർ കേൾക്കെ ഉന്മത്തൻ അവളെ ശകാരിക്കും; അതിനാൽ അവൾ മൌനമവലംബിച്ചതേ ഉള്ളു. ഉന്മത്തന്റെ മൂത്തപുത്രൻ ഇപ്പോൾ ഒരു കാളേജ്‌വിദ്യാൎത്ഥിയാണു്. സൽഗ്ഗുണസമ്പന്നനായ ആ ബാലൻ സ്വപിതാവിന്റെ വികടഗതികൾ കണ്ടു് വളരെ മനസ്താപിച്ചു. അവൻ മാതാവിനെ പലപ്പൊഴും സാന്ത്വനവചനങ്ങളാൽ സന്തോഷിപ്പിച്ചു. എന്നാൽ തങ്ങളുടെ കുടുംബത്തിന്ന വന്നുചേരാൻപോകുന്ന കഷ്ടകാലമോൎത്തു് അവന്റെ ഹൃദയം പുകഞ്ഞുകൊണ്ടിരുന്നു.

ക്രമേണ തിരഞ്ഞെടുപ്പുദിവസവും സമാഗതമായി. ഉന്മത്തന്റെ കക്ഷിക്കാർ പല സ്ഥലങ്ങളിലും താവളമടിച്ചിരുന്നു. എന്നാൽ അവൎക്കു് ഒരു ചെറിയ അബദ്ധം പിണഞ്ഞു. പോററിയുടെ കക്ഷിക്കാർ രണ്ടുദിവസം മുൻപേതന്നെ ഓരോ 'പോളിങ്ങ്‌സ്റ്റേഷ'ന്ന സമീപവും വലുതായ പന്തലുകൾ കെട്ടി 'വോട്ടറ'ന്മാരെ പലരെയും അവിടെത്താമസിപ്പിച്ചു് സദ്യ മുതലായവ ഘോഷിക്കയായിരുന്നു. സാധു, പോററി!! ഇതിനായി സ്വയാൎജ്ജിതവും, പൂൎവ്വാൎജ്ജിതവുമായ പത്തുപതിനായിരം രൂപാ അയാളും നശിപ്പിച്ചു!! ഈ വിവരം ഗ്രഹിച്ച ഉന്മത്തന്റെ മുഖത്തു് ഒരു രൌദ്രരസമാണു് കളിയാടിയതു്. ആ അവസരത്തിൽ പോററിയെ കണ്ടെങ്കിൽ അയാളുടെ ചെകിട്ടത്തു് രണ്ടടി കൊടുക്കണമെന്നു് അയാൾക്കു തോന്നി. ഉത്തരക്ഷണത്തിൽ അയാൾ "ഓരോ വോട്ടൎക്കും മൂന്നോ, അഞ്ചോ രൂപ കൊടുത്തു് വോട്ടു സമ്പാദിച്ചുകൊള്ളുക" എന്നുള്ള നിൎദ്ദേശത്തോടുകൂടി ചില വിശ്വസ്തന്മാരെ ഓരോ സ്റ്റേഷനിലേയ്ക്കും പായിച്ചു. ഉന്മത്തനു് ഒരു വലിയ സംഘം ജനങ്ങൾ വോട്ടു നൽകുകയും

ചെയ്തു. എന്നാൽ അയാൾക്ക ബാംകുകളിൽ ശേഷിച്ചിരുന്ന തുകകകളശേഷം തിന്നു എന്നു മാത്രമല്ല, കമലയുടേയും കുട്ടികളുടേയും ആഭരണങ്ങളെല്ലാം പണയത്തിലാവുകയും ചെയ്ത കഥയും പ്രസ്താവ്യമാണു്. ഉന്മത്തൻ 'സ്വർഗ്ഗപദവി'യായ നിയമസഭാമെംബർസ്ഥാനം സമ്പാദിച്ചു, എന്നു കേൾക്കുമ്പോൾ മേൽപറഞ്ഞ വൈഷമ്യങ്ങളെപ്പററി സാധാരണ ജനങ്ങൾ ചിന്തിച്ചു് ക്ലേശിക്കയില്ലെന്നും വിശ്വസിക്കുന്നു. രമണൻ പോററിയും ഒരു പന്തിരായിരം ഉറുപ്പിക ചെലവു ചെയ്തു് തൃപ്തനായി സ്വഭവനത്തിലേയ്ക്കു മടങ്ങി. ഒരിക്കൽ സ്ഥാനാൎത്ഥിയായിനിന്നു് പരാജിതനായിത്തീരുന്ന ഒരുവൻ പിന്നീടു് അങ്ങനെ ഒരു കാൎയ്യത്തെപ്പററി ചിന്തിക്കുകകൂടി ചെയ്കയില്ലെന്നാണു് എനിക്ക തോന്നുന്നതു്. പോററിയുടെ ഇപ്പോഴത്തെ അവസ്ഥ ഇങ്ങനെയാണു്.

ഉന്മത്തൻ ബി. എ. ബി. എൽ. എം. എൽ. സി. എന്നുള്ള 'ലെററർപേപ്പർ' ഉടൻതന്നെ തയ്യാർ ചെയ്തു.

താമസിയാതെ അക്കൊല്ലത്തെ നിയമസഭായോഗം ആരംഭിച്ചു. യോഗം പലതുകൊണ്ടും സജിവമായ ഒന്നായിരുന്നു. ഉന്മത്തൻ പലരോടും ചെയ്തിരുന്ന വാഗ്ദാനങ്ങളൊക്കെ പാടേ വിസ്മരിച്ചുകഴിഞ്ഞിരിക്കുന്നു! എന്തെങ്കിലും സ്വന്തം ഗൃഹത്തിനരികെയുള്ള രാജപാതയുടെ വിസ്തീൎണ്ണം വർദ്ധിപ്പിച്ചു് അതു നന്നാക്കുന്നതിനും ഭാൎയ്യയുടെ ഭവനത്തിനടുത്തുള്ള ഒരു പാഴ്കുളം വൃത്തിയാക്കിച്ചു് കല്ലുകെട്ടിക്കുന്നതിനും, കൂടുതൽ സൎവ്വീസുള്ളവർ പലരുമുണ്ടായിരിക്കെ ഒരുകൊല്ലംമാത്രം സൎവ്വീസുള്ള ഒരദ്ധ്യാപകനെ എൽ. ടി.ക്കു് എടുപ്പിക്കുന്നതിനും അയാൾക്ക സാധിച്ചു. മദ്യലഹരി തലയ്ക്കുപിടിക്കാതിരുന്ന അവസരങ്ങളിൽ അയാൾ ഡിപ്പാർട്ടുമെൻറു്മേലുദ്യോഗസ്ഥന്മാരോടു് ബുദ്ധിപൂർവ്വം ചില ചോദ്യങ്ങൾചോദിച്ചു് അവരെ വിഷമിപ്പിച്ചും വന്നിരുന്നു. ശിവ

നേ! ഉന്മത്തന്ന് ദിനംപ്രതി വന്നുകൊണ്ടിരുന്ന ശുപാൎശക്കത്തുകളെത്ര? ഒടുവിൽ അയാൾ തപാൽക്കാരനോടുപോലും ദേഷ്യപ്പെട്ടുതുടങ്ങി!! എഴുത്തയയ്ക്കുന്നവരെയെന്നുമാത്രമല്ല അവരുടെ പ്രപിതാമഹന്മാരെപ്പോലും ഗ്രാമ്യഭാഷയിൽ ശകാരിച്ചു!! "റോഡുവേണം! കുളംവേണം! സ്ഥലംമാററം വേണം! മുപ്പത്തഞ്ചുവയസ്സായവനെ ട്രെയിനിങ്ങിന്ന് എടുപ്പിക്കണം! പള്ളിക്കൂടം അനുവദിപ്പിച്ചുകൊടുക്കണം! ഉദ്യോഗം കൊടുപ്പിക്കണം! ഇവൻെറയൊക്കെ........." എന്നുതുടങ്ങിയുള്ള അയാളുടെ പ്രഭാഷണം മുഴുവനും ഇവിടെ പകൎത്താതിരിക്കുന്നതത്രേ ഭേദം!

ക്രമേണ വരുന്ന ശുപാൎശക്കാർ മുപ്പതും നാല്പതും 'കൈമടക്കാ'യി കൊണ്ടുവന്നുതുടങ്ങിയപ്പോൾ ഉന്മത്തന്ന് സന്തോഷമായി. അടുത്ത ബന്ധുക്കളോടും തിരഞ്ഞെടുപ്പിന്ന് ഉള്ളഴിഞ്ഞു് സഹായിച്ച സ്നേഹിതന്മാരോടും ഈവക തുകകൾ കൈപ്പററുന്നതിന്ന് അയാൾക്കു യാതൊരു വൈമനസ്യവും തോന്നിയില്ല! ചില അവസരങ്ങളിൽ കമലയാണു് ഈ ജോലി നിൎവ്വഹിച്ചുവന്നതു്. ഭൎത്താവിന്നു ലഭിച്ചുവരുന്ന സ്ഥാനമാനങ്ങളെപ്പററി അവളും സ്വയം അഭിമാനിച്ചു. വീട്ടിൽവരുന്നവരോടു്:—"എന്തുചെയ്യാം. അദ്ദേഹത്തിന്ന് ഇവിടെ ഇരിക്കപ്പൊറുതിയില്ല. ദിവാൻജിഅദ്ദേഹത്തിനെപ്പൊഴും കാണണം! കമീഷണരദ്ദേഹം ഇതാ ഇപ്പൊഴാണു് വന്നിട്ടുപോയതു്!! മനുഷ്യനല്ലേ? എന്തുചെയ്യും?" എന്നുംമററും വ്യാജോക്തികൾ പറഞ്ഞു്, അവരെ കബളിപ്പിക്കാൻ കമലയുടെ തൽക്കാലലോകപരിചയം അവളെ അഭ്യസിപ്പിച്ചിരുന്നു! ഇതൊക്കെ അക്ഷരംപ്രതി വിശ്വസിച്ചു് തങ്ങളുടെ ഇഷ്ടാനുസരണം അതിശയോക്തി കലൎത്തി പലരും വൎണ്ണിക്കുകയും ഉന്മത്തൻ ബി. ഏ. ബി എൽ. എം. എൽ. സി, ഒരു 'വലിയപ്രമാണി'യായി പരിണമിക്കയും ചെയ്തു. പട്ടുനൂൽപുഴ കോശത്തിൽനിന്നും ശല

ഭമായി തരംതിരിഞ്ഞു് പുറത്തുവരുന്നതുപോലെ ഈ മഹാഭാഗ്യവാൻ "ഹൈക്കോട്ടു ജഡ്ജി" ആയിത്തീരുമെന്നു് അവർ പലരോടും ശപഥപൂർവം പ്രസ്താവിച്ചു.

അനീതിയും ദുർമാർഗ്ഗവും കുറേ നാളത്തേയ്ക്കു് തിളങ്ങിക്കണ്ടേയ്ക്കാം എന്നാൽ നമ്മുടെ വന്ദ്യവയോധികന്മാർ പറയുന്നതുപോലെ എന്നും "ദൈവത്തിൻെറ കണ്ണിൽ മണ്ണിടാൻ" സാധിക്കുകയില്ലെന്നുള്ളതു് അനശ്വരമായ ഒരു പരമാൎത്ഥമാണു്. ക്രമേണ ഉന്മത്തൻെറ പല രഹസ്യങ്ങളും—അയാൾ പണിപ്പെട്ടു് നിഗ്രഹനം ചെയ്തുവച്ചിരുന്ന പരമരഹസ്യങ്ങൾപോലും—പുറത്തുവന്നു. കേസുകൾ നടത്തുന്നതിൽ കണ്ടുതുടങ്ങിയ ഉദാസീനതയാൽ കക്ഷികളും അകന്നു. 'മനസ്സാക്ഷി ലേശവുമില്ലാത്ത ഇയ്യാളെക്കൊണ്ടൊരുകാൎയ്യവും നടപ്പില്ലെന്നു പറഞ്ഞു് മററുള്ള സഹചാരികളും സേവന്മാരും അയാളെ ഉപേക്ഷിച്ചു. ഉന്മത്തൻ പലരോടും ഭീമമായ തുകകൾ കടംവാങ്ങിയിരുന്നു. കമലയുടെ സമാധാനവാക്കുകൾകേട്ടു് അവരൊക്കെ കുറേനാൾ ക്ഷമിച്ചിരുന്നു. എന്നാൽ ഗത്യന്തരമില്ലെന്നു കണ്ടപ്പോൾ അവർ കോടതിയെ ശരണംപ്രാപിച്ചു. ക്രമേണ ഉന്മത്തനെത്തേടി ജലജളൂകപ്രായന്മാരായ ചില 'വാറണ്ടു'ശിപായി'മാരും പുറപ്പെട്ടു. നിയമം, കൌശലം, ഭീഷണി എന്നിവയെ ശരണംപ്രാപിച്ചു് അയാൾ കുറേനാളത്തേയ്ക്കു് രക്ഷപെട്ടു. താൻ ദിവാസ്വപ്നം കണ്ടുകൊണ്ടിരുന്ന ജഡ്ജിഉദ്യോഗമെന്നു മാത്രമല്ല, താണതരത്തിലുള്ള ഒരു പോലീസ്ഇൻസ്പെക്ടർഉദ്യോഗമെങ്കിലും സമ്പാദിക്കാൻ തരമില്ലെന്നു് അയാൾ മനസ്സിലാക്കി. കൈയിൽ പണമില്ലെന്നുകണ്ടപ്പോൾ മുൻപു് ഉന്മത്തനെ കാൎയ്യമായി കരുതിയിരുന്ന പലരും ഇപ്പോൾ അയാളെ അഗണ്യകോടിയിൽ തള്ളിയിരിക്കയാണു്. എന്നാൽ മദ്യപാനികളായ ചില ഉദ്യോഗസ്ഥന്മാർ ഇന്നും അയാളുടെ സഹവാസം തീരെ വെടിഞ്ഞി

ട്ടില്ല. വാറണ്ടു ഭയന്നു് ഊടുവഴികളിൽക്കൂടിയാണു് ഈവഴിയിടെ ഉന്മത്തൻ യാത്രചെയ്യാറുള്ളതു്!! കമലയുടെയും കുട്ടികളുടെയും പ്രഭ മങ്ങിത്തുടങ്ങി. മൂത്തപുത്രനു് പരിക്ഷപാസ്സാകുവാൻ സാധിച്ചതു് ദയാലുവായ ഒരദ്ധ്യാപകൻെറ സമയോചിതമായ സഹായംമൂലമാണു്. കമലയുടെ സാമത്ഥ്യംകൊണ്ടു് അവർ താമസിച്ചുവന്നിരുന്ന വീടും പുരയിടവും കടക്കാക്ക് പണയത്തിലായില്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. കാലം ദ്രുതഗതിയിൽ മുൻപോട്ടുപായി. ഉന്മത്തൻെറ എം എൽ. സി. സ്ഥാനവും അവസാനിച്ചു.

~~~~~~

## അദ്ധ്യായം എട്ടു്.

### പൊതുജനസേവനപ്രസക്തി.

പൊതുജനസേവനം! അതേ പരിശുദ്ധ മനഃസ്ഥിതിയോടും നിഷ്കാമകമ്മപ്രസക്തിയോടും ഈവിഷയത്തിൽ പ്രവത്തിക്കുന്നവക്ക് സ്വദേശത്തിനും ജനതയ്ക്കും സാരമായ പല ഗുണങ്ങളും ചെയ്യാൻ സാധിക്കുമെന്നുള്ളതു് തക്കമററ സംഗതിയാണു്. വന്ദ്യനായ മഹാത്മാഗാന്ധി എന്നു കേൾക്കുമ്പോൾ നാം രോമാഞ്ചകഞ്ചുകിതരായിത്തീരുന്നു! ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും എത്രായിരം ജനങ്ങൾ ആ പുണ്യശ്ലോകനെ ഒരു നോക്കു കാണുവാൻ ബദ്ധപ്പെട്ടു വന്നുചേരുന്നു!! ഇംഗ്ലണ്ടിലെ തൊഴിലാളികളും ആഫ്രിക്കയിലെ നിഗ്രോവർഗ്ഗക്കാരും തങ്ങൾക്കു് ഏതെങ്കിലും വിഷമഘട്ടങ്ങൾ തരണം ചെയ്യേണ്ടിവരുമ്പോൾ ഈ മഹാപുരുഷനെയല്ലേ ശരണംപ്രാപിക്കുന്നതു്!! ലോകത്തിൽ ധമ്മം നശിക്കുമ്പോൾ തൽപരിഹാരാത്ഥം അവത
~~~~~~

രിക്കുന്ന ഈ മാതിരി പുണ്യവാന്മാരോടു ലോകം എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നുള്ളതു് എങ്ങിനെ വര്‍ണ്ണിക്കേണ്ടൂ!! എന്നാല്‍ ഇക്കാലത്തു പൊതുജനസേവനത്തിനു കച്ചകെട്ടി പ്പുറപ്പെടുന്നവര്‍ പലരാണു്. പെന്‍ഷ്യന്‍പററിയ ഉദ്യോഗസ്ഥന്മാര്‍, കേസില്ലാത്ത വക്കീലന്മാര്‍, സര്‍വകലാശാലാപരിക്ഷകളില്‍ പരാജിതരായി നിരാശപ്പെട്ടു നടക്കുന്നവര്‍, എന്നുതുടങ്ങി പലരും ഈക്കൂട്ടത്തില്‍ ഉള്‍പ്പെടുന്നു. ഇവരില്‍ ചിലര്‍ ഉപജീവനത്തിനു് ശരിയായ മാര്‍ഗ്ഗമില്ലാത്തവരാകയാല്‍ ജനങ്ങള്‍ക്കു് ഇവരോടു് പ്രഥമവിക്ഷണത്തില്‍തന്നെ അവജ്ഞ ജനിക്കുക പതിവാണു്. സഭ കൂട്ടുന്നതിലും പ്രസംഗങ്ങള്‍ നടത്തുന്നതിലും അപ്രായോഗികങ്ങളും സമുദായമത്സരം വര്‍ദ്ധിപ്പിക്കുന്നവയുമായ പ്രമേയങ്ങള്‍ പാസാക്കുന്നതിലും ഇക്കൂട്ടര്‍ക്കുള്ള സാമര്‍ത്ഥ്യം അപ്രമേയമാണു്. വാചാലതപംകൊണ്ടു് പലപ്പോഴും ഒരു ജനസംഘത്തെ വശീകരിക്കാന്‍ ഇവര്‍ക്കു് സാധിച്ചേക്കാം. ചില മദ്യപാനികളെ പള്ളക്കിലെടുത്തുകൊണ്ടു പോകുന്നതും പുഷ്പംകൊണ്ടു മൂടുന്നതും നാം കണ്ടേയ്ക്കാം!! എന്നാല്‍ സൂക്ഷ്മധികളായ ചില വ്യക്തികള്‍ ഇവരുടെ ഉദ്ദേശ്യപരിശുദ്ധി എത്രമാത്രമുണ്ടെന്നു കണ്ടുപിടിക്കുന്നതിനു് എപ്പോഴും സമര്‍ത്ഥരാണു്!! സമുദായസേവനാര്‍ത്ഥം ഇറങ്ങി പ്രവൃത്തിചെയ്യുന്നവരില്‍ തുലോം ചുരുങ്ങിയ ഒരു ശതമാനത്തിനു മാത്രം ലോകം വിലകല്പിച്ചുവരുന്നതിന്‍റെ രഹസ്യം ഇതുതന്നെയാണു്.

ധനനഷ്ടം മാനനഷ്ടം മുതലായവയാല്‍ നിരാശനായിത്തീര്‍ന്ന ഉന്മത്തനും പൊതുജനങ്ങള്‍ക്കുവേണ്ടി വല്ലതും പ്രവര്‍ത്തിച്ചു് ഒരു പേരു സമ്പാദിക്കണമെന്നു് ഒരാഗ്രഹം ജനിച്ചു. അക്കാലത്തു് നാകപുരിയിലെങ്ങും പ്രചരിച്ചിരുന്ന മദ്യവര്‍ജ്ജനപ്രക്ഷോഭണങ്ങളിലാണു് അയാള്‍ ആദ്യമായി പങ്കുകൊണ്ടതു്. മദ്യപാനംകൊണ്ടുണ്ടാകുന്ന ദോഷങ്ങളെ വിവരിച്ചും ഫലിതരൂപത്തില്‍ പല കഥകള്‍ പറഞ്ഞും

അയാൾ സദസ്യരെ രസിപ്പിച്ചു. തന്മധ്യേ മദ്യലഹരി അനുഭവിക്കുമ്പോൾ ഉണ്ടാകുന്ന പരമാനന്ദം സ്മരിക്കവേ പെട്ടെന്നു് പ്രസംഗം നിറുത്തിയിട്ടു് യാത്രയാകണമെന്നുണ്ടായ ആഗ്രഹത്തെ നിയന്ത്രണം ചെയ്യുന്നതിനും അയാൾ ഒട്ടു പണിപ്പെട്ടു. തത്തോപാപദേശമേ! നിന്നെ ഇതാ ഞാൻ നമസ്കരിക്കുന്നു. ഉപദേശകൻെറ ഉദ്ദേശ്യം പരിശുദ്ധമല്ലെങ്കിൽതന്നെയും നീ അവനെ അല്പകാലത്തേയ്ക്കെങ്കിലും സദ്വിഷയത്തിലേയ്ക്കു തിരിക്കുന്നുണ്ടല്ലോ! അധ്യാപകന്മാർ വിദ്യാൎത്ഥികളുടെ മേൽനോട്ടത്തിൽ പൂർവ്വാധികം നിൎമ്മലന്മാരായിത്തീരുന്നു എന്നു ഗാന്ധിദേവൻ അരുളിച്ചെയ്തിട്ടുള്ളതെത്രയോ പരമാൎത്ഥം!!

വായനശാലകൾ സ്ഥാപിക്കുന്നതിനായിരുന്നു ഉന്മത്തൻെറ അടുത്ത പരിശ്രമം. പലരും ധനസഹായം പുസ്തകസഹായം മുതലായവ വാഗ്ദാനം ചെയ്തു. എന്നാൽ ഇവരിൽ പലരെയും നാലും അഞ്ചും തവണ ചെന്നു കണ്ടിട്ടും അവർ വീണ്ടും വീണ്ടും അവധി പറകയാണുണ്ടായതു്. പിരിഞ്ഞുകിട്ടിയ തുക തന്നതാവശ്യങ്ങൾക്കു ചെലവായിപ്പോകയും ചെയ്തു. "വായനശാല" അങ്ങനെ അവസാനിച്ചു.

കാൺഗ്രസ്സിൽ ചേൎന്നു് സ്വരാജ്യസ്നേഹം പ്രസംഗിച്ചാൽ എളുപ്പത്തിൽ ജനങ്ങളുടെ പ്രീതി സമ്പാദിക്കാമെന്നു് അയാൾ ആലോചിച്ചു; ഉടൻതന്നെ ഖദർവസ്ത്രവും 'ഗാന്ധിത്തൊപ്പി'യും സംഭരിച്ചു; ക്രമേണ പല പ്രസംഗപീഠങ്ങളിലും ഉന്മത്തൻ തൻെറ പ്രസംഗപാടവം വെളിപ്പെടുത്തി; അയാളുടെ തീവ്രമായ ദേശാഭിമാനത്തെ പലരും തലകുലുക്കി അഭിനന്ദിച്ചു!! എന്നാൽ ഇടയ്ക്കിടെ മിനുമിനുത്ത വിദേശവസ്ത്രംധരിച്ചും അയാളെ കണ്ടുതുടങ്ങി. പ്രസംഗം ചെയ്യുന്ന അവസരത്തിൽ മാത്രമേ അയാൾക്കു് സ്വദേശവസ്ത്രം അനുപേക്ഷണീയമായിരുന്നുള്ളു. ബ്രിട്ടീഷ് ഗവൎമ്മെൻറിനെ കർശനമായി ആക്ഷേപിച്ചു് എന്തെങ്കിലും രണ്ടു

വാക്ക പറഞ്ഞാൽ സദസ്യരിൽ ഭൂരിപക്ഷവും ഹസ്തഘോഷം നടത്തും; അതൊക്കെ ഉന്മത്തൻ നല്ലവണ്ണം ഗ്രഹിച്ചിരുന്നു. എന്നാൽ പലരുടെ സഹായത്തിൻെറ ഫലമായി ബി. ഏ. ഉള്ളും കടന്നുകൂടിയിരിക്കുന്ന തൻെറ പുത്രന് ഒരു 'സക്കാർജീവനം' അന്വേഷിക്കേണ്ടചുമതലയും ഉന്മത്തനെ അഭിമുഖികരിച്ചു. അയാൾ ക്രമേണ ഖദരും ഗാന്ധിത്തൊപ്പിയും ഉപേക്ഷിച്ചു. പാശ്ചാത്യരുടെ ആഗമനംമൂലം ഭാരതത്തിനു പൊതുവെയും നാകപുരിക്ക വിശേഷിച്ചും വന്നുകൂടിയിട്ടുള്ള ഗുണഗണങ്ങളെപ്പററി അയാൾ പല ലേഖനങ്ങളും പ്രസിദ്ധം ചെയ്തു!! ചില വലിയ ഉദ്യോഗസ്ഥന്മാരെ ത്താങ്ങിയുള്ള ലേഖനങ്ങളും ഉന്മത്തൻെറ പത്രത്തിൽ സ്ഥലംപിടിച്ചു. മനസ്സാക്ഷിഎന്നു പറയുന്നതു് ഇഷ്ടംപോലെക്കെകാര്യം ചെയ്യാവുന്ന ഒന്നല്ലേ? നിയമസഭാമെംബർസ്ഥാനം സ്വീകരിച്ചതോടുകൂടി നിദ്രാവസ്ഥയെ പ്രാപിച്ചിരുന്ന 'ദീപശിഖ' ഏററവും വില കുറഞ്ഞ ഒരുതരം കടലാസിൽ വെറും പ്രാകൃതരൂപത്തിൽ വീണ്ടും പുറത്തുവന്നുതുടങ്ങിട്ടുണ്ടു്! കടലാസിനു് ക്രമാതീതമായി വില കൂടിപ്പോകയാൽ ഇങ്ങനെ വന്നതാണെന്നും 'മാന്യബന്ധുക്കൾ' വരിസംഖ്യ മുൻകൂറയച്ചു് സഹായിച്ചാൽ ഈ ന്യൂനത പരിഹരിച്ചുകൊള്ളാമെന്നും പത്രാധിപപ്രസംഗത്തിൻെറ മുകളിലായി ഒരു കുറിപ്പും ചേർത്തിരുന്നു! പത്രം മടക്കിഅയച്ചവരുടെ ഗാർഹികരഹസ്യങ്ങൾ തിരഞ്ഞുപിടിച്ചു് അവരെ ആക്ഷേപിക്കുന്നതിനും, കുറെനാൾ പ്രതിഫലംകൂടാതെ എന്നുള്ളനാട്യത്തിൽ ചിലൎക്ക പത്രമയച്ചിട്ടു് ഒടുവിൽ വി. പി, വി. പി. നിരസനം, ഇവ കഴിഞ്ഞു് അവരുടെ പേരുവിവരം പത്രത്തിൽ പ്രസിദ്ധംചെയ്തു് ആ നിരുപദ്രവജീവികളെ അവമാനിക്കുന്നതിനും ഉന്മത്തനു് യാതൊരു ക്ലേശവുമുണ്ടായിരുന്നില്ല!! "ആ സൊല്ല ഒഴിയട്ടെ—നാശം! എന്നു ശപിച്ചുകൊണ്ടു് ചിലർ നാലുരൂപ്പിക "തലയ്ക്കുഴിഞ്ഞു കളയു"കയും ചെയ്തു. എന്നാൽ ഉന്മത്തൻ ഉദ്ദേശിച്ചതൊന്നും ഫലി

ച്ചില്ല. അയാളുടെ ഗുണങ്ങളും പൂർവ്വാധികം വർദ്ധിച്ചതേ ഉള്ളൂ.

ഹരിജനോദ്ധാരണം! അതേ! കുടിക്കാൻ വെള്ളമില്ലാതെ ഉടുക്കാൻ വസ്ത്രമില്ലാതെ കിടക്കാൻ വീടില്ലാതെ പലവിധകഷ്ടതകളനുഭവിക്കുന്ന അനേകലക്ഷം ജനങ്ങൾക്ക് ആകുന്ന സഹായം ചെയ്യേണ്ടതു് എല്ലാപേരുടെയും അവശ്യകർത്തവ്യമാകുന്നു. ഈ വിഷയത്തിൽ ഇറങ്ങി പ്രവർത്തിച്ചാൽ തനിക്കു സമുദായമദ്ധ്യേ മിക്കവാറും നാമാവശേഷമായിത്തീർന്നിട്ടുള്ള സ്ഥാനമാനങ്ങൾ വീണ്ടും സിദ്ധിക്കുമെന്നൊരു പ്രത്യാശയും ഉന്മത്തനുണ്ടായി. തനിക്ക് ഇഹലോകത്തോടു യാത്രപറയേണ്ട സമയം താമസിയാതെ സമാഗതമാകുമെന്നു് ശിരസ്സിൽ കണ്ടുതുടങ്ങിയ ധാരാളമായ രജതരേഖകൾ അയാളെ സ്മരിപ്പിച്ചുകൊണ്ടുമിരുന്നു.

നാകപുരിയിൽ പറയർ പുലയർ തുടങ്ങിയുള്ള ഹരിജനങ്ങൾ അധിവസിക്കുന്ന ചില സ്ഥലങ്ങളുണ്ടു്. പട്ടണത്തിലുള്ള അഴുക്കുകളെല്ലാം ചാലുകൾവഴിയായി ഒന്നുചേർന്നു് ഒടുവിൽ ഒരു തോടായി ഒഴുകുന്നു. അതിൻെറ തീരത്താണു് ഈ സാധുക്കൾ ജീവിക്കുന്നതു്. അവിടെ പുല്ലുമേഞ്ഞ പത്തുതിരു കുടിലുകൾ അടുത്തടുത്തായി സ്ഥിതിചെയ്യുന്നു. ഓരോ കുടിലിൽനിന്നും ഒഴുകിവന്നിരുന്ന മലിനജലത്താലും നിയന്ത്രണം തീരെയില്ലാത്ത മലമൂത്രവിസർജ്ജനാദികളാലും, പലയിടത്തും ചിഞ്ഞുകിടന്നിരുന്ന ഇലകൾ മുതലായവയാലും ആടു്, പശു, മുതലായവയുടെ അസ്ഥിശകലങ്ങളാലും ആ സ്ഥലം എത്രയും മലിമസമാക്കപ്പെട്ടിരുന്നു. ഓരോ കുടിലിലുമുള്ള പുരുഷന്മാർ കഞ്ചാവു്, കറുപ്പു്, കള്ളു് മുതലായവ ഉപയോഗിച്ചു് അർദ്ധനിദ്രയിലെന്നപോലെ കിടക്കുന്നതു കാണാം. സ്ത്രീകൾ പരസ്പരം "പേൻകൊല്ലുക", ചിലപ്പോൾ അഞ്ചും ആറും പേർ വരിയായിരുന്നു് ഈ ജോലി നടത്തുന്നതു കാണാൻ രസമായിരിക്കും — കുട്ടികൾ ഉണ്ടാ

ക്കുക, ഭൂതപ്രേതപിശാചാദികളുടെ കഥകൾ പറയുക, മുതലായ ജോലികളിൽ ഏൎപ്പെട്ടിരിക്കും. കുട്ടികൾ മേൽപറഞ്ഞ തോട്ടിലും മുററങ്ങളിലും കിടന്നു് ഉത്സാഹപൂൎവ്വം കളിക്കുകയും, കഴിയുന്നത്ര നീചമായ ഭാഷയിൽ വിനോദം പറകയും പരസ്പരം ശകാരിക്കയും ചെയ്യുന്നതു കാണാം. ഇതിനൊക്കെ സാക്ഷിയെന്നമട്ടിൽ കണ്ണും തുറിച്ചു് വൃക്ഷച്ചുവട്ടിൽ നിൽക്കുന്ന 'പൂതത്താൻ' അഥവാ 'കാടിയാതി' മത്സ്യമാംസങ്ങൾ മദ്യം തുടങ്ങിയുള്ള ഉപഹാരങ്ങൾ സ്വീകരിച്ചു് സംതൃപ്തനാകുന്നതും, മദ്യപിച്ചു് ചടുലനൃത്തംചെയ്യുന്ന ഒരുവൻ മുഖേന തൻെറ 'കൊല്ലും ശക്തി' വെളിപ്പെടുത്തുന്നതും കാണാം! ഇവരുടെ വൎഗ്ഗത്തിൽപെട്ട ചില മന്ത്രവാദികൾ രോഗിണികളായ നിൎഭാഗ്യവതികളെ പട്ടിണിയിട്ടും പലവിധത്തിലുള്ള ദേഹദണ്ഡം ചെയ്തും അവരിലുള്ള 'പേ' യിളക്കുന്നതും ഒരു രസകരമായ കാഴ്ചയാണു്. അജ്ഞാനാന്ധകാരത്തിൽ മുഴുകിക്കിടക്കുന്ന ഇവൎക്കു് ശരിയായ വിദ്യാഭ്യാസം, വാസസൌകൎയ്യം മുതലായവ നൽകാതിരിക്കുന്നതു മഹാപാപമാണെന്നു നാം ഇപ്പോഴെങ്കിലും മനസ്സിലാക്കിത്തുടങ്ങിയതു് എത്രയും ആശ്വാസജനകമാണു്. വൎണ്ണാശ്രമധൎമ്മം എത്ര പരിശുദ്ധമായ ഉദ്ദേശ്യത്തോടുകൂടി സൃഷ്ടിക്കപ്പെട്ട ഒന്നാണെങ്കിലും അതിൻെറ ഭയങ്കരമായ ഒരനന്തരഫലമോ, അഥവാ മനുഷ്യൻെറ സ്വാൎത്ഥലോലുപതയുടെ ഒരു നഗ്നരൂപമോ ആയിരിക്കാം നാമിക്കാണുന്ന കാഴ്ച!! പണ്ടു് ഒരു രാഷ്ട്രത്തിൽ ഉൾപ്പെട്ട സകല ജാതിക്കാരും ഏകയോഗക്ഷേമമായി കഴിഞ്ഞിരുന്നു. ഇടക്കാലത്താണു് ഈ ഭാഗ്യവിപൎയ്യയം കണ്ടുതുടങ്ങിയതു്. ഈ ദുഃസ്ഥിതിയോടു ആദ്യമായി പൊരുതുതുടങ്ങിയതു് ദീനദയാലുക്കളായ പാശ്ചാത്യമിഷനറിസംഘക്കാരാണെന്നുള്ളതു് നാം നിൎല്ലജ്ജം സമ്മതിക്കേണ്ട ഒരു പരമാൎത്ഥമാണു്! കുപ്പയിൽ കിടന്നിരുന്ന പല രത്നങ്ങളെയും അവർ തേടിപ്പിടിച്ചു് മാററുകൂട്ടി പ്രകാശിപ്പിച്ചിട്ടുണ്ടു്. 'അവരുടെ വേദത്തിൽ ചേക്കാനാ

ണു്" എന്നു് യാഥാസ്ഥിതികന്മാർ പറയുമായിരിക്കാം. ഏതു വേദത്തിലോ ചേർത്തുകൊള്ളട്ടെ. എല്ലാവേദവും ഒന്നാണെന്നു മനസ്സിലാക്കത്തക്ക ബുദ്ധിവിശേഷം നമുക്കു് ഇനിയെങ്കിലും ഉണ്ടാകണം. സബർമതിയിലെ പുണ്യശ്ലോകൻ അതാണു് നമ്മെ അനുദിനം ഉപദേശിച്ചുകൊണ്ടിരിക്കുന്നതു്. ഹിന്ദുമതം എന്നൊരു മിത്ഥ്യാഭിമാനംകൊണ്ടെന്തുഫലം? അതിലുള്ള ദോഷങ്ങൾ ദൂരികരിക്കാൻ നാം സദാ സന്നദ്ധരായിരിക്കണം. ഒരു വൎഗ്ഗക്കാർ മുഴുവനും 'ശ്വപചാ'ന്മാരാണത്രേ!—ശ്വപചൻ—ശ്വാവിനെ വേകിക്കുന്നവൻ—നോക്കണേ! എന്തൊരു ധിക്കാരം!! ഇങ്ങനെയുള്ള ദുർവിചാരങ്ങൾ നീങ്ങി മനുഷ്യരെല്ലാവരും തുല്യന്മാരാണെന്നുള്ള വിചാരം നമുക്കു് ഉണ്ടാകാത്തപക്ഷം ഭാരതത്തിനു് എങ്ങനെ അഭിവൃദ്ധിയുണ്ടാകും? ആകട്ടെ; നമുക്കു് കഥ തുടരാം.

ഒരുദിവസം ഉന്മത്തൻ ഹരിജനങ്ങളുടെ വാസസ്ഥലത്തേയ്ക്കു് യാത്രയായി. അവിടത്തെ ദുർഗന്ധമയമായ അന്തരിക്ഷവും ദുഷിച്ച നടപടികളും അയാളെ വിഷമിപ്പിച്ചു. ഇങ്ങനെയും മനുഷ്യർ ജീവിക്കുന്നുണ്ടല്ലോ, എന്നോർത്തു് അയാൾ അത്ഭുതപ്പെട്ടു. അയാളുടെ ശിലാഹൃദയം അല്പമൊന്നലിഞ്ഞുതുടങ്ങിയതു് ഈ അവസരത്തിലായിരുന്നു. ഐഹികസുഖങ്ങൾ സകലവിധത്തിലും പരിപൂൎണ്ണമായി അനുഭവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു് അവയെപ്പററി പല ഗ്രന്ഥങ്ങളും നിൎമ്മിച്ചിട്ടുള്ളവരാണു് ഭാരതിയർ; എന്നാൽ ആവക ഗ്രന്ഥങ്ങളെന്താണെന്നുപോലും ഗ്രഹിക്കാതെയും വഴിയാംവണ്ണമുള്ള ഉപദേശങ്ങൾ സിദ്ധിക്കാതെയും കേവലം മൃഗങ്ങൾക്കുതുല്യം എത്ര ലക്ഷങ്ങളാണു് ഈ ഭാരതഭൂമിയിൽ ജീവിക്കുന്നതു്!! വേദശാസ്ത്രപുരാണാദികൾ തങ്ങളുടെ "പൈതൃക"ങ്ങളാണെന്നഭിമാനിച്ചുനടക്കുന്ന കൂട്ടരല്ലേ ഈമാതിരി കഷ്ടാനുഭവങ്ങൾക്കു് കാരണഭൂതന്മാർ!! കഷ്ടം! അതികഷ്ടം! ഈമാതിരി ചിന്തകളോടു

കൂടി ഉന്മത്തൻ ഹരിജനങ്ങളുടെ അവശതകളെ വിവരിച്ചു് സ്വന്തം പത്രത്തിൽ അനേകം ലേഖനങ്ങളെഴുതി. എന്നാൽ അവരുടെ വാസസ്ഥലത്തേയ്ക്കു് വീണ്ടും പോകാൻ അയാൾക്ക സന്മനസ്സുണ്ടായില്ല!! കടക്കാരുടെ നിരന്തരമായ ഉപദ്രവംകൊണ്ടും അയാൾ മുഷിഞ്ഞു. ഒടുവിൽ ഗത്യന്തരമില്ലായ്കയാൽ ഉന്മത്തൻ ബി. എ ബി. എൽ. എക്സ്. എം. എൽ. സി. കോടതിയിൽചെന്നു് പാപ്പർഹർജികൊടുത്തു!! ഇതു കേട്ടപ്പോൾ ചില സേട്ടന്മാരും ചെട്ടികളും ബോധരഹിതരായി നിലത്തുപതിച്ചു. ഉന്മത്തൻെറ സ്നേഹിതന്മാരിൽ പലരും അയാൾക്ക സാമാന്യം നല്ല തുകകൾ കടം കൊടുത്തിരുന്നു. അവരും തങ്ങളുടെ ബുദ്ധിമോശത്തെപ്പററി കൂടെക്കൂടെ മനസ്താപിച്ചുവന്നു. എന്തെങ്കിലും കമലയ്ക്കു് അല്പം മനസ്സമാധാനം ലഭിച്ചുവെന്നു് കാണികൾക്ക തോന്നിച്ചു. എന്നാൽ ഭർത്താവിൻെറ നിരന്തരമായ അഴിമതികളോർത്തു് അവളുടെ ഹൃദയം വെന്തുനീറിക്കൊണ്ടിരുന്നു! അവളുടെ ശരീരം ക്രമാതീതമായി ശോഷിച്ചു. ക്രമേണ ക്ഷയരോഗത്തിൻെറ ലക്ഷണങ്ങളും കണ്ടുതുടങ്ങി! കഷ്ടം!!

ഉന്മത്തൻെറ ഭാഗ്യവിപര്യയത്തെപ്പററി സ്നേഹിതന്മാർമുഖേന അറിഞ്ഞുകൊണ്ടിരുന്ന മാധവൻനായർ ചില രഹസ്യക്കത്തുകൾവഴി ഗോപിനാഥന് -- ഇതായിരുന്നു ഉന്മത്തൻെറ സീമന്തപുത്രൻെറ പേരു് —ഒരു അദ്ധ്യാപകജോലി സമ്പാദിച്ചുകൊടുത്തു. അയാൾക്ക കിട്ടിവന്നിരുന്ന അല്പശമ്പളംകൊണ്ടു് ആ കുടുംബം "മുഴപ്പട്ടിണി"യാകാതെ ഇപ്പോൾ കഴിഞ്ഞുകൂടുന്നു. കമലയ്ക്കു് ശരിയായ വൈദ്യസഹായത്തിനുപോലും നിവൃത്തിയില്ലെന്നുള്ള വിവരം ഗോപിനാഥൻെറ എഴുത്തുകളിൽനിന്നും ധരിച്ച മാധവൻനായർ ഇടയ്ക്കിടെ ധനസഹായം ചെയ്തും തൻെറ മഹാമനസ്കത വെളിവാക്കിയിരുന്നു.

# അദ്ധ്യായം ഒൻപതു്.

## പശ്ചാത്താപം.

ക്രമേണ ഉന്മത്തനും രോഗശയ്യയിലായി. ഭായ്യയുടെ ശോഷിച്ചു വിളറിയ മുഖം കണ്ടപ്പോഠം അയാളുടെ തൊണ്ട വരണ്ടു; ശരീരത്തിലശേഷം അഗ്നി പടൎന്നുപിടിക്കുന്നതു പോലെ അയാഠംക്കു തോന്നി. തൻെറ കുഞ്ഞുങ്ങളുടെ പ്രാകൃതരൂപംകണ്ടു് അയാളുടെ നെഞ്ചു തകൎന്നു! ധമ്മപത്നിയായ കമല പലപ്പൊഴും തനിക്കു ചെയ്തിട്ടുള്ള ഉപദേശങ്ങളും, അവഠം കരഞ്ഞുകൊണ്ടു് തന്നെ അകൃത്യങ്ങളിൽനിന്നും തടയാൻ ചെയ്തിട്ടുള്ള ശ്രമങ്ങളും അയാഠം അനുതാപപൂവ്വം സ്മരിച്ചു. തൻെറ ജന്മദാതാക്കളായ മാതാപിതാക്കന്മാരെപ്പോലും താൻ വിസ്മരിച്ചുവല്ലോ. ഇപ്രകാരമുള്ള ചിന്താഗതികഠംക്കിടയിൽ ഒരാഠം വന്നു് "വക്കീലദ്ദേഹത്തിൻെറ മാതാവു് ഹൃദയസ്തംഭനം നിമിത്തം പെട്ടെന്നു് പരലോകം പ്രാപിച്ചു," കഥ അയാളെ അറിയിച്ചു. ഈ വാൎത്ത കേട്ട മാത്രയിൽ ഉന്മത്തൻ ബോധരഹിതനായിത്തീൎന്നു. ഗോപിനാഥൻ വിവരമറിഞ്ഞു് സ്വഭവനത്തിലെത്തി. പിതാവിൻെറ ജ്വരം പൂവ്വാധികം വദ്ധിച്ചിരിക്കുന്നതും മാതാവിൻെറ രോഗം പൂവ്വസ്ഥിതിയിൽത്തന്നെ നില്ക്കുന്നതുംകണ്ടു് അയാഠം വിഷണ്ണനായി. സാത്വികശീലനായ ആ യുവാവു് ആപൽഘട്ടങ്ങളിൽ ഒരു താങ്ങായി കരുതിയിരുന്നതു് മാധവൻനായരെയാണു്; അതിനാൽ ഉടൻതന്നെ അദ്ദേഹത്തിനു് ഒരു കത്തയച്ചു. എന്നാൽ അനുപേക്ഷണിയങ്ങളായ ചില ഗൃഹകൃത്യങ്ങളിൽ ഏപ്പെട്ടിരുന്ന മാധവൻനായക്കു് ഉടൻതന്നെ നാകപുരിയിലേക്കു യാത്രയാകുന്നതിനു് കൃത്യാന്തരങ്ങളാൽ സാധിച്ചില്ല. അദ്ദേഹം ജഡ്ജി നാരായണപിള്ളയ്ക്കു് ഒരു സ്വകാൎയ്യക്കത്തയയ്ക്കുക മാത്രം ചെയ്തു.

ഉന്മത്തൻ അല്പനേരം കഴിഞ്ഞു് നിദ്രയിൽനിന്നും ഉണൎന്നു. സ്വമാതാവിനു് അന്ത്യകാലത്തുണ്ടായ ആഗ്രഹങ്ങളൊന്നും സാധിച്ചുകൊടുക്കുന്നതിനു സാധിച്ചില്ലല്ലോ, എന്നോൎത്തു് അയാൾക്കു വലുതായ കുണ്ഠിതമുണ്ടായി. അയാൾ തന്റെ പൂൎവ്വചരിത്രത്തിലെ ഓരോ അദ്ധ്യായവും ക്ഷമാപൂൎവ്വം വായിച്ചുനോക്കി. വിദ്യാരംഭകാലംമുതലുള്ള സംഭവങ്ങളും സമാരംഭങ്ങളുമെല്ലാം ചലനചിത്രത്തിലെന്നപോലെ അയാൾ മുൻപിൽ കണ്ടു. തന്നെ ഓരോ മാതിരി ദുൎന്നടപടികളിൽ പ്രവൎത്തിപ്പിച്ച സ്നേഹിതന്മാരെ അയാൾ സ്മരിച്ചു. അവരോടു് അയാൾക്കു് അതികഠിനമായ കോപമുണ്ടായി. ഹൈസ്ക്കൂൾവിദ്യാൎത്ഥിയായിരുന്നകാലത്തു മാധവൻനായർ—ആ വന്ദ്യപുരുഷൻ—ചെയ്തിരുന്ന ഉപദേശങ്ങൾ സ്മരിച്ചപ്പോൾ ഉന്മത്തൻ രോമാഞ്ചകഞ്ചുകിതനായിത്തീൎന്നു! "കഷ്ടം! ഞാൻ അദ്ദേഹത്തിന്റെ ഉപദേശങ്ങളെ അവഗണിച്ചു! എത്രതവണ അദ്ദേഹം എന്നെ ബാഷ്പാകുലനായിഉപദേശിച്ചു! അന്നു് എനിക്കു പരിഭവവും കോപവുമാണുണ്ടായതു്. എന്നിട്ടും അദ്ദേഹം പിന്മാറിയില്ലല്ലോ. ആ മഹാപുരുഷനെ അനുസരിക്കാൻ എനിക്കു സന്മനസ്സുണ്ടാകാഞ്ഞതു് എന്റെ കാലദോഷമായിരിക്കാം......കാളേജിൽ എന്നെ കൂടെക്കൂടെ തത്വോപദേശം ചെയ്തിരുന്ന ആ കൊച്ചു സഹോദരൻ!!...അയാളെ ഞങ്ങൾ പലരും ഒത്തുചേൎന്നു് ആക്ഷേപിക്കുക പതിവായിരുന്നു! ഇപ്പോൾ ഗിരിപുരം കാളേജിൽ പ്രഥമാദ്ധ്യാപകനായിരിക്കുന്ന അദ്ദേഹത്തിന്റെ ഒരു കത്തു് ഇന്നലെ വന്നല്ലോ. എന്നോടുകൂടി കളിച്ചും മദിച്ചും എന്റെ ധനമശേഷം സിനിമാഹാളിലും മററും വ്യയം ചെയ്യിച്ച ആ സ്നേഹിതമ്മന്യന്മാരിൽ ഒരുവനെങ്കിലും ഇപ്പോൾ തിരിഞ്ഞുനോക്കുന്നുണ്ടോ?...... ത്യാഗശീലന്മാരായ എത്രയോ വിദ്യാൎത്ഥികൾ ആ ഹാസ്റ്റലിൽ ഉണ്ടായിരുന്നു. അവരുടെ ജീവിതരീതി കണ്ടുപഠിക്കുന്നതിനും എനിക്കു സാധിച്ചില്ലല്ലോ. എത്രപേരോടാണു്

ഞാൻ മൂർഖത്വം പ്രകടിപ്പിച്ചിട്ടുള്ളതു്!! ആ രമേശൻെറ മരണത്തിൽപോലും എനിക്കു പരിതാപം ഉളവായില്ല!!... ......റെവറൻഡ് ജോസഫ് ഒരു ദിവസം സിനിമാഹാളിന്നു സമീപം എന്നെ തടഞ്ഞുനിറുത്തിച്ചെയ്ത ഉപദേശം അല്പമായി എൻെറ ഹൃദയത്തിൽ തട്ടി! അദ്ദേഹം എത്ര ഉള്ളഴിഞ്ഞു് എന്നെ സ്നേഹിച്ചു! എന്നിട്ടും എൻെറ ദുർമ്മാർഗ്ഗപ്രസക്തിക്കു് യാതൊരു മാററവും ഉണ്ടായില്ലല്ലോ...... കഷ്ടം! ഞാനെന്തൊരു മഹാപാപി! ലാക്കാളേജിൽ പഠിച്ചിരുന്ന അവസരത്തിൽ ദുർമ്മാർഗ്ഗികളെയല്ലേ ഞാൻ എൻെറ ഉററമിത്രങ്ങളായി കരുതിയതു്! അവർ എന്തെല്ലാം അകൃത്യങ്ങൾക്കു് എന്നെ പ്രേരിപ്പിച്ചു!! ഇന്നു് അവരിൽ ആരെങ്കിലും എന്നെപ്പററി അല്പമെങ്കിലും സ്മരിക്കുന്നുണ്ടോ? നന്ദികെട്ട ജന്തുക്കൾ!!......"

സമീപത്തുള്ള കട്ടിലിൽ കിടന്നിരുന്ന കമല ഒരു ദീനസ്വരം പുറപ്പെടുവിച്ചതുകേട്ടു് ഉന്മത്തൻ ഹൃദയവേപഥുവോടുകൂടി തിരിഞ്ഞുനോക്കി. ശരീരത്തിലെ മാംസമശേഷം ക്ഷയിച്ചുപോകയാൽ ഒരു അസ്ഥിക്കൂടംപോലെയായിരുന്നു അവൾ ശയിച്ചിരുന്നതു്. വളരെ പ്രയത്നപ്പെട്ടാൽ മാത്രമേ അല്പശബ്ദം പുറപ്പെടുവിക്കുന്നതിനു അവൾക്കു സാധിച്ചിരുന്നുള്ളൂ. കമല ആംഗ്യംകൊണ്ടു് തനിക്കു കലശലായ ദാഹമുണ്ടെന്നു് ഉന്മത്തനെ അറിയിച്ചു. പുറത്തുനിന്നു് ഡാക്ടരുമായി സംസാരിച്ചുകൊണ്ടിരുന്നുവെങ്കിലും മാതാവിൻെറ മുഖത്തു് ഉററുനോക്കിക്കൊണ്ടിരുന്ന ഗോപിനാഥൻ ഉത്തരക്ഷണത്തിൽ വെള്ളവുമായിസമീപത്തിലെത്തി. കമല ദാഹം തീർത്തു; ഉടൻതന്നെ വീണ്ടും മയങ്ങി.

ഉന്മത്തനു് തൻെറ പ്രാണപ്രേയസിയെ സമാധാനപ്പെടുത്തണമെന്നാഗ്രഹമുണ്ടു്. എന്നാൽ അവൾ സദാ അർദ്ധനിദ്രയിൽ മുഴുകിക്കിടക്കുന്നതേ കാണാനുള്ളൂ. അയാൾ

വീണ്ടും ചിന്താഗ്രസ്തനായി:—"കഷ്ടം! ഈ കമല! ഇവളുടെ അവസ്ഥ എന്തായിരുന്നു! ഞാൻമൂലം ഇവൾ എന്തെല്ലാം ദുരിതങ്ങളനുഭവിച്ചു. എന്നിട്ടും ഈ സാധു എന്നെ വിട്ടു പിരിയാതെ എൻെറ ജീവിതയാത്ര കഴിയുന്നത്ര സുഗമമാക്കുന്നതിനു തീവ്രയത്നം ചെയ്തു! ഇവളുടെ ത്യാഗശീലം കണ്ടിട്ടും എൻെറ മനസ്സുരുകിയില്ലല്ലോ. അയ്യോ ദൈവമേ!......" താനറിയാതെ ഉച്ചരിച്ചുപോയ ഈ ശബ്ദം അയാൾക്കു പല നൂതനസ്മരണകളും ഉളവാക്കി. സത്യം പാലിക്കുന്നതിൽ സ്ഥിരനിഷ്ഠയോടുകൂടി ജീവിച്ചിരുന്ന ജഡ്ജി നാരായണപിള്ളയുടെ കഥ അയാൾ സ്മരിച്ചു.... ഉടൻ തന്നെ ഗോപിനാഥൻ വന്നു് ഒരാൾ വന്നിരിക്കുന്ന വിവരം ഉന്മത്തനെ അറിയിച്ചു. അതു് മററാരുമല്ല; പെൻഷൻ പററിയ ജഡ്ജിനാരായണപിള്ളതന്നെയായിരുന്നു. മാധവൻ നായരുടെ എഴുത്തിൽനിന്നും ഉന്മത്തൻെറ ദൈന്യാവസ്ഥ മനസ്സിലാക്കി ഇദ്ദേഹം പുറപ്പെട്ടിരിക്കയാണു്.

ജഡ്ജി അവർകൾ രോഗിദ്വയത്തിൻെറ മദ്ധ്യത്തിൽ 'ഇരിപ്പുപിടിച്ചു.' കമലയുടെ കിടപ്പു കണ്ടപ്പോൾ കണ്ണുനീർ നിയന്ത്രിക്കുന്നതിനു അദ്ദേഹം അല്പം പണിപ്പെടേണ്ടി വന്നു. "ഇതുകൊണ്ടൊന്നും വിഷാദിക്കരുതു്. നമ്മുടെ ആത്മശക്തി പരിശോധിക്കുന്നതിനു് ഈശ്വരൻ ചെയ്യുന്ന പരീക്ഷകളാണിവയെല്ലാം." എന്നു തുടങ്ങി അദ്ദേഹം ഉന്മത്തനെ പലതും ഉപദേശിച്ചു. "ഞാൻ ചെയ്ത തെററു ക്ഷമിക്കണം" എന്നു മാത്രം ഉന്മത്തൻ ഗൽഗദപൂർവം പറഞ്ഞു. കഴിഞ്ഞ കാര്യങ്ങളോർത്തു് ഒരിക്കലും ദുഃഖിക്കരുതെന്നും ഈശ്വരശക്തിയിൽ ദൃഢമായി വിശ്വസിക്കണമെന്നും മററും ഉന്മത്തനെ ഉപദേശിച്ചിട്ടു് ജഡ്ജി അവർകൾ യാത്രപറഞ്ഞു. പോകുന്ന വഴി അദ്ദേഹം ഗോപിനാഥനെ അരികിൽ വിളിച്ചു്, "കുഞ്ഞേ! എന്നെ തെററിദ്ധരിക്കരുതു്. നിങ്ങളുടെ കുടുംബത്തിൻെറ പരിതാപകരമായ അ-

വസ്ഥ കണ്ടു് എൻെറ മനം കലങ്ങുന്നു. ഇതാ ഈ തുക സദയം സ്വീകരിക്കുക" എന്നു പറഞ്ഞു് നൂറുരൂപാ നിർബ്ബന്ധപൂർവ്വം ഗോപിനാഥനെ ഏല്പിച്ചു. കൂടാതെ കമലയെ ചികിത്സിച്ചുവന്ന ഡാക്ടരെ പ്രത്യേകം കണ്ടു് ആ സാധ്വിയ്ക്കു് വേണ്ട ആനുകൂല്യങ്ങൾ ചെയ്യണമെന്നു പ്രത്യേകം പറകയും ചെയ്തു.

ജഡ്ജി അവർകളുടെ ആഗമനത്തിൽ ഉന്മത്തനുണ്ടായ അത്ഭുതത്തിനതിരില്ല! അതു് കേവലം ഒരു കെട്ടുകഥയായിട്ടേ നമുക്കും തോന്നാനിടയുള്ളൂ എന്നാൽ നാരായണപിള്ളയെപ്പോലെ ചുരുക്കം ചില വ്യക്തികൾ ഇന്നും ജീവിച്ചിരിപ്പുണ്ടു്. താൻ ആയിരം ഉറുപ്പികയുമായി പണ്ടു് പോയിരുന്ന കഥയോർത്തു് ഉന്മത്തൻെറ ഹൃദയം വെന്തുനീറി. അതിനെത്തുടൎന്നു് താൻ ദ്രോഹിച്ചിട്ടുള്ള ഓരോ വ്യക്തിയും കഠിനമായ വെറുപ്പോടുകൂടി തൻെറ മുൻപിൽകൂടി കടന്നുപോകുന്നതായി അയാൾക്കു തോന്നി. എത്ര സാധുക്കളെയാണു് താൻ വ്യാജമായി കേസുകളിൽ കുടുക്കി നശിപ്പിച്ചതു്. അവരൊക്കെ ഇപ്പോൾ "കണ്ണീരും കൈയ്യു"മായിട്ടല്ലേ കഴിയുന്നതു്!! ശിവനേ! ഇതിനെന്തൊരു പരിഹാരമാൎഗ്ഗമാണുള്ളതു്." ഇങ്ങനെയുള്ള വിവിധവിചാരങ്ങളാൽ അയാൾ വിഷമിച്ചു് സമയം കഴിക്കയാണു്.

കമലയുടെ സ്ഥിതി ക്രമേണ ആശങ്കാജനകമായിത്തീൎന്നു. ക്ഷയരോഗത്തിൻെറ അന്ത്യഘട്ടത്തിലുള്ള പല ലക്ഷണങ്ങളും അവളിൽ കണ്ടുതുടങ്ങി. യാതൊരുവിധത്തിലുള്ള ആഹാരവും ദഹിപ്പിക്കുന്നതിനു് അവൾക്കു ശക്തിയില്ലാതായിത്തീൎന്നു. ഡാക്ടർ ഉത്സാഹപൂർവ്വം ചികിത്സ നടത്തുന്നു. ആസ്പത്രിയിൽനിന്നും വന്നിട്ടുള്ള ഒരു 'നഴ്സ്' സദാസമയവും അടുത്തിരുന്നു് രോഗിണിയെ ശുശ്രൂഷിക്കുന്നു. ഇങ്ങനെ രണ്ടുദിവസം കഴിഞ്ഞപ്പോൾ കമലയ്ക്കു് അല്പം ആശ്വാസം കണ്ടുതുടങ്ങി. ഉന്മത്തനു് ഭാൎയ്യയുടെ രോഗാവസ്ഥ

യെപ്പററി ശരിയായ അന്വേഷണം നടത്തുന്നതിനുപോലും ശക്തിയില്ല. അയാളും സദാ കിടപ്പാണു്.

സ്വർഗ്ഗവാതിലേകാദശിദിവസം. സമയം അർദ്ധരാത്രി. രോഗിണിയുടെ മുറിയിലുള്ള നിലവിളക്കു് മങ്ങിക്കത്തുന്നു. മരുന്നുകുപ്പികൾ ഒരു പലകമേൽ 'ഞങ്ങളെക്കൊണ്ടെന്തുഫലം' എന്നുള്ള മട്ടിൽ ഇരിക്കുന്നു. ശുശ്രൂഷകർ പല ദിവസങ്ങളായി നിദ്രാരഹിതരായി കഴിക്കയാൽ ക്ഷീണിതരായി നിദ്രചെയ്യുന്നു. ഉന്മത്തനാകട്ടെ താൻ ദ്രോഹിച്ചിട്ടുള്ള സാധുക്കളുടെ കഷ്ടതകൾ സ്വപ്നംകണ്ടുകൊണ്ടു് അസ്വസ്ഥനായി ഉറങ്ങുന്നു. ശുശ്രൂഷകയും ഒന്നു മയങ്ങി. പെട്ടെന്നു് ഒരു ദീനസ്വരം കേട്ടു് അവൾ ഉണർന്നു. അപ്പോഴുണ്ടായ ഒരു കാററിൽപെട്ടു് നിലവിളക്കണഞ്ഞു. ഉടൻതന്നെ അവൾ വിളക്കുകത്തിച്ചു. തന്മദ്ധ്യേ ഗോപിനാഥൻ ആ സ്ഥലത്തേയ്ക്കു് പാഞ്ഞെത്തി. കമല ചിലതൊക്കെ പറയുന്നുണ്ടു്. എന്നാൽ ഒന്നും വ്യക്തമാകുന്നില്ല. ആ ഗൃഹത്തിൻെറ പടിഞ്ഞാറുവശത്തു നിന്നിരുന്ന ഒരു വാഴ ഞെരിഞ്ഞു വീഴുന്ന ശബ്ദം കേട്ടു് എല്ലാവരും ഒന്നു ഞെട്ടി! ജംബുകവൃന്ദങ്ങളുടെ കൂക്കുവിളിയും അവരെ അന്ധാളിപ്പിച്ചു! "രാമ രാമ ഭഗവാനേ" എന്നു് കമല ഉച്ചരിച്ചു. അവളുടെ ശ്വാസഗതി കണ്ടു് വിഷണ്ണയായ ശുശ്രൂഷക:— 'വക്കീലദ്ദേഹത്തിനെ വിളിച്ചുണർത്തണ്ടേ?" എന്നു് ഗോപിനാഥനോടു ചോദിച്ചു. "അച്ഛനു് ജ്വരം കുറെ കൂടുതലാണു്. ഉണർത്തുന്നതു ശരിയല്ല. കൂടിയേ കഴിയുവോ?" എന്നു് അയാൾ പറഞ്ഞപ്പോൾ:—"മനസ്താപിക്കരുതു്; ഡാക്ടരെ ഉടൻ വരുത്തണം. അദ്ദേഹത്തിനെയും ഉണർത്തണം" എന്നു അവൾ മറുപടിപറഞ്ഞു. കഷ്ടം! ഗോപിനാഥൻെറ കഥ എന്തുപറയട്ടെ. അവൻ ആ ഭയങ്കരമായ ഇരുട്ടിൽ വിളക്കുപോലുമില്ലാതെ ഡാക്ടരുടെ ഭവനത്തിലേയ്ക്കു 'പറക്ക'തന്നെ ചെയ്തു. നാലഞ്ചുനിമിഷത്തിനകം ഡാക്ടർ

വന്നു്, കമലയ്ക്കു് ചില ചികിത്സകഠം നടത്തി. അവസാനിക്കാൻപോകുന്ന ജീവനെ അല്പനേരംകൂടി നിലനിത്താനുള്ള ഒരു കുത്തിവയ്പുമാത്രമായിരുന്നു അതു്. ഗോപിനാഥൻ ഉന്മത്തനെ വിളിച്ചുണത്താൻ ശ്രമിച്ചു. അയാഠം ഉണന്നില്ല; എന്നാൽ, "ഞാൻ മഹാപാപി, നിങ്ങളെ ദ്രോഹിച്ചു; അല്ലെങ്കിലെന്തിനു്" എന്നുമാത്രം പലതവണ പുലമ്പി. ഡാക്ടർ ഗോപിനാഥനെ വിളിച്ചു്:—"ധൈയ്യമായി കത്തവ്യങ്ങഠം നിറവേററുക. അച്ഛനെ ബുദ്ധിമുട്ടിക്കണ്ട. അദ്ദേഹം വിശ്രമിച്ചുകൊള്ളട്ടെ" എന്നു പറഞ്ഞിട്ടു് യാത്രയായി.

കമലയുടെ അവശത പെട്ടെന്നു വർദ്ധിച്ചു. അവഠം പെട്ടെന്നു കണ്ണുതുറന്നു് ഗോപിനാഥന്റെ മുഖത്തു സൂക്ഷിച്ചുനോക്കി കണ്ണീർപൊഴിക്കുക മാത്രം ചെയ്തു. സമീപസ്ഥരെല്ലാം പരിഭ്രമം വെളിവാക്കുന്ന മുഖത്തോടുകൂടി പരസ്പരം നോക്കി ഗോപിനാഥൻ വളരെ ബദ്ധപ്പെട്ടു് മനസ്സിനെ നിയന്ത്രിച്ചും ഇടയ്ക്കിടെ നെഞ്ചു തടവിയും കഴിക്കുന്നു! കമല വീണ്ടും കണ്ണടച്ചു. അവളുടെ ശ്വാസഗതി വികൃതമായി. 'അമ്മാ' 'അമ്മാ' എന്നു വളരെ വിഷമിച്ചു് അവഠം ഉച്ചരിച്ചു. അതോടുകൂടി ആ സാധ്വിയ്ക്കു് ഇഹലോകത്തിൽനിന്നും മുക്തി സിദ്ധിച്ചു.

•••••••••••••••

# അദ്ധ്യായം പത്ത്.

ധർമ്മബോധം.

ഉന്മത്തൻെറ ജ്വരം അല്പം ഭേദമുണ്ട്. എന്നാൽ അയാൾ ശയ്യവിട്ട് ഇതേവരെ എഴുന്നേററിട്ടില്ല. കമലയുടെ മരണത്തോടുകൂടി അയാളുടെ മനഃസ്ഥിതിആകപ്പാടെ ഒന്നു മാറി. "ഉദരത്തിൽ ചെന്തീ ജ്വലിച്ചെങ്കിൽ മാത്രമേ ആമം പക്വമാകയുള്ളു." അതുപോലെതന്നെ കഷ്ടകാലം മനുഷ്യൻെറ സ്വഭാവത്തെ ശുദ്ധീകരിക്കുന്നതും നാം ലോകത്തിൽ സാധാരണമായി കണ്ടുവരുന്നുണ്ടല്ലോ. ഉന്മത്തൻെറ ഹൃദയത്തിലുള്ള മലിനതകൾ ക്രമേണ നീങ്ങിത്തുടങ്ങി. മനുഷ്യനു് ജീവിതോദ്ദേശ്യം എന്നൊന്നുണ്ടെന്നും അതു് താൻ നാളതുവരെ സ്മരിച്ചില്ലെന്നും അയാൾ മനസ്സിലാക്കി. തൻെറ ജീവിതശേഷം എങ്ങിനെ കഴിക്കണമെന്നുള്ളതിനെപ്പററി ഒരു സ്ഥിരനിശ്ചയവും അയാളുടെ മുഖത്തു് സ്ഫുരിക്കുന്നുണ്ട്. ഭൌതികവിഷയങ്ങളിൽ കുറേക്കൂടി താല്പര്യമുണ്ടായിരിക്കണമെന്നു് താൻ മാധവൻനായരെ ഉപദേശിച്ചതും ആ സമുദ്രതീരവും സൂര്യാസ്തമയവുമെല്ലാം സ്മരിച്ച് അയാൾ സ്വയം പുഞ്ചിരിതൂകി! അല്ല! എന്തൊരത്ഭുതം! ആരാണു് പടിപ്പുര കടന്നു് വീട്ടിനുള്ളിലേയ്ക്കു വരുന്നതു്!! ഉന്മത്തനു് തൻെറ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല! അതു് മാധവൻനായർ തന്നെ ആയിരുന്നു. ഉന്മത്തൻെറ ഹൃദയത്തിൽ തിങ്ങിപ്പൊങ്ങിയ വികാരങ്ങൾ എങ്ങനെ വർണ്ണിക്കേണ്ടു?

മാധവൻനായർ ഒരു ചെറിയ മന്ദസ്മിതത്തോടുകൂടിയാണു് വന്നുകയറിയതു്. വാർദ്ധക്യദശയിലെത്തിയിരിക്കുന്ന നായരുടെ മുഖത്തു് ഇന്നും നല്ല തേജസ്സും പ്രസന്നതയും ഉണ്ടു്. എന്നാൽ ലോകപരിജ്ഞാനംമൂലം ഉണ്ടായിട്ടുള്ള

അടക്കവും ഘനഭാവവും ആ മുഖത്തിൽ കളിയാടുന്നുണ്ടു്. കൃഷ്ണമണികൾ രണ്ടു വൈരക്കല്ലുകൾപോലെ തിളങ്ങുന്നു. ജനങ്ങളുടെ ഹീനബുദ്ധി ഉത്തരോത്തരം വർദ്ധിച്ചുവരുന്നല്ലോ എന്നോർത്തുണ്ടായ നിരാശയും ലോകത്തിൻെറ അവസ്ഥ പൊതുവേ നന്നാകുകയും എല്ലാവരും പരസ്പരം സൗഹാർദ്ദബുദ്ധിയോടുകൂടി വർത്തിക്കുകയും ചെയ്യുന്നതു കാണണമെന്നുള്ള അത്യാശയും ആ മുഖത്തിൽ കാണാം. അദ്ദേഹത്തിൻെറ ആശയവിശാലത്വം, മഹാമനസ്കത, പാണ്ഡിത്യം മുതലായവ വിശദീകരിക്കുന്ന ലേഖനപരമ്പരകളാൽ ലോകം പൊതുവേ അദ്ദേഹത്തിനെ ആരാധിച്ചുതുടങ്ങിട്ടുണ്ടു്. വലുതായ അഭിപ്രായവ്യത്യാസങ്ങളുള്ള സ്ഥലങ്ങളിൽ വിശേഷിച്ചും സമുദായമത്സരം മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിട്ടുള്ള സദസ്സുകളിൽ മാധവൻനായർ വന്നുചേരുന്നതു് പലരും ഒരനുഗ്രഹമായി കരുതിയിരുന്നു. ഇങ്ങനെ ഒരത്യാവശ്യക്കാര്യത്തിൽ ഏർപ്പെട്ടിരുന്നതിനാലാണു് അദ്ദേഹം ഗോപിനാഥൻെറ കത്തനുസരിച്ചു് ഉടൻ വന്നുചേരാഞ്ഞതു്.

ഉന്മത്തൻ ഭക്തിപൂർവ്വം എഴുന്നേററു് സ്വഗുരുനാഥനെ തൊഴുതു. അദ്ദേഹം അയാളെ പിടിച്ചിരുത്തി. രണ്ടുപേരും കുറേനേരത്തേയ്ക്കു് ഒന്നും മിണ്ടിയില്ല; എന്നാൽ ധാരധാരയായി ബാഷ്പം ചൊരിഞ്ഞു. ഒടുവിൽ 'ഗോപിനാഥൻ എവിടെ' എന്നു് നായർ ചോദിച്ചു. 'അവൻ സ്കൂളിൽ പോയിരിക്കയാണു്'' എന്നു് ഉന്മത്തൻ മറുപടി പറഞ്ഞു. വീണ്ടും അവർ കുറേനേരത്തേയ്ക്കു മൌനമവലംബിച്ചു.

“അപരാധങ്ങളെല്ലാം ക്ഷമിക്കണം .....എങ്കിലും ഇത്രനാളും എന്നെ ഉപേക്ഷിച്ചല്ലോ” എന്നു് ഉന്മത്തൻ തൻെറ ആശയം പുറത്തു കാട്ടി.

“വാസ്തവത്തിൽ ഞാനും അപരാധിതന്നെ. എന്നാൽ

അന്നു് സമുദ്രതീരത്തിൽവച്ചുണ്ടായ സംഭാഷണം എനിക്കു വല്യതായ ഖേദത്തെ ഉളവാക്കി. ഭൌതികാസക്തി മുഴുത്തു് ഈശ്വരശക്തിയെ നിശ്ശേഷം വിസ്മരിച്ചു് തോന്നിയപോലെ ഉൽപഥഗാമികളായി ജീവിക്കുന്ന ഒരു വലിയ സംഘം ജനതയെ നമുക്കു് ഈ ലോകത്തിൽ കാണാം. അവരുടെ പ്രേരണാശക്തിമൂലം എത്രയോ യുവജനങ്ങൾ അഗ്നിയിൽ വീണു് ശലഭങ്ങൾപോലെ നശിക്കുന്നു! ലോകത്തിൻെറ ഇന്നത്തെ അവസ്ഥ കണ്ടാൽ സംഭ്രമം തോന്നിപ്പോകും! ബുദ്ധിമാനായ ഒരു മനുഷ്യനെ അപഥങ്ങളിൽ സഞ്ചരിപ്പിക്കുന്നതിനു് ഇന്നത്തെ സാഹിത്യം, സിനിമാ തുടങ്ങിയുള്ള കലാപ്രകടനങ്ങൾ മുതലായവപോലും സാഹായ്യകങ്ങളായിരിക്കുന്നു!! മി. ഉന്മത്തൻെറ ജീവിതംതന്നെ സന്മാർഗ്ഗത്തിൽ കൂടി നിയന്ത്രിക്കുന്നതിനു് ഞാനെന്തു ശ്രമംചെയ്തു! അതൊക്കെ നിഷ്ഫലമായി പരിണമിച്ചു. ഉന്മത്തൻ കുറെനാൾ പൊതുജനസേവനത്തിനും ഇറങ്ങി പുറപ്പെട്ടല്ലോ. എന്നിട്ടു ഫലമെന്തായി? ലേശവും മനസ്സാക്ഷിയില്ലാത്ത ചില വ്യക്തികളെയാണു് കൂട്ടുകാരായി സ്വീകരിച്ചതു്. അവരിൽ പ്രധാനിയായ ശേഖരമേനോൻ ഇപ്പോളെവിടെ? അയാൾ കാരാഗൃഹത്തിലാണല്ലേ? രാജ്യമാകെ ഇളക്കിമറിക്കാമെന്നു നിങ്ങൾ വിചാരിച്ചു. കാര്യം കാണാനായി ചുരുക്കം ചിലർ നിങ്ങളെ പ്രസംഗപീഠങ്ങളിലും പത്രപംക്തികളിലും സ്തുതിച്ചു. നിങ്ങൾ സ്വർഗ്ഗപദവിവരെ ഉയന്നു! തോന്നിയതൊക്കെ വേദവാക്യമാണെന്നു് നിങ്ങളും ഭ്രമിച്ചു! നിരപരാധികളായ പല മഹാന്മാരിലും നിങ്ങൾ ശകാരവർഷം ചൊരിഞ്ഞു. പരസ്പരൈകമത്യത്തോടുകൂടി ജീവിച്ചിരുന്ന സമുദായങ്ങൾ തമ്മിൽ ഭിന്നിപ്പിച്ചു് രാജ്യത്തിലെ സമാധാനം നശിപ്പിക്കുന്നതിനും നിങ്ങൾക്കു സാധിച്ചു. കഷ്ടം! ആ ശേഖരമേനോൻെറ ജീവിതരീതി എനിക്കു നല്ലവണ്ണമറിയാം. അയാളെ ഒരു മഹാപുരുഷനാക്കാൻ സ്വാത്ഥോദ്ദേശ്യത്തോടുകൂടി പലരും ശ്രമിച്ചു! ദുഷ്ടന്മാരെ ആരാധി

ക്കാൻ മനുഷ്യജീവികൾക്കു് തോന്നുന്നതല്ലേ അത്ഭുതം!! ഇവരൊക്കെ സമുദായത്തിലെ കരടകന്മാരാണു്. ഇവൎക്കു് കൊലപാതകപ്പുള്ളികൾക്കെന്നോണം കഠിനശിക്ഷനൽകേണ്ടതാണു്!! ഇനി അയാൾ ജയിലിൽനിന്നും പുറത്തുവരുമ്പോൾ അയാളെ പതിനൊന്നാമത്തെ അവതാരമായി ഗണിക്കാനും ഒരു വലിയ ജനസംഘം തയ്യാറായേയ്ക്കാം! കഷ്ടം! നേതൃത്വം, ജനനായകത്വം, എന്നുള്ള പരിശുദ്ധപദവികൾ എത്രമാത്രം ദുഷിച്ചുപോയി. ശരിയായ തൊഴിലില്ലാത്തവൎക്കൊക്കെ നേതാക്കന്മാരായാൽ കൊള്ളാമെന്നൊരാഗ്രഹമുണ്ടാകാം. സൎവ്വസംഗപരിത്യാഗിയും മാതൃകാപരമായ ജീവിതം നയിക്കുന്നവനുമായ ഒരുവൻ മാത്രമാണു് ജനനായകസ്ഥാനത്തെ അൎഹിക്കുന്നതു്. കൊള്ളചെയ്തു് സംഭരിച്ചിട്ടുള്ള ധനത്തിൽ ഒരംശം ഏതെങ്കിലും ഒരു സ്ഥാപനത്തിനു സംഭാവനചെയ്തു് വിവരം പത്രപംക്തികളിൽ പ്രസിദ്ധപ്പെടുത്തി നേതാക്കന്മാരാകാൻ ചിലർ ശ്രമിക്കുന്നു! ചിലർ പരസ്പരം ശകാരവൎഷം - ചിലപ്പോൾ വെറും അസഭ്യമായ രീതിയിൽ—ചൊരിഞ്ഞു് 'പേരു' സമ്പാദിക്കുന്നു! ചിലർ നിയമസഭയിൽ പോയി കേമന്മാരാകാമെന്നു് അദ്ധ്വാനിക്കുന്നു. ചിലർ കാൺഗ്രസ്സിൽ ചേൎന്നാൽ ഉടൻ നായകത്വം സിദ്ധിക്കുമെന്നു ഭ്രമിക്കുന്നു!! എന്നാൽ നിൎവ്യാജമായി ജനങ്ങളുടെ നന്മയെ മാത്രം ലാക്കാക്കിയും സ്വാൎത്ഥചിന്ത കൂടാതെയും, തദ്വിഷയത്തിൽ സ്വന്തം ധനം വ്യയം ചെയ്തും, ആരെയും ഭയപ്പെടാതെ ഉള്ള പരമാൎത്ഥങ്ങൾ പുറത്തു പറഞ്ഞും നല്ല സന്മാൎഗ്ഗനിഷ്ഠയോടും പ്രവൎത്തിക്കുന്ന നേതാക്കന്മാർ നമ്മുടെ നാട്ടിൽ എത്രപേരുണ്ടു്? പറയുക ........ഒന്നോ രണ്ടോ കണ്ടേക്കാം. ഇങ്ങനെ ദുഷിച്ച ഒരന്തരീക്ഷത്തിൽ മുഴുകിയത്രേ പലരും നശിക്കുന്നതു്....... അതു പോകട്ടെ, ഞാൻ കുറേക്കാലമായി ഉന്മത്തനു് എഴുത്തുകളയയ്ക്കുകപോലും ചെയ്യാഞ്ഞതിന്റെ കാരണമെന്തെന്നു ചോദിക്കുമായിരിക്കാം. എനിക്കു തക്കതായ സമാധാ

നമുണ്ടു്. യൌവനമദം നമ്മെ പല അപകടങ്ങളിലും ചാടിക്കുന്നു. നാം ചെയ്യുന്നതെല്ലാം ശരിയാണെന്നു നാം മനഃപൂർവ്വം വിശ്വസിക്കുന്നു! സ്തുതിവചനങ്ങളിൽ താല്പര്യമുള്ളവരായിരിക്കുന്നു; അനീതി ചെയ്യുന്നതിനു മടിക്കുന്നില്ല; ഭൌതികസുഖങ്ങളിൽ ഭ്രമിക്കുന്നു; കുന്നിന്മേൽ കുരു എന്നപോലെ ധാരാളം ധനവും നമുക്കു സ്വാധീനമായാൽ വരുന്ന ആപത്തുകളും അനവധിയാണു്; പലരും നമ്മെ ആരാധിച്ചുതുടങ്ങും; നമ്മുടെ കുററങ്ങൾ ചൂണ്ടിപ്പറവാനാരും കാണുകയില്ല; അഥവാ ആരെങ്കിലും അതിനുദ്യമിച്ചാൽ നമുക്കു് അവരോടു് ബദ്ധവിരോധമാണു തോന്നുക; ഇങ്ങനെയുള്ള അവസരങ്ങളിലാണു് ചില സംഗതികളെപ്പററി ഉന്മത്തനോടുപദേശിക്കാൻ എനിക്കിടയായതു്. ആ ഉപദേശം കേവലം നിഷ്ഫലമായി പരിണമിക്കയും ചെയ്തു!"

'കേവലം നിഷ്ഫലങ്ങളല്ല. അവയൊക്കെ പൂർണ്ണഫലപ്രദങ്ങളായിത്തീരും' എന്നു് ഉന്മത്തൻ ഇടയ്ക്കു പറഞ്ഞു.

"കഷ്ടകാലത്തിന്റെ ആരംഭദശയിലാണു് മനുഷ്യൻ ഈശ്വരശക്തിയെ നിശ്ശേഷം വിസ്മരിക്കുന്നതു്. അചിന്ത്യമായ ആ ശക്തിയെപ്പററി വിവിധമതകർത്താക്കളുടെ അഭിപ്രായഗതികളെ പരിഷ്കൃതലോകം ശാസ്ത്രാലോകനപാടവത്തോടുകൂടി പരിശോധിച്ചിട്ടു എന്തുതന്നെ പറഞ്ഞാലും, ഇന്നേവരെ ആർക്കും അപരിച്ഛേദ്യമായ ഒരു മഹച്ഛക്തി ലോകം ഭരിച്ചുകൊണ്ടുപോകുന്നുണ്ടെന്നുള്ളതു് നിരസിക്കാൻ സാധിക്കുകയില്ല. അതിൽ അവിശ്വാസം ജനിക്കുമ്പോൾ നാം ആത്മാവിനെ തീരെ വിസ്മരിക്കുന്നു! ആത്മാവിനെ വിസ്മരിച്ച ഒരുവന്റെ ഹൃദയത്തിൽ അഴുക്കുപിടിച്ച കണ്ണാടിയിൽ സൂര്യരശ്മികളെന്നപോലെ സദുപദേശങ്ങൾ പ്രവേശിക്കയില്ല!! വാസവദത്തയെ ഉപദേശിക്കാൻ ബുദ്ധഭിക്ഷുവായ ഉപഗുപ്തൻ അന്ത്യകാലംവരെ കാത്തിരുന്നതിന്റെ രഹസ്യവും

ഇതുതന്നെ! തമോഗുണപ്രധാനമായി, ധനതൃഷ്ണയിലും മററു
ള്ള ഭൌതികൈശ്വൎയ്യങ്ങളിലും ഭ്രമിച്ച്, ജീവിതോദ്ദേശ്യ
ത്തെപ്പററി ഒരു നിമിഷംപോലും ചിന്തിക്കാതിരിക്കുന്ന
മനസ്സ് നല്ലവണ്ണം തപിച്ചെങ്കിൽമാത്രമേ അതിന്നു മുക്തി
സിദ്ധിക്കയുള്ളു. അതിന്നത്രേ 'കഷ്ടകാലം' എന്നൊന്ന്
ആ സച്ചിന്മയൻ ഏൎപ്പെടുത്തിയിട്ടുള്ളതും. 'കൎമ്മഫലം'
എന്നു പറയുന്നതു് പൂൎവ്വജന്മാൎജ്ജിതം എന്നു വ്യവഹരിക്കു
ന്നതിനെക്കാൾ ഇഹത്തിൽവച്ച് നാം ചെയ്യുന്ന കൎമ്മങ്ങ
ളുടെ ഫലം എന്നു ധരിക്കുന്നതായിരിക്കും ഭേദമെന്നു തോ
ന്നുന്നു......(ഉന്മത്തന്റെ മുഖത്ത് സൂക്ഷിച്ചു നോക്കീട്ട്)
പരിഭവിക്കരുതു്. ഞാൻ ഒന്നുരണ്ടു കാൎയ്യങ്ങൾ പറഞ്ഞു
കൊള്ളട്ടെ. സത്യം കൈവെടിഞ്ഞു് നാം സമ്പാദിക്കുന്ന
ധനം പെട്ടെന്ന് നശിക്കുമെന്നുള്ള പാഠം ഉന്മത്തൻ പഠി
ച്ചില്ലേ? എങ്ങനെയെങ്കിലും ധനം സംഭരിച്ചാൽ ലോകം
നമുക്ക് കൂടുതൽ വില കല്പിക്കുമെന്ന് സമുദ്രതീരത്തിൽ
വച്ച് നിങ്ങൾ എന്നെ ഉപദേശിച്ചതോൎക്കുന്നുണ്ടോ? അ
തിന്നു ഞാൻ പറഞ്ഞ സമാധാനം അന്ന് അല്പമെങ്കിലും
സ്വീകാൎയ്യമായിത്തോന്നിയോ? ഇല്ല! സ്ഥാനവലിപ്പമുള്ള
പല 'മഹാ'ന്മാരുമായി സഹവസിക്കുന്ന ഒരാൾ അവരുടെ
ഉപദേശങ്ങളെ പിൻതുടരുന്നതും സൎവ്വസാധാരണമാണ്.
സാധുവായ മാധവൻനായരുടെ കഥ ശുഷ്കതൃണപ്രായമാ
യിട്ടുമാത്രമേ കരുതാനിടയുള്ളു. സാഹിത്യപരിശ്രമത്തിലും
എന്റെ ഉപദേശം ഉന്മത്തന് രസിച്ചില്ല? അന്നത്തെ
'കവിത' അതേരൂപത്തിൽ പ്രസിദ്ധംചെയ്തതു് നന്നായില്ലെ
ന്ന് ഇപ്പോൾ തോന്നുന്നില്ലേ?"

"നിശ്ചയമായും തോന്നുന്നു. എന്തുചെയ്യാം? എന്റെ
ബുദ്ധി അന്ന് മരവിച്ചിരുന്നു. അങ്ങു പറയുന്നതു പര
മാൎത്ഥംതന്നെയാണ്."

"എന്തെങ്കിലും കഴിഞ്ഞതൊക്കെ പോകട്ടെ. ഭൂതകാ
ലചിന്തകൊണ്ടു് മനസ്സിനെ ക്ലേശിപ്പിക്കണ്ട."

"ഇനി എനിക്കെന്തൊരു ക്ലേശമാണ്? ഈശ്വരസേവയിൽ കാലശേഷം കഴിക്കണം. അത്രേ ഉള്ളൂ."

'അതു നല്ലതുതന്നെ. എന്നാൽ ഉപജീവനത്തിനു ഏതെങ്കിലും പ്രവൃത്തി ചെയ്ത് സത്യസന്ധനായി ജീവിക്കുക. ഗോപിനാഥൻ ഇതേവരെ സ്കൂളിൽനിന്നും വന്നില്ലല്ലോ. ആകട്ടെ; ഞാൻ പിന്നീടു കണ്ടുകൊള്ളാം. ഈശ്വരൻ സഹായിക്കും; വന്ദനം."

"പ്രിയഗുരോ! സകല അപരാധങ്ങളും ക്ഷമിക്കാൻ ഞാനൊന്നുകൂടി പ്രാർത്ഥിക്കുന്നു. വന്ദനം." മാധവൻനായർ കൃതാർത്ഥനായി യാത്രയായി. വഴിമദ്ധ്യേ അദ്ദേഹം സ്കൂളിൽ ചെന്ന് ഗോപിനാഥനെക്കണ്ടു് പലതും ഉപദേശിച്ചിട്ടാണ് സ്വദേശത്തേയ്ക്കു തിരിച്ചതു്.

..............................................................................

..............................................................................

വർഷം മൂന്നു കഴിഞ്ഞു. മാധവൻനായർ ചിദംബരം ക്ഷേത്രത്തിനു സമീപമുള്ള തൻെറ ഭവനത്തിൽ പത്രപാരായണത്തിൽ മുഴുകിയിരിക്കയായിരുന്നു. അദ്ദേഹം യദൃച്ഛയാ രാജവീഥിയിലേയ്ക്കു നോക്കി. അത്ഭുതപരതന്ത്രനായ നായർ ഉടൻ എഴുന്നേററു് ദ്രുതഗതിയിൽ ഗേററിനു പുറത്തുവന്ന് അവിടെക്കണ്ട കാഷായവസ്ത്രധാരിയെ സസ്നേഹം ആലിംഗനം ചെയ്ത് ഗൃഹത്തിനുള്ളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അതു മററാരുമല്ല, ഭാരതഭൂമിയിലുള്ള പ്രധാന ക്ഷേത്രങ്ങൾ പലതും സന്ദർശിച്ച് മടങ്ങിവന്നിരുന്ന ഉണ്ണിത്താൻതന്നെയായിരുന്നു.

ശുഭം.

P/1382

240338

# ഊത്തൻ

★

കെ. എൻ. ഗോപാലപ്പിള്ള